# കേരള സർക്കാർ

## കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

## നാവായിക്കുളം ഗ്രാമപഞ്ചായത്ത്

## ഓഡിറ്റ് റിപ്പോർട്ട്

2021-2022



കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
തിരുവനന്തപുരം.-695001

ഇ-മെയിൽ: lfadtvm@yahoo.in

ഫോൺ : 0471-2331231

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ടു സഹിതം)

നമ്പർ: കെ.എസ്.എ.റ്റി.വി.എം/ജി.പി.12/340/2023

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
തിരുവനന്തപുരം.-695001
തീയ്യതി: 20/03/2023
ഇ-മെയിൽ: lfadtvm@yahoo.in
ഫോൺ: 0471-2331231

ഡെപ്യൂട്ടി ഡയറക്ടർ(ഹ.ഗ്രേ)

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
നാവായിക്കുളം ഗ്രാമപഞ്ചായത്ത്

സർ,

വിഷയം : നാവായിക്കുളം ഗ്രാമപഞ്ചായത്തിന്റെ 2021-2022 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം നാവായിക്കുളം ഗ്രാമപഞ്ചായത്തിന്റെ 2021-2022 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1ലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ(ഹ.ഗ്രേ)

പകർപ്പ്:

1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉ.പ.സ),
2) പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, തിരുവനന്തപുരം.
3) കാര്യാലയ പകർപ്പ്.

നമ്പർ: കെ.എസ്.എ.റ്റി.വി.എം/ജി.പി.12/340/2023 തീയ്യതി: 20/03/2023

## തിരുവനന്തപുരം ജില്ലയിലെ നാവായിക്കുളം ഗ്രാമപഞ്ചായത്തിന്റെ 2021-2022 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

തിരുവനന്തപുരം ജില്ലയിലെ നാവായിക്കുളം ഗ്രാമപഞ്ചായത്തിന്റെ 2021-2022 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 01-04-2021 മുതൽ 31-03-2022 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്,അവയുടെ ഒടുക്ക്,വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട് 47 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 27 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽമേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

## (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീമതി ശ്രീജ കെ | ഡെപ്യൂട്ടി ഡയറക്ടർ | 08-02-2023 | 17-02-2023 |

ഓഡിറ്റിന് വിനിയോഗിച്ച സമയം :

| തീയതി (മുതൽ) | തീയതി (വരെ) |
|---|---|
| 08-02-2023 | 17-02-2023 |

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:

ശ്രീമതി സിന്ധു പി എസ്, ഓഡിറ്റ് ഓഫീസർ
ശ്രീമതി ശ്രീദേവി എസ്, സീനിയർ ഗ്രേഡ് ഓഡിറ്റർ
ശ്രീ അൻവർ രാജ് എം, സീനിയർ ഗ്രേഡ് ഓഡിറ്റർ
ശ്രീ ദിനു റ്റി എസ്, ഓഡിറ്റർ

## (ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീമതി ബേബി രവീന്ദ്രൻ | പ്രസിഡന്റ് | 01-04-2021 | 31-03-2022 |
| ശ്രീ ബൽജിത്ത് ജീവൻ | സെക്രട്ടറി | 01-04-2021 | 03-01-2022 |
| ശ്രീ സുധീരൻ എം എസ് | സെക്രട്ടറി | 04-01-2022 | 31-03-2022 |

## നിർവ്വഹണഉദ്യോഗസ്ഥർ

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീ രാജേഷ് | കൃഷി ഓഫീസർ | 01-04-2021 | 28-07-2021 |
| ശ്രീമതി ധന്യ കൃഷ്ണൻ | കൃഷി ഓഫീസർ | 29-07-2021 | 31-03-2022 |
| ശ്രീമതി ശ്രീജകുമാരി എ | ICDS സൂപ്പർവൈസർ | 01-04-2021 | 15-11-2021 |
| ശ്രീമതി മറിയ എം ബേബി | ICDS സൂപ്പർവൈസർ | 16-11-2021 | 31-03-2022 |
| ഡോ സൈവ വി എസ് | മെഡിക്കൽ ഓഫീസർ, ആയുർവേദം | 01-04-2021 | 31-03-2022 |
| ഡോ ഷീബറാണി | മെഡിക്കൽ ഓഫീസർ, ഹോമിയോ | 01-04-2021 | 31-03-2022 |
| ഡോ ബിന്ദു എ | വെറ്ററിനറി സർജൻ | 01-04-2021 | 31-03-2022 |
| ഡോ ഷാനിൻ ബാവ | മെഡിക്കൽ ഓഫീസർ, PHC | 01-04-2021 | 06-09-2021 |
| ഡോ സുരേഷ് കുമാർ എസ് | മെഡിക്കൽ ഓഫീസർ, PHC | 07-09-2021 | 31-03-2022 |
| ശ്രീ നജീബ് | അസിസ്റ്റന്റ് സെക്രട്ടറി | 01-04-2021 | 06-03-2022 |
| ശ്രീ ഷെറി എൽ | അസിസ്റ്റന്റ് സെക്രട്ടറി | 07-03-2022 | 31-03-2022 |
| ശ്രീമതി ജിജി എ | അസിസ്റ്റന്റ് എഞ്ചിനിയർ | 01-04-2021 | 02-11-2021 |
| ശ്രീ പ്രമോദ് പി | അസിസ്റ്റന്റ് എഞ്ചിനിയർ | 03-11-2021 | 13-12-2021 |
| ശ്രീ കൈലാസ് എസ് | അസിസ്റ്റന്റ് എഞ്ചിനിയർ | 14-12-2021 | 31-03-2022 |
| ശ്രീ സന്തോഷ് രാജ് എസ് | ഡയറി ഫാം ഇൻസ്ട്രക്ടർ | 01-04-2021 | 31-03-2022 |
| ശ്രീമതി പ്രസന്നകുമാരി അമ്മ | ഹെഡ്മിസ്ട്രസ്സ് | 01-04-2021 | 31-03-2022 |
| ശ്രീ അജു അലക്സ് | വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ I | 01-04-2021 | 31-03-2022 |
| ശ്രീ ഷിബു എ | വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ II | 01-04-2021 | 31-03-2022 |

## ഉള്ളടക്കം


| ക്രമ നം | ഭാഗം **1** | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ബജറ്റ് | 1-1 |
| 2 | ബജറ്റ് രൂപീകരണം - അപാകതകൾ | 1-1-1 |
| 3 | വാർഷിക ധനകാര്യപത്രിക | 1-2 |
| 4 | വാർഷിക ധനകാര്യ പത്രിക -അപാകതകൾ | 1-2-1 |
| 5 | ഗ്രാന്റ് വിനിയോഗം | 1-3 |
| 6 | പദ്ധതി അവലോകനം | 1-4 |
| 7 | ക്ഷേമ പദ്ധതികൾ | 1-5 |
| 8 | പെൻഷൻ മരണശേഷവും ബാങ്ക് അക്കൗണ്ടുകളിൽ നിക്ഷേപിച്ചു | 1-5-1 |
| 9 | ക്യാഷ് ബാലൻസ് പരിശോധന | 1-6 |
| 10 | ആഭ്യന്തരനിയന്ത്രണം | 1-7 |
| 11 | തൊഴിലുറപ്പ് പദ്ധതി, 2021-' 22 | 1-8 |
| 12 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം | 1-9 |
| 13 | വസ്തുനികുതി - അപാകതങ്ങൾ | 1-10 |
| 14 | തൊഴിൽ നികുതി - ഓഡിറ്റ് നിർദ്ദേശങ്ങൾ പാലിക്കേണ്ടതാണ്. | 1-11 |
| 15 | റേഷൻകടകളിൽ നിന്നും FATEAOS ലൈസൻസ്,തൊഴിൽ നികുതി എന്നിവ ഈടാക്കിയില്ല | 1-12 |
| 16 | ലൈസൻസ് രജിസ്റ്ററിലെ സ്ഥാപനങ്ങളെല്ലാം ട്രേഡേഴ്സ് ലിസ്റ്റിൽ ഉൾപ്പെടുത്തിയിട്ടില്ല. | 1-13 |
| 17 | ട്രേഡേഴ്സ് ലിസ്റ്റ് കാലികമാക്കേണ്ടതാണ്. | 1-14 |
| 18 | നിയമാനുസൃത മെഷീൻ ഫീസ് ഈടാക്കിയിട്ടില്ല | 1-15 |
| 19 | ലൈബ്രറി പ്രവർത്തനസജ്ജമാക്കേണ്ടതാണ്. | 1-16 |
| 20 | സാക്ഷരതാ പ്രേരകിന് അനുവദിച്ച ഹോണറേറിയം തുക തിരികെ ലഭിച്ചിട്ടില്ല | 1-17 |
| 21 | ദുരിതാശ്വാസനിധി രൂപീകരിച്ചിട്ടില്ല | 1-18 |
| 22 | കമ്മിറ്റി രൂപീകരണം സംബന്ധിച്ച് | 1-19 |
| 23 | ന്യൂലൈഫ് ഭവന പദ്ധതി - സർക്കാർ നിർദ്ദേശങ്ങൾ പാലിച്ച് പദ്ധതി നടപ്പാക്കേണ്ടതാണ് | 1-20 |
| 24 | ഭവനപുനരുദ്ധാരണത്തിനായുള്ള പദ്ധതികൾ - വ്യക്തമായ രേഖകളില്ലാത്തതിനാൽ 5575000/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു | 1-21 |
| 25 | വയബിലിറ്റി ഗ്യാപ് ഫണ്ട് - രേഖകൾ ലഭ്യമല്ലാത്തതിനാൽ 92460/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു | 1-22 |

| | | |
|---|---|---|
| 26 | പൊതുടാപ്പുകളുടെ കൃത്യമായ കണക്ക് ലഭ്യമല്ല – തനതു ഫണ്ടിന് നഷ്ടം സംഭവിക്കുന്നു | 1-23 |
| 27 | പരിസ്ഥിതി സംരക്ഷണത്തിന് നടപടികൾ സ്വീകരിക്കണം | 1-24 |
| 28 | നിക്ഷേപ പ്രവൃത്തികൾ - വിനിയോഗസാക്ഷ്യപത്രം ലഭ്യമല്ല – 5804377/- രൂപ ചെലവ് തടസ്സപ്പെടുത്തുന്നു | 1-25 |
| 29 | തെരുവുവിളക്ക് പുനരുദ്ധാരണം - പദ്ധതി നിർവ്വഹണത്തിലെ അപാകതകൾ | 1-26 |
| 30 | ബഡ്സ് സ്കൂൾ ഭൗതിക സാഹചര്യം മെച്ചപ്പെടുത്തേണ്ടതാണ് | 1-27 |
| 31 | വാഹനങ്ങളുടെ വിവരങ്ങൾ "VEELS”ൽ രേഖപ്പെടുത്തിയിട്ടില്ല | 1-28 |
| 32 | മൃഗാശുപത്രിക്ക് കമ്പ്യൂട്ടർ, അനുബന്ധ ഉപകരണങ്ങൾ വാങ്ങൽ - സ്റ്റോക്ക് രജിസ്റ്ററിൽ വിവരങ്ങൾ രേഖപ്പെടുത്തിയിട്ടില്ല | 1-29 |
| 33 | ഓഡിറ്റ് റിപ്പോർട്ട് രജിസ്റ്റർ പൂർണമല്ല | 1-30 |
| 34 | ജനകീയ ഹോട്ടൽ - വാടക കരാറിൽ 'വാടക' രേഖപ്പെടുത്തിയിട്ടില്ല | 1-31 |
| 35 | മുന്നൊരുക്കമില്ലാത്ത പദ്ധതി രൂപീകരണം - പദ്ധതി ഉപേക്ഷിച്ചു | 1-32 |
| 36 | ഭവന പുനരുദ്ധാരണം - പദ്ധതി നടത്തിപ്പിലെ അപാകങ്ങൾ | 1-33 |
| 37 | ലൈഫ് ഭവന പദ്ധതി - വിവിധ അപാകങ്ങൾ | 1-34 |
| 38 | ലൈഫ് ഭവന പദ്ധതി- ഭൂമി വാങ്ങി നൽകിയ ശേഷം ഭവന നിർമ്മാണം ആരംഭിച്ചിട്ടില്ല | 1-35 |
| 39 | കൃഷി ഓഫീസിലേക്ക് കമ്പ്യൂട്ടറും പ്രിന്ററും വാങ്ങൽ | 1-36 |
| 40 | ചട്ടപ്രകാരമുള്ള രജിസ്റ്റർ/രേഖകൾ യഥാവിധി പരിപാലിക്കുന്നില്ല | 1-37 |
| 41 | നോൺ അവയബിലിറ്റി സർട്ടിഫിക്കറ്റ് ലഭ്യമാക്കിയിട്ടില്ല | 1-38 |
| 42 | മരുന്നിന്റെ സബ് സ്റ്റോക്ക് രജിസ്റ്ററുകൾ പരിശോധനയ്ക്ക് ലഭ്യമാക്കിയില്ല | 1-39 |
| 43 | ലോഗ് ബുക്ക് പരിശോധന | 1-40 |
| 44 | ആസ്തി സംരക്ഷണത്തിന് നടപടികൾ സ്വീകരിക്കേണ്ടതാണ് | 1-41 |
| 45 | അസിസ്റ്റന്റ് എഞ്ചിനിയർ നിർവ്വഹണം നടത്തിയ പ്രോജക്ടുകളുടെ പൊതുവായ അപാകതകൾ | 1-42 |
| 46 | GST സെൽഫ് ഡിക്ലറേഷൻ ഫോം ഹാജരാക്കിയിട്ടില്ല | 1-43 |
| 47 | ഇ-ടെണ്ടർ-ടെണ്ടർഫോറം വില പഞ്ചായത്തിൽ ഒടുക്കിയിട്ടില്ല | 1-44 |
| 48 | 28-ാംമൈൽ മാർക്കറ്റിൽ നിർമ്മിച്ച ഓട, മലിനജല സംസ്കരണ യൂണിറ്റ് എന്നിവ മണ്ണു മൂടിയ നിലയിൽ- പദ്ധതിപ്പണം പാഴാകുന്നു | 1-45 |
| 49 | എല്ലാ വാർഡുകളിലും മിനി എംസിഎഫ് സ്ഥാപിക്കേണ്ടതാണ്. | 1-46 |
| 50 | എസ്എൻവിഎൽപിഎസ് ഇടമൺനിലയിൽ നിർമ്മിച്ച ടോയ്‌ലറ്റ് ബ്ലോക്ക് - ഉപയോഗിക്കാതെ പൂട്ടിയിട്ടിരിക്കുന്നു | 1-47 |


ഭാഗം **2**

| | | |
|---|---|---|
| --- No Records Found --- | | |
| ഭാഗം **3** | | |
| --- No Records Found --- | | |
| ഭാഗം **4** | | |
| 1 | സംയുക്തപ്രോജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം | 4-1 |
| 2 | നിക്ഷേപ പ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ | 4-2 |
| 3 | മൊബിലൈസേഷൻ അഡ്വാൻസ് | 4-3 |
| 4 | വായ്പ/വായ്പാ തിരിച്ചടവ് | 4-4 |
| 5 | സ്ഥിരനിക്ഷേപങ്ങൾ | 4-5 |
| 6 | ഓഡിറ്റ് റിക്കവറി | 4-6 |
| 7 | സമാഹൃത ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളുടെ വിവരം | 4-7 |
| 8 | ചാർജ്ജ് സർചാർജ്ജ് നടപടികളുടെ വിവരം | 4-8 |
| 9 | ഓഡിറ്റ് പ്രത്യവലോകനം | 4-9 |
| 10 | തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ | 4-10 |
| അനുബന്ധം | | |
| 1 | ഓഡിറ്റ് സാക്ഷ്യപത്രം | |
| 2 | ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം | |

# ഭാഗം -1
# പൊതു അവലോകനം

## 1-1 ബജറ്റ്

1994-ലെ കേരള പഞ്ചായത്ത് രാജ് ആക്ട് 175(1) വകുപ്പ് പ്രകാരം ഗ്രാമപഞ്ചായത്ത് ഓരോ വർഷാവസാനത്തിനു മുൻപും അടുത്ത വർഷത്തേക്കുള്ള വാർഷിക വികസന പദ്ധതി തയ്യാറാക്കേണ്ടതും വകുപ്പ് 214(1) പ്രകാരം ആയത് ബജറ്റിൽ ഉൾക്കൊള്ളിക്കേണ്ടതുമാണ്. സ.ഉ(സാധാ)നം.3291/2016/ തസ്വഭവ തിയ്യതി 02.12.2016 ഉത്തരവ് പ്രകാരം അംഗീകരിച്ച 'കേരളത്തിലെ ഗ്രാമപഞ്ചായത്തുകൾക്ക് ബഡ്ജറ്റ് തയ്യാറാക്കുന്നതിനുള്ള മാന്വൽ' അനുസരിച്ച് സർക്കാർ അതതു സമയങ്ങളിൽ പുറപ്പെടുവിക്കുന്ന പദ്ധതി നിർദ്ദേശങ്ങൾക്ക് വിധേയമായി വാർഷിക വികസന പദ്ധതി തയ്യാറാക്കേണ്ടതാണ്. അംഗീകരിക്കപ്പെട്ട പദ്ധതി നിർദ്ദേശങ്ങൾ ബജറ്റിന്റെ ഭാഗമാക്കേണ്ടതാണ്. പദ്ധതിയേതര നിർദ്ദേശങ്ങൾ സമർപ്പിക്കുന്നതും ക്രോഡീകരിക്കുന്നതും ബജറ്റ് തയ്യാറാക്കലും സംബന്ധിച്ച് മാന്വൽ പ്രകാരം പാലിക്കേണ്ട നടപടി/സമയക്രമങ്ങൾ നിശ്ചയിച്ചിട്ടുണ്ട്. ഗ്രാമപഞ്ചായത്തിന്റെ 2021-22 വാർഷിക ബജറ്റ് 17.02.2021 ലെ സാധാരണ യോഗം 1/1 നമ്പർ തീരുമാനം പ്രകാരം അംഗീകരിച്ചു.

ബജറ്റ് സംക്ഷിപ്തം ചുവടെ ചേർക്കുന്നു (റിവൈസ്ഡ്).

| | |
|---|---|
| മുന്നിരിപ്പ് | 61589231 |
| വരവ് | 312680116 |
| ആകെ | 374269347 |
| ചെലവ് | 312818950 |
| നീക്കിയിരിപ്പ് | 61450397 |

2021-22 ലെ പുതുക്കിയ ബജറ്റ് 11.03.2022 ലെ സാധാരണ യോഗം 1/1 നമ്പർ തീരുമാനം പ്രകാരം അംഗീകരിച്ചിട്ടുണ്ട്.

### 1-1-1 ബജറ്റ് രൂപീകരണം - അപാകതകൾ

1. 02.12.2016 ലെ ജി.ഒ(ആർ.റ്റി) നം. 3291/16/എൽ.എസ്.ജി.ഡി ഉത്തരവ് പ്രകാരം പാസാക്കിയിട്ടുള്ള ഗ്രാമപഞ്ചായത്തുകളുടെ ബജറ്റ് സംബന്ധിച്ച ഫിനാൻസ് മാനേജ്മെന്റ് മാന്വൽ ഖ.3.1(ii) പ്രകാരം വാർഷിക ബജറ്റുമായി ബന്ധപ്പെട്ട് താഴെപ്പറയുന്ന പ്രധാന രേഖകൾ ബജറ്റ് ഡോക്യുമെന്റ് ആയി പ്രത്യേകം ഫയലിൽ സൂക്ഷിക്കേണ്ടതുണ്ട്.
1. ബജറ്റ് പ്രസംഗം

2. ബജറ്റ് കുറിപ്പുകൾ (Annexure 6)

3. പെർഫോമൻസ് ബജറ്റ് (Annexure 10)

4. ജെൻഡർ ബജറ്റ് (Annexure 11)

5. ബജറ്റ് പത്രികകളും ബജറ്റ് ഷെഡ്യൂളുകളും

എന്നാൽ മേൽപ്പറഞ്ഞവ പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല.

2. 02.12.2016 ലെ ജി.ഒ(ആർ.റ്റി) നം. 3291/16/എൽ.എസ്.ജി.ഡി ഉത്തരവ് പ്രകാരം ഗ്രാമപഞ്ചായത്തുകളുടെ ബജറ്റ് സംബന്ധിച്ച ഫിനാൻസ് മാനേജ്മെന്റ് മാന്വൽ സർക്കാർ അംഗീകരിക്കുകയുണ്ടായി. ആയത് പ്രകാരം എല്ലാ നിർവ്വഹണ ഉദ്യോഗസ്ഥരും എല്ലാ മാസവും 5-ാം തീയതിയ്ക്ക് മുൻപായി മാസം തോറുമുള്ള അവലോകന റിപ്പോർട്ടും വിനിയോഗ സാക്ഷ്യപത്രവും ഹാജരാക്കേണ്ടതും, അതിന്റെ അടിസ്ഥാനത്തിൽ പട്ടിക 4-1, 4-2 എന്നിവ പ്രകാരം വരുമാനവും ചെലവും സംബന്ധിച്ച് മാസം തോറുമുള്ള അവലോകന റിപ്പോർട്ട് സെക്രട്ടറി ഗ്രാമപഞ്ചായത്തിന്റെ ഫിനാൻസ് സ്റ്റാന്റിംഗ് കമ്മിറ്റി മുമ്പാകെ സമർപ്പിക്കേണ്ടതും, എല്ലാ മാസവും 10-ാം തീയതിക്ക് മുൻപായി ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി മാസം തോറുമുള്ള അവലോകനം നിർവ്വഹിക്കേണ്ടതായിട്ടുണ്ട്. പ്രസ്തുത അവലോകനത്തിന്റെ അടിസ്ഥാനത്തിൽ വിഭവ സമാഹരണത്തിന്റെയും ചെലവിന്റെയും പുരോഗതി സംബന്ധിച്ച പുരോഗതി റിപ്പോർട്ട് (മേൽ മാതൃകയിൽ) ഗ്രാമപഞ്ചായത്തിൽ സമർപ്പിക്കേണ്ടതും ആയത് ഒരു അജണ്ടയാക്കി ഗ്രാമപഞ്ചായത്ത് മീറ്റിംഗിൽ ചർച്ചയ്ക്ക് വിധേയമാക്കേണ്ടതുമാണ്. കൂടാതെ പ്രസിഡന്റ് മാസം തോറും നിർവ്വഹണ ഉദ്യോഗസ്ഥരുടെ ഒരു യോഗം കൂടേണ്ടതും നിർവ്വഹണ പുരോഗതി വിലയിരുത്തേണ്ടതും അടുത്ത മാസത്തെ പ്രവർത്തന പദ്ധതി ചർച്ച ചെയ്യേണ്ടതുമാണ്. മാസം തോറുമുള്ള അവലോകനം സെക്രട്ടറി ഏകോപിക്കേണ്ടതുമാണ് [ബജറ്റ് മാന്വൽ ഖണ്ഡിക 4-4]. ബജറ്റിന്റെ പ്രതിമാസ അവലോകനം ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി നടത്തിയതായി മിനിട്ട്സിൽ രേഖപ്പെടുത്തിയിട്ടില്ല. ബജറ്റിന്റെ പ്രതിമാസ അവലോകനവുമായി ബന്ധപ്പെട്ട് നടത്തിയ പ്രവർത്തനങ്ങളുടെ രേഖകൾ പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല.

3. 02.12.2016 ലെ ജി.ഒ(ആർ.റ്റി) നം. 3291/16/എൽ.എസ്.ജി.ഡി ഉത്തരവ് പ്രകാരം മേൽ വിവരിച്ച ഒരു മാതൃകയിൽ

വരുമാനം/ചെലവ് സംബന്ധിച്ച വാർഷിക വിവരങ്ങൾ തയ്യാറാക്കി എല്ലാ വർഷവും ഏപ്രിലിൽ ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി ഒരു വാർഷിക അവലോകനം നിർവ്വഹിക്കേണ്ടതും തുടർന്ന് സ്റ്റാന്റിംഗ് കമ്മിറ്റി ശുപാർശകൾ സഹിതം വാർഷിക അവലോകന റിപ്പോർട്ട് ഗ്രാമപഞ്ചായത്ത് മുമ്പാകെ അവതരിപ്പിക്കേണ്ടതാണെന്ന് ബജറ്റ് മാന്വൽ ഖണ്ഡിക 4-5 വ്യക്തമാക്കുന്നു. പ്രതിമാസമുള്ളതും, വാർഷികവുമായ റിപ്പോർട്ടുകൾ പരിഗണിച്ച് ധനസമാഹരണം സംബന്ധിച്ചും സെക്രട്ടറി അടക്കമുള്ള നിർവ്വഹണ ഉദ്യോഗസ്ഥർക്ക് ആവശ്യമായ തുടർനിർദ്ദേശം ഗ്രാമപഞ്ചായത്ത് നൽകേണ്ടതാണെന്ന് ബജറ്റ് മാന്വൽ ഖണ്ഡിക 4-5(xi) വ്യക്തമാക്കുന്നു. ഇപ്രകാരമുള്ള അവലോകനം നടത്തിയതായി ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി മിനിട്ട്സിലും ജനറൽ കമ്മറ്റി മിനിട്ട്സിലും രേഖപ്പെടുത്തിയിട്ടില്ല. ബജറ്റിന്റെ വാർഷിക അവലോകനവുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾ നടത്തിയതിന്റെ രേഖകളും പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല.

4. ബജറ്റ് തയ്യാറാക്കുന്നതിനായി തദ്ദേശഭരണസ്ഥാപനത്തിന്റെ നിയന്ത്രണത്തിലുള്ള കൈമാറിക്കിട്ടിയ സ്ഥാപന മേധാവികൾ ഒരു വർഷത്തേക്കുള്ള കണ്ടിജൻസി ചെലവുകൾ (കറണ്ട് ചാർജ്, വാട്ടർ ചാർജ്, വാടക, കൺസ്യൂമബിൾസ്, സ്റ്റേഷനറി, പോസ്റ്റേജ്, ടെലഫോൺ, ഇന്റർനെറ്റ്, ചാർജ്) തുടങ്ങിയ ഓഫീസ് ചെലവുകളുടെ ആവശ്യകത പട്ടിക രൂപത്തിൽ തയ്യാറാക്കി സമർപ്പിക്കേണ്ടതാണ്. എന്നാൽ ഘടകസ്ഥാപനങ്ങളിൽ നിന്നും ലഭിച്ച ആവശ്യകതാ പട്ടിക പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല.

മേൽ അപാകത സംബന്ധിച്ച നൽകിയ ഓഡിറ്റ് അന്വേഷണം നം. 18/14.02.23 ന് ലഭ്യമാക്കിയ മറുപടി പ്രകാരം ആവശ്യപ്പെട്ട രേഖകൾ ഓഡിറ്റിന് സമർപ്പിക്കുന്നതായി രേഖപ്പെടുത്തിയിട്ടുണ്ടെങ്കിലും പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല. കൂടാതെ ബജറ്റിന്റെ പ്രതിമാസ അവലോകനം നടത്തുന്നതായി അറിയിച്ചിട്ടുണ്ട്. എന്നാൽ ആയതിന്റെ രേഖകൾ ലഭ്യമാക്കിയിട്ടില്ല. വാർഷിക അവലോകനം ഇനിമേൽ നടപ്പിലാക്കുന്നതാണെന്നും അറിയിച്ചിരിക്കുന്നു.

## 1-2 വാർഷിക ധനകാര്യപത്രിക

| വാർഷിക ധനകാര്യ പത്രിക ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി |
|---|---|
| 31.07.2022 | 27.07.2022 |

വാർഷിക ധനകാര്യ പത്രിക പരിശോധനയിൽ കണ്ടെത്തിയ അപാകതകൾ ഉപഖണ്ഡികയായി ഉൾപ്പെടുത്തിയിട്ടുണ്ട്.

### 1-2-1 വാർഷിക ധനകാര്യ പത്രിക -അപാകതകൾ

2021-22 വർഷത്തെ വാർഷിക ധനകാര്യ പത്രികയിലെ അപാകതകളും പ്രസ്തുത വിഷയങ്ങൾ സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണം നം.10/13.02.2023, 27/15.02.23, 33/16.02.23 എന്നിവയിൽ 10/13.02.2023 നം 27/15.02.23 നം ലഭിച്ച മറുപടിയുടെ അടിസ്ഥാനത്തിലുള്ള അവലോകനം ചുവടെ ചേർക്കുന്നു.

1. 2011 ലെ കേരള പഞ്ചായത്ത് രാജ് അക്കൗണ്ട് ചട്ടങ്ങൾ ചട്ടം 62-2 (എഫ്) പ്രകാരമുള്ള വാർഷിക അനുപാതങ്ങൾ, 62(3) പ്രകാരം മുൻവർഷത്തെ താരതമ്യ തുകകൾ എന്നിവ തയ്യാറാക്കി വാർഷിക ധനകാര്യ പത്രികക്കൊപ്പം സമർപ്പിച്ചിട്ടില്ല. ILGMS സോഫ്റ്റ്വെയറിൽ ആയതിനുള്ള സംവിധാനം ഉൾപ്പെടുത്തിയിട്ടില്ലാത്തതിനാലാണ് സമർപ്പിക്കാൻ കഴിയാത്തതെന്ന് അറിയിച്ചിരിക്കുന്നു.

2. കേരള പഞ്ചായത്ത് രാജ് അക്കൗണ്ട് ചട്ടങ്ങൾ, ചട്ടം 17(2) പ്രകാരം ഗ്രാമപഞ്ചായത്തിൽ അക്രൂവൽ ചെയ്യേണ്ട വരുമാനങ്ങളുടെ കാര്യത്തിൽ ഡിമാന്റ് സംബന്ധിച്ചും ഡിമാന്റുകളിലും അഡ്ജസ്റ്റുമെന്റിലും വരുത്തേണ്ട മാറ്റങ്ങളെക്കുറിച്ചും പ്രതിമാസ സമ്മറി സെക്രട്ടറി തയ്യാറാക്കേണ്ടതും ആയതിന്റെ അടിസ്ഥാനത്തിൽ ഓരോ ഇനങ്ങളുടേയും പ്രതിമാസ ഡിമാന്റ് ജേണൽ എൻട്രി മുഖേന രേഖപ്പെടുത്തേണ്ടതുമാണ്. ആയതിന്റെ വിശദാംശം ലഭ്യമാക്കിയിട്ടില്ല. തുടർവർഷങ്ങളിൽ പ്രതിമാസ ജേണൽ എൻട്രി കൃത്യമായി ചെയ്യുന്നതിന് ശ്രദ്ധിക്കുന്നതാണെന്ന് അറിയിച്ചിട്ടുണ്ട്.

3. കേരള പഞ്ചായത്ത് രാജ് അക്കൗണ്ട് ചട്ടങ്ങൾ, ചട്ടം 17(2) പ്രകാരം ഗ്രാമപഞ്ചായത്തിൽ പ്രതിമാസം വസ്തു നികുതിക്കും തൊഴിൽ നികുതിക്കും ജേണൽ എൻട്രി മുഖേന ഡിമാന്റ് നടത്തിയിട്ടില്ല. 2021-22 വർഷാവസാനം മാത്രമാണ് എൻട്രി രേഖപ്പെടുത്തിയിട്ടുള്ളത്. വിശദാംശം ചുവടെ ചേർക്കുന്നു.

| ഹെഡ് | ഇനം | ഡിമാന്റ് രേഖപ്പെടുത്തിയ തീയതികൾ |
|---|---|---|
| 110100101 | Property Tax On Residential Building | 31.03.2022 |
| 110100103 | Property Tax On Non Residential Building | |
| 110200101 | Profession Tax Institution | |
| 110200105 | Profession Tax Traders | |

തുടർവർഷങ്ങളിൽ മേൽ അപാകത ആവർത്തിക്കുന്നതല്ല എന്നറിയിച്ചിട്ടുണ്ട്.

4. 2021-22 വർഷത്തെ വാർഷിക ധനകാര്യപത്രിക ബാലൻസ് ഷീറ്റ് ബി-9 ഷെഡ്യൂൾ പ്രകാരം ചുവടെ പറയുന്ന തുക സർക്കാരിലേക്ക് ഒടുക്കുവാൻ അവശേഷിക്കുന്നതായി കാണുന്നു.

| കോഡ് | ഇനം | തുക |
|---|---|---|
| 350300199 | Government And Other Dues Payable - Others | 3550 |

2020-21 വർഷം മുതൽ നീക്കിയിരിപ്പുള്ള പ്രസ്തുത തുകയുടെ വിശദാംശം ലഭ്യമാക്കിയിട്ടില്ല. തുക അടവാക്കി ബാധ്യത ഒഴിവാക്കുന്നതാണെന്ന് അറിയിച്ചിട്ടുണ്ട്.

5. 2020-21, 2021-22 വർഷങ്ങളിലെ വാർഷിക ധനകാര്യ പത്രിക B-15 ഷെഡ്യൂളുകൾ പ്രകാരം ചുവടെ പറയുന്ന ഹെഡ്ഡുകളിലെ കുടിശ്ശിക തുകകൾ അതു പോലെ തന്നെ നിലനിൽക്കുന്നതായി കാണുന്നു.

| കോഡ് | ഇനം | തുക |
|---|---|---|
| 431400101 | Rent Receivables From Buildings (Arrears) | 15057 |
| 431400106 | Receivables Towards Market Receipts (Arrears) | 515234 |
| 431400110 | Receivables Towards Slaughter House (Arrears) | 451722 |

മേൽ കുടിശ്ശിക തുകകൾ നാളിതുവരെ പിരിച്ചെടുക്കാത്തതിനുള്ള കാരണം വ്യക്തമാക്കിയിട്ടില്ല. ക്രമ നം.1 പ്രകാരമുള്ള തുക തുടർവർഷങ്ങളിൽ പിരിച്ചെടുത്തതായും മറ്റുള്ളവ കൊറോണ സാഹചര്യത്തിൽ ലേലം നടക്കാത്തതിനാൽ നിലനിൽക്കുന്നവയാണെന്നും അറിയിച്ചിരിക്കുന്നു. എന്നാൽ അവയുടെ വിശദാംശങ്ങൾ ലഭ്യമാക്കിയിട്ടില്ല.

6. ബാലൻസ് ഷീറ്റ് B-18 ഷെഡ്യൂൾ പ്രകാരം ചുവടെ പറയുന്ന തുക ക്രമീകരിക്കാൻ അവശേഷിക്കുന്നതായി കാണുന്നു.

| കോഡ് | ഇനം | തുക |
|---|---|---|
| 460100101 | Festival Advance | 55000 |

2020-21 വർഷത്തെ B-18 ഷെഡ്യൂൾ തുകയായ 40000/- രൂപ കൂടി ഉൾപ്പെട്ടതാണ് മേൽ തുക. പ്രസ്തുത തുക നാളിതുവരെ ക്രമീകരിച്ചിട്ടില്ല. പ്രസ്തുത തുക ക്രമീകരിച്ച് അറിയിക്കേണ്ടതാണ്.

2020-21, 2021-22 വർഷങ്ങളിലെ വാർഷിക ധനകാര്യ പത്രിക B-18 ഷെഡ്യൂളുകൾ പ്രകാരം ചുവടെ പറയുന്ന ഹെഡ്ഡിലെ അഡ്വാൻസ് തുക അതു പോലെ തന്നെ നിലനിൽക്കുന്നതായി കാണുന്നു.

| കോഡ് | ഇനം | തുക |
|---|---|---|
| 460500501 | Advance To Implementing Officers | 635022 |

മേൽ അഡ്വാൻസ് തുകയും നാളിതുവരെ അഡ്ജസ്റ്റ് ചെയ്തിട്ടില്ല. മേൽ തുകകൾ പഞ്ചായത്ത് അക്കൗണ്ടിൽ വരവാക്കുന്നതിനുള്ള നടപടി സ്വീകരിച്ച് റിപ്പോർട്ട് ചെയ്യേണ്ടതാണ്.

7. 2020-21 വർഷത്തെ ബാലൻസ് ഷീറ്റിൽ തുക നീക്കിയിരിപ്പ് ഉണ്ടായിരുന്ന ചുവടെ പറയുന്ന ഹെഡ്ഡുകൾ 2021-22 വർഷത്തെ വാർഷിക ധനകാര്യ പത്രികയിൽ ഉൾപ്പെട്ടിട്ടില്ല.

| കോഡ് | ഇനം | 2020-21 വർഷത്തെ നീക്കിയിരിപ്പ് തുക |
|---|---|---|
| 320100204 | Grants, Funds & Contributions For Specific Purposes - Other Central Government Grants-Local Area D | 44192 |
| 340800101 | Deposit Received From Others | 5870 |

പ്രസ്തുത തുകകൾ ടി വർഷം ധനകാര്യ പത്രികയിൽ ഏത് ഹെഡ്ഡിലാണ് ഉൾപ്പെടുത്തിയിട്ടുള്ളത് എന്ന് വ്യക്തമല്ല. ക്രമ നം. 1 പ്രകാരമുള്ള തുക 320200307 എന്ന ഹെഡ്ഡിലും 2 പ്രകാരമുള്ള തുക 340109901 എന്ന ഹെഡ്ഡിലും ഉൾപ്പെടുത്തിയിട്ടുള്ളതായി അറിയിച്ചിരിക്കുന്നു. എന്നാൽ ILGMS സോഫ്റ്റ്‌വെയറിൽ ബന്ധപ്പെട്ട ലെഡ്ജർ പരിശോധിച്ചതിൽ തുക പ്രസ്തുത ഹെഡ്ഡുകളിൽ ഉൾപ്പെടുത്തിയിട്ടില്ല എന്നു കാണുന്നു. പ്രസ്തുത തുകയുടെ ക്രമീകരണം എപ്രകാരമാണെന്ന് വ്യക്തമാക്കി റിപ്പോർട്ട് ചെയ്യേണ്ടതാണ്.

8. സാമ്പത്തിക വർഷത്തിനുള്ളിൽ പൂർത്തീകരിക്കാനാവാത്ത ചെലവുകൾക്ക് (ഉദാഹരണമായി 2021 മാർച്ച് ലെ ജനപ്രതിനിധികളുടെ ഓണറേറിയം, ഇന്ധനചെലവ് തുടങ്ങിയവ) ബാലൻസ് ഷീറ്റ് ബി 9 ഷെഡ്യൂളിൽ പ്രൊവിഷൻ രേഖപ്പെടുത്തിയിട്ടില്ല. നിലവിൽ ശമ്പളയിനത്തിലുള്ള തുകയാണ് ബി 9 ഷെഡ്യൂളിൽ പ്രൊവിഷൻ രേഖപ്പെടുത്തിപ്പോരുന്നതെന്ന് അറിയിച്ചിരിക്കുന്നു.

9. പരിശോധനയ്ക്ക് ലഭ്യമാക്കിയ ഡെപ്പോസിറ്റ് രജിസ്റ്റർ പ്രകാരമുള്ള പല വിവരങ്ങളും വാർഷിക ധനകാര്യ പത്രികയുമായി പൊരുത്തപ്പെടുന്നില്ല. വിശദവിവരം ചുവടെ ചേർക്കുന്നു.

| കോഡ് | ഇനം | ഡെപ്പോസിറ്റ് രജിസ്റ്റർ പ്രകാരം | ബന്ധപ്പെട്ട ലെഡ്ജർ പ്രകാരം |
|---|---|---|---|
| 340100103 | Bidder's EMD | 9500 (തിരികെ നൽകിയ തുക) | 24500 (തിരികെ നൽകിയ തുക) |
| 340109901 | Other Deposits | 10262 (മുന്നിരിപ്പ്) | 16132 (മുന്നിരിപ്പ്) |

ഡെപ്പോസിറ്റ് രജിസ്റ്റർ രേഖപ്പെടുത്തലിലെ അപാകത പരിഹരിച്ച് മറുപടിയോടൊപ്പം സമർപ്പിക്കുന്നതാണെന്ന് അറിയിച്ചിട്ടുണ്ടെങ്കിലും രജിസ്റ്റർ പൂർത്തിയാക്കി ലഭ്യമാക്കിയിട്ടില്ല. ആയത് ലഭ്യമാക്കേണ്ടതാണ്.

10. വാടക രജിസ്റ്റർ പ്രകാരം 2021-22 വർഷം 43254 രൂപ കുടിശ്ശിക പിരിച്ചെടുക്കാനുള്ളതായി കാണുന്നു. എന്നാൽ വാർഷിക ധനകാര്യപത്രികയിൽ ബാലൻസ് ഷീറ്റിൽ കുടിശ്ശിക തുകയൊന്നും തന്നെ ഉൾപ്പെടുത്തിയിട്ടില്ല. കുടിശ്ശിക തുക ഈടാക്കുന്നതിനുള്ള നടപടി സ്വീകരിക്കുന്നതാണെന്ന് അറിയിച്ചിട്ടുണ്ടെങ്കിലും വാർഷിക ധനകാര്യപത്രികയിൽ ഉൾപ്പെടുത്താത്തതിന് മറുപടി ലഭ്യമാക്കിയിട്ടില്ല. ധനകാര്യ പത്രികയിൽ ക്രമീകരിച്ച് തുക ഈടാക്കി അറിയിക്കേണ്ടതാണ്.

11. വാർഷിക ധനകാര്യ പത്രിക പ്രകാരം ജീവനക്കാരുടെ തൊഴിൽ നികുതിയുടെ ഡിമാന്റ് 1272760 രൂപയാണ് (I-1). കളക്ഷൻ 1239510 രൂപയുമാണ് (RP-1). എന്നാൽ ബന്ധപ്പെട്ട രജിസ്റ്റർ പ്രകാരം ഡിമാന്റ്, കളക്ഷൻ എന്നിവ 1239510 രൂപയാണ്. വാർഷിക ധനകാര്യ പത്രിക പ്രകാരം ഡിമാന്റ്, കളക്ഷൻ വ്യത്യാസം 33250 രൂപയാണ്. എന്നാൽ അതിനു പകരം തൊഴിൽ നികുതി രജിസ്റ്റർ പ്രകാരം പഞ്ചായത്ത് ജീവനക്കാരുടെ ശമ്പളത്തിൽ നിന്നും ഈടാക്കിയ തൊഴിൽ നികുതി തുകയായ 37000 രൂപ കൂടി ഉൾപ്പെടെയുള്ള തുകയാണ് ഡിമാന്റ് ആയി വാർഷിക ധനകാര്യ പത്രികയിൽ ഉൾപ്പെടുത്തേണ്ടിയിരുന്നത് എന്നറിയിച്ചിരിക്കുന്നു. വ്യത്യാസം ക്രമീകരിച്ച് റിപ്പോർട്ട് ചെയ്യേണ്ടതാണ്.

12. വളർത്തു നായ്ക്കളുടെ ലൈസൻസ് രജിസ്റ്റർ പ്രകാരം ടി ഇനത്തിൽ 2021-22 വർഷം 220/- രൂപയുടെ വരവാണ് ഉള്ളത്. എന്നാൽ വാർഷിക കണക്കിൽ 140110109 ഹെഡ്ഡിൽ 320 രൂപ ഉൾപ്പെടുത്തിയിരിക്കുന്നു. രജിസ്റ്റർ കാലികമാക്കി പരിശോധനയ്ക്ക് സമർപ്പിക്കുന്നതായി മറുപടി നൽകിയിട്ടുണ്ടെങ്കിലും ആയത് ലഭ്യമാക്കിയിട്ടില്ല.

13. കോവിഡിന്റെ ഭാഗമായി ജീവനക്കാരുടെ 2020 ഏപ്രിൽ മുതൽ ആഗസ്റ്റ് വരെ മാറ്റിവെച്ച ശമ്പളം തിരികെ നൽകുമ്പോൾ ദേശീയ പെൻഷൻ പദ്ധതിയുടെ ഭാഗമായ ജീവനക്കാരുടെ എൻ.പി.എസ് വിഹിതം കുറവ് ചെയ്യുന്നതിന് സർക്കാർ ഉത്തരവ് സ.ഉ(അ).നം.122/2021/ധന തീ.01.09.2021 സർക്കുലർ നം.71/2021/ധന തീ. 03.09.2021 പ്രകാരം നിർദ്ദേശിച്ചിരുന്നു. 2021-22 വർഷം ഇപ്രകാരം ജീവനക്കാരുടെ എൻ.പി.എസ് വിഹിതം കുറവ് ചെയ്ത് ഒടുക്കിയതിന്റെ രേഖകൾ ഹാജരാക്കിയിട്ടില്ല.

14. 2020-21, 2021-22 വർഷത്തെ വാർഷിക ധനകാര്യപത്രിക ബാലൻസ് ഷീറ്റ് ബി-9 ഷെഡ്യൂളിൽ 350800101-Liability In Respect Of Stale Cheque എന്ന ഹെഡ്ഡിൽ ഉൾപ്പെടുത്തിയിട്ടുള്ള 30000 രൂപ വരുമാന ശീർഷകത്തിൽ മാറ്റുന്നതിനായി സ്വീകരിച്ച നടപടികളുടെ വിവരം ലഭ്യമാക്കേണ്ടതാണ്. തുടർനടപടി സ്വീകരിക്കുന്നതാണെന്ന് അറിയിച്ചിരിക്കുന്നു.

15. വാർഷിക ധനകാര്യ പത്രിക, റീക്കൺസിലിയേഷൻ സ്റ്റേറ്റ്മെന്റ്, ബാങ്ക് പാസ് ബുക്ക് എന്നിവ ഒത്തുനോക്കി പരിശോധിച്ചതിൽ താഴെ പറയുന്ന അപാകത കാണുന്നു.

| ക്രമ നം. | അക്കൗണ്ട് നം. | 31.03.22 ലെ നീക്കിയിരിപ്പ് | | |
|---|---|---|---|---|
| | | വാർഷിക ധനകാര്യ പത്രിക, ബാങ്ക് ബുക്ക് എന്നിവ പ്രകാരം | ബാങ്ക് പാസ് ബുക്ക് പ്രകാരം | റീക്കൺസിലിയേഷൻ സ്റ്റേറ്റ്മെന്റിൽ ചേർത്തിട്ടുള്ള ബാങ്ക് പാസ് ബുക്ക് നീക്കിയിരിപ്പ് |
| 1 | 799011400001853 | 1851514 | 1000000 | 1851514 |

മറുപടി തൃപ്തികരമല്ല. 31.03.22 ൽ 1000000/- രൂപ നിലനിർത്തി ബാക്കി തുക സർക്കാർ പിൻവലിച്ചതായും തൊട്ടടുത്ത പ്രവൃത്തി ദിവസങ്ങളിൽ ടി തുക തിരികെ ക്രെഡിറ്റ് ചെയ്തതായും അറിയിച്ചിരിക്കുന്നു. എന്നാൽ 31.03.22 ൽ യഥാർത്ഥത്തിൽ ബാങ്കിലുള്ള നീക്കിയിരിപ്പ് തുകയായ 1000000 രൂപയ്ക്ക് പകരം 1851514 എന്ന് റീക്കൺസിലിയേഷൻ സ്റ്റേറ്റ്മെന്റിൽ ഉൾപ്പെടുത്തിയതിന് മറുപടി ലഭ്യമാക്കേണ്ടതാണ്.

16. 2021-22 വർഷാന്ത്യത്തിൽ ഗ്രാമപഞ്ചായത്തിലെ സ്റ്റോക്ക് മൂല്യനിർണയം നടത്തി വാർഷിക ധനകാര്യപത്രിക B-14 Stock In Hand (Inventories) -ൽ ഉൾപ്പെടുത്തിയിട്ടില്ല. തുടർവർഷങ്ങളിൽ ശ്രദ്ധ ചെലുത്തുന്നതാണെന്ന് അറിയിച്ചിരിക്കുന്നു.

17. MGNRES ന്റെ ഇഎഫ് എംസ് സ്റ്റേറ്റ്മെന്റ് പ്രകാരമുള്ള ചെലവ് തുക 67154133 രൂപയാണ്. എന്നാൽ വാർഷിക ധനകാര്യപത്രികയിൽ I-14(C) പ്രകാരമുള്ള ആകെ ചെലവ് തുക 66944748 രൂപയാണ്. കൂടാതെ ടി തുക I-6 പ്രകാരമുള്ള വരവ് തുകയുമായി (66942840) പൊരുത്തപ്പെടുന്നില്ല.

18. വാർഷിക ധനകാര്യ പത്രിക, സുലേഖ ചെലവ് പത്രിക എന്നിവ പ്രകാരം സംയുക്ത പ്രോജക്ടുകളുടെ (ബ്ലോക്ക് പഞ്ചായത്ത് വിഹിതം) വിശദാംശം ചുവടെ ചേർക്കുന്നു.

| | 2020-21 B4 ഷെഡ്യൂൾ പ്രകാരം മുന്നിരിപ്പ് | 2021-22 RP – 7 പ്രകാരം വരവ് | ആകെ | സുലേഖ ചെലവ് പത്രിക പ്രകാരം ചെലവ് | നീക്കിയിരിപ്പ് | 20-21 B4 ഷെഡ്യൂൾ പ്രകാരം നീക്കിയിരിപ്പ് |
|---|---|---|---|---|---|---|
| ബ്ലോക്ക് പഞ്ചായത്ത് വിഹിതം | 1250948 | 4136752 | 5387700 | 4128031 | 1259669 | 1250948 |

ഇപ്രകാരം നീക്കിയിരിപ്പിൽ 8721 രൂപയുടെ വ്യത്യാസം കാണുന്നു.

19. വാർഷിക ധനകാര്യ പത്രിക പ്രകാരം നിക്ഷേപ പ്രവൃത്തികൾക്ക് ചുവടെ ചേർക്കും പ്രകാരം നീക്കിയിരിപ്പുണ്ട്.

| സ്ഥാപനം | 2020-21 B-18 ഷെഡ്യൂൾ പ്രകാരം നീക്കിയിരിപ്പ് | 2021-22 B-18 ഷെഡ്യൂൾ പ്രകാരം നീക്കിയിരിപ്പ് |
|---|---|---|
| കേരള വാട്ടർ അതോറിറ്റി | 2394278 | 6139278 |
| കെ.എസ്.ഇ.ബി | 1631023 | 3023777 |
| ഭൂജല വകുപ്പ് | 7917967 | 7917967 |
| പിഡബ്ല്യൂഡി | 1740000 | 1740000 |

കേരള വാട്ടർ അതോറിറ്റി, കെഎസ്ഇബി എന്നിവയ്ക്ക് അനുവദിച്ചിരുന്നതും വിനിയോഗ സാക്ഷ്യപത്രം ലഭിച്ചിട്ടില്ലാത്തതിനാൽ 2020-21 വർഷത്തെ B-18 ഷെഡ്യൂളിലെ നീക്കിയിരിപ്പിൽ ഉൾപ്പെടുത്തിയിരുന്നതുമായ തുകകളിൽ 2021-22 ൽ വിനിയോഗ സാക്ഷ്യപത്രം ലഭിച്ചവയുടെ വിവരം ലഭ്യമാക്കിയിട്ടില്ല. വിനിയോഗ സാക്ഷ്യപത്രം ലഭ്യമാകുന്ന മുറയ്ക്ക് സമർപ്പിക്കുന്നതാണെന്ന് അറിയിച്ചിരിക്കുന്നു.

20. സുലേഖ സ്റ്റേറ്റ്മെന്റ് പ്രകാരം 2021-22 ൽ സെക്രട്ടറി നിർവ്വഹണം നടത്തിയ പ്രോജക്ട് നം. 126/22-വിവിധ വാർഡുകളിൽ കുടിവെള്ള പൈപ്പ് ലൈൻ എക്സ്റ്റെൻഷൻ പദ്ധതിയുടെ ഭാഗമായി 3745000 രൂപ, പ്രോജക്ട് നം. 217/22-പൈപ്പ് ലൈൻ ദീർഘിപ്പിക്കൽ പദ്ധതിയുടെ ഭാഗമായി 2139000 രൂപ എന്നിങ്ങനെ കേരള വാട്ടർ അതോറിറ്റിയ്ക്ക് അനുവദിച്ചിട്ടുള്ളതിന്റെ ചെലവ് വാർഷിക കണക്കിൽ RP-49 ഡെപ്പോസിറ്റ് ഹെഡ്ഡിൽ വന്നിട്ടില്ല. പകരം RP-40 ഹെഡ്ഡിലാണ് 2139000 രൂപയുടെ ചെലവ് ഉൾപ്പെടുത്തിയിട്ടുള്ളത്. കൂടാതെ വിനിയോഗ സാക്ഷ്യപത്രം ലഭിച്ചിട്ടില്ലാത്ത ടി തുകയെ ബാലൻസ് ഷീറ്റിൽ ഉൾപ്പെടുത്തിയിട്ടുമില്ല. 3745000 രൂപയുടെ വിനിയോഗ സാക്ഷ്യപത്രം ലഭിച്ചിട്ടുണ്ടെന്ന് അറിയിച്ചിരിക്കുന്നു. എന്നാൽ ആയത് ലഭ്യമായത് 2022-23 വർഷത്തിൽ മാത്രമാണ്. ആയത് 2021-22 ലെ ബാലൻസ് ഷീറ്റിലും RP യിലും ഉൾപ്പെടുത്തി ക്രമീകരിക്കേണ്ടതാണ്.

21. സുലേഖ സ്റ്റേറ്റ്മെന്റ് പ്രകാരം 2021-22 ൽ സെക്രട്ടറി നിർവ്വഹണം നടത്തിയ പ്രോജക്ട് നം. 190/22-മേനാപ്പാറ വാർഡിൽ സ്ട്രീറ്റ് ലൈൻ എക്സ്റ്റെൻഷൻ പദ്ധതിയുടെ ഭാഗമായി 99946/- രൂപ, 213/22-സ്ട്രീറ്റ് ലൈൻ എക്സ്റ്റെൻഷൻ പദ്ധതിയുടെ ഭാഗമായി 1392754/- രൂപ എന്നിങ്ങനെ കെ.എസ്.ഇ.ബിയ്ക്ക് അനുവദിച്ചിട്ടുള്ളതിന്റെ ചെലവ് വാർഷിക കണക്കിൽ RP-49 ഡെപ്പോസിറ്റ് ഹെഡ്ഡിൽ ഉൾപ്പെടുത്തിയിട്ടില്ല. കൂടാതെ വിനിയോഗ സാക്ഷ്യപത്രം ലഭിച്ചിട്ടില്ലാത്ത 99946/- രൂപയെ ബാലൻസ് ഷീറ്റിൽ ഉൾപ്പെടുത്തിയിട്ടുമില്ല. വിനിയോഗ സാക്ഷ്യപത്രം ലഭ്യമാകുന്ന മുറയ്ക്ക് സമർപ്പിക്കുന്നതാണെന്ന് അറിയിച്ചിരിക്കുന്നു.

22. സുലേഖ സ്റ്റേറ്റ്മെന്റ് പ്രകാരം 2021-22 ൽ സെക്രട്ടറി നിർവ്വഹണം നടത്തിയ പ്രോജക്ട് നം. 121/22-78-ാം നമ്പർ അങ്കണവാടിയിൽ കുടിവെള്ള സൗകര്യം പദ്ധതിയുടെ ഭാഗമായി 174000/- രൂപ, 123/22-28-ാം മൈൽ പൊതുടോയ്‌ലറ്റിൽ കുഴൽക്കിണർ കുഴിച്ച് മോട്ടോറും ടാങ്കും സ്ഥാപിക്കൽ പദ്ധതിയുടെ ഭാഗമായി 237000/- രൂപ, 216/22-22-ാം വാർഡിൽ കുഴൽക്കിണർ നിർമ്മാണം പദ്ധതിയുടെ ഭാഗമായി 90959/- രൂപ, 195/22-കുഴൽക്കിണർ മെയിന്റനൻസ് പദ്ധതിയുടെ ഭാഗമായി 486183/- രൂപ എന്നിങ്ങനെ ഭൂജല വകുപ്പിന് അനുവദിച്ചിട്ടുള്ളതിന്റെ ചെലവ് വാർഷിക കണക്കിൽ RP-49 ഡെപ്പോസിറ്റ് ഹെഡ്ഡിൽ ഉൾപ്പെടുത്തിയിട്ടില്ല. കൂടാതെ വിനിയോഗ സാക്ഷ്യപത്രം ലഭിച്ചിട്ടില്ലാത്ത പ്രസ്തുത തുകകളെ ബാലൻസ് ഷീറ്റിൽ ഉൾപ്പെടുത്തിയിട്ടുമില്ല. വിനിയോഗ സാക്ഷ്യപത്രം ലഭ്യമാകുന്ന മുറയ്ക്ക് സമർപ്പിക്കുന്നതാണെന്ന് അറിയിച്ചിരിക്കുന്നു.

23. ലഭ്യമാക്കിയ 2021-22 ലെ പാർട്ട് ബില്ലുകൾ പ്രകാരം Capital Work In Progress 2539170/- രൂപയാണ്. എന്നാൽ

എ.എഫ്.എസ് B11(a) ഷെഡ്യൂളിൽ പ്രസ്തുത ഹെഡ്ഡിൽ തുകയൊന്നും തന്നെ ഉൾപ്പെടുത്തിയിട്ടില്ല.

24. ലഭ്യമാക്കിയ സ്ഥിരനിക്ഷേപ സർട്ടിഫിക്കറ്റ്, വാർഷിക ധനകാര്യപത്രിക B -12ഷെഡ്യൂൾ എന്നിവ പ്രകാരം സ്ഥിരനിക്ഷേപ തുക 345022/- രൂപയാണ്. എന്നാൽ സർട്ടിഫിക്കറ്റ് പ്രകാരം 7 % ആണ് 26.09.20 മുതൽ 25.09.22 വരെയുള്ള പലിശനിരക്ക്. അതു പ്രകാരം 2021-22 ൽ ലഭിക്കേണ്ട പലിശ 24152/- രൂപയാണ്. എന്നാൽ വാർഷിക ധനകാര്യ പത്രിക RP-8 ഷെഡ്യൂൾ, ബന്ധപ്പെട്ട ലെഡ്ജർ എന്നിവ പ്രകാരം സ്ഥിരനിക്ഷേപത്തിന്റെ പലിശയിനത്തിലുള്ള വരവ് 22308/- രൂപയാണ്.

25. സ്റ്റേറ്റ് ബാങ്ക് ഓഫ് ഇൻഡ്യ (അക്കൗണ്ട് നം. 37443970732) യുടെ ബാങ്ക് റിക്കൺസിലിയേഷൻ സ്റ്റേറ്റ്മെന്റ് പ്രകാരം, Cheque Deposited But Not Cleared എന്ന് രേഖപ്പെടുത്തി 279600/- രൂപ ഉൾപ്പെടുത്തിയിരിക്കുന്നു. 09/21 മുതലുള്ള തുകകൾ ഇപ്രകാരം ഉൾപ്പെടുന്നുണ്ട്. ആയത് നാളിതുവരെ പണമാക്കി മാറ്റിയിട്ടില്ല.
മേൽ അപാകങ്ങൾ/പൊരുത്തക്കേടുകൾ എല്ലാം തന്നെ പരിഹരിച്ച് റിപ്പോർട്ട് ചെയ്യേണ്ടതാണ്.

## 1-3 ഗ്രാന്റ് വിനിയോഗം

| ഗ്രാന്റ് | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| വികസനഫണ്ട് (ജനറൽ) | 0 | 22819524 | 22819524 | 24458937 | -1639413 |
| വികസനഫണ്ട് (എസ്.സി.പി) | 0 | 15394125 | 15394125 | 15219860 | 174265 |
| വികസനഫണ്ട് (ടി.എസ്.പി) | - | - | - | - | - |
| വികസനഫണ്ട് (CFC Tied) | 0 | 15450725 | 15450725 | 9780060 | 5670665 |
| വികസനഫണ്ട് (CFC Untied) | 0 | 7090626 | 7090626 | 5418606 | 1672020 |
| മെയിന്റനൻസ് ഫണ്ട് (റോഡ്) | 0 | 24259200 | 24259200 | 6820235 | 17438965 |
| മെയിന്റനൻസ് ഫണ്ട് (റോഡിതരം) | 0 | 11043058 | 11043058 | 6690980 | 4352078 |

1. വികസനഫണ്ട് ജനറൽ നീക്കിയിരിപ്പ് നെഗറ്റീവ് ആയത് വിശദീകരിക്കേണ്ടതാണ്.
2. CSS, SSS എന്നിവയുടെ അലോട്ട്മെന്റ് കൂടി ഉൾപ്പെടുത്തി ഗ്രാന്റ് സ്റ്റേറ്റ്മെന്റ് പരിഷ്കരിക്കേണ്ടതാണ്.
1. വിവിധ ഫണ്ട് ഇനത്തിൽ ഗ്രാന്റ് സ്റ്റേറ്റ്മെന്റ്, വാർഷിക ധനകാര്യ പത്രിക, എ.സി.ആർ എന്നിവയിൽ താഴെപ്പറയും പ്രകാരം വ്യത്യാസമുണ്ട്.

| Fund/Grant | Item | Expenditure |
|---|---|---|
| Development Fund (General) | Grant Statement | 24458937 |
| | ACR | 21515611 |
| | Accounts | 21421298 |
| Development Fund (SCP) | Grant Statement | 15219860 |
| | ACR | 13564585 |
| | Accounts | 13164585 |
| Maintenance Fund (Road) | Grant Statement | 6820235 |
| | ACR | 6820235 |
| | Accounts | 5969155 |
| Development Fund (CFC Tied) | Grant Statement | 9780060 |
| | ACR | 9918936 |
| | Accounts | 9780060 |
| Development Fund (CFC UnTied) | Grant Statement | 5418606 |
| | ACR | 5418606 |
| | Accounts | 12921606 |

2. ഗ്രാന്റ് യൂട്ടിലൈസേഷൻ സ്റ്റേറ്റ്മെന്റ് പ്രകാരമുള്ള കേന്ദ്രവിഷ്കൃത ഫണ്ട്, സറ്റേറ്റ് സ്പോൺസേഡ് സ്കീം എന്നിവയുടെ ചെലവ്, നീക്കിയിരിപ്പ് എന്നിവ പരിശോധിക്കുന്നതിനാവശ്യമായ രേഖകൾ ലഭ്യമായിട്ടില്ല. അവയുടെ വരവ് 0 ഉം നീക്കിയിരിപ്പ് നെഗറ്റീവ് ബാലൻസുമാണ്. കൂടാതെ ഗ്രാന്റ് സ്റ്റേറ്റ്മെന്റ് പ്രകാരം വികസനഫണ്ട് പൊതുവിഭാഗം സാധാരണ വിഹിതത്തിന്റെ നീക്കിയിരിപ്പ് നെഗറ്റീവ് ബാലൻസ് (-1639413) ആണ്.

3. ഗ്രാമപഞ്ചായത്തിലെ 2021-22 വർഷത്തെ മേഖലാ അടിസ്ഥാനത്തിൽ പദ്ധതി മാർഗരേഖ പ്രകാരം തുക വകയിരുത്തിയിട്ടുണ്ടെങ്കിലും തുക ഭാഗികമായി മാത്രമാണ് ചെലവഴിച്ചിട്ടുള്ളത്. മേഖല അടിസ്ഥാനത്തിലുള്ള ചെലവ് വിവരം ചുവടെ ചേർക്കുന്നു.

| മേഖല | വിഭാഗം | അടങ്കൽ | ചെലവ് | ചെലവ് (%) |
|---|---|---|---|---|
| ഉല്പാദനം | പൊതുവിഭാഗം | 15503373 | 9005107 | 58.08 |
| | പട്ടികജാതി | 528000 | 248000 | 46.97 |
| സേവനം | പൊതുവിഭാഗം | 76428466 | 43460254 | 56.86 |
| | പട്ടിക ജാതി | 100101820 | 40143660 | 40.10 |
| പശ്ചാത്തലം | പൊതുവിഭാഗം | 34384219 | 19003828 | 55.27 |

4. വാർഷിക പദ്ധതികൾ തയ്യാറാക്കുന്നതിനുള്ള മാർഗ്ഗരേഖ (സ.ഉ(കൈ)നം. 11/2018/തസ്വഭവ തീയതി. 29.01.2018) ഖണ്ഡിക 6.1 പ്രകാരം പട്ടികജാതി ഉപപദ്ധതിവിഹിതം പാഴാക്കാൻ പാടില്ല എന്നിരിക്കെ പട്ടികജാതി ഉപപദ്ധതിക്കായി ലഭിച്ച ആകെ 18360745 രൂപയിൽ 15219860 രൂപയാണ് ചെലവഴിച്ചത്. 17% തുക ചെലവഴിക്കാതെ പാഴായിരിക്കുന്നു.

5. 2021-22 വർഷം ചുവടെ പറയുന്ന പ്രോജക്ടുകൾക്കായി വകയിരുത്തിയിരുന്ന എസ്.സി.പി ഫണ്ട് തൻവർഷം ചെലവഴിച്ചിട്ടില്ല. വിശദവിവരം ചുവടെ ചേർക്കുന്നു.

| ക്രമ നം. | പദ്ധതി നം. | അടങ്കൽ (എസ്.സി.പി ഫണ്ട്) | നിർവഹണോദ്യോഗസ്ഥൻ |
|---|---|---|---|
| 1 | 116/22 | 250000 | ഹെഡ് മാസ്റ്റർ |
| 2 | 178/22 | 300000 | അസി.സെക്രട്ടറി |
| 3 | 49/22 | 240000 | അസി.സെക്രട്ടറി |

6. ബജറ്റ് അലോക്കേഷൻ അപ്പെൻഡിക്സ് 4 അനുബന്ധം 2 പ്രകാരം വകയിരുത്തേണ്ടുന്ന തുകയ്ക്ക് അനുസൃതമായി ആശ്രയ പദ്ധതിയ്ക്കായി 600000/- രൂപ വകയിരുത്തി പ്രോജക്ടിന് അംഗീകാരം വാങ്ങിയിട്ടുണ്ടെങ്കിലും തൻവർഷം പദ്ധതി നടപ്പാക്കിയിട്ടില്ല.

7. പ്രത്യേക ഉദ്ദേശ്യ ഗ്രാന്റുകളുടെ അപ്രോപ്രിയേഷൻ കൺട്രോൾ രജിസ്റ്റർ പരിശോധനയ്ക്ക് ഹാജരാക്കേണ്ടതാണ്. മേൽ തുകകൾ വരവായി ലഭിച്ച വർഷം, തുക നൽകിയ സ്ഥാപനം/ഏജൻസിയുടെ വിവരം, ഏത് അക്കൗണ്ടിലാണ് ക്രഡിറ്റ് ചെയ്തിട്ടുള്ളത്, തുക അനുവദിച്ചതിന്റെ ഉദ്ദേശ്യം, തുക വിനിയോഗിച്ചിട്ടുണ്ടെങ്കിൽ വിനിയോഗ വിവരം, ചെലവഴിക്കാത്ത തുക ബന്ധപ്പെട്ട ഹെഡ് തിരിച്ചടച്ചതിന്റെ രേഖകൾ എന്നിവ പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല.

8. സംയുക്ത പ്രോജക്ടുകളുടെ നിർവ്വഹണം സംബന്ധിച്ച 23.01.2017 ലെ സ.ഉ(അ)07/2017/ധന. പ്രകാരം നിർവ്വഹണം നടത്തുന്ന തദ്ദേശ സ്ഥാപനത്തിന്റെ സെക്രട്ടറി മാർച്ച് 31-ന് സംയുക്ത പ്രോജക്ടിന്റെ തുക നിക്ഷേപിക്കുന്ന സ്പെഷ്യൽ ടി.എസ്.ബി. അക്കൗണ്ടിലെ ചെലവുകൾ ട്രഷറിയിലെ തുകകളുമായി പൊരുത്തപ്പെടുത്തേണ്ടതും അൺ ക്യാഷ്ഡ് ചെക്കുകൾ പ്രകാരം നല്കേണ്ട തുക കിഴിച്ചുള്ള മേൽ തീയതിയിലെ നീക്കിയിരിപ്പ് സർക്കാരിലേക്ക് സറണ്ടർ ചെയ്യേണ്ടതുമാണ്. കൂടാതെ, 03.07.2018 ലെ സ.ഉ(അ)100/2018/ധന., 24.01.2019 ലെ സ.ഉ(അ)7/2019/ധന. ഉത്തരവുകൾ പ്രകാരം സംയുക്ത പ്രോജക്ടുകൾക്ക് ഫണ്ട് കൈമാറുന്ന രീതിക്ക് പകരം 01.04.2019 മുതൽ അലോട്ട്മെന്റ് രീതി അവലംബിച്ചിട്ടുണ്ട്. 30.09.2021 ലെ ധനകാര്യ വകുപ്പിന്റെ 86/2021/ഫിൻ സർക്കുലർ പ്രകാരം സംയുക്ത പ്രോജക്ടുകൾക്കായി പുതിയ ട്രഷറി അക്കൗണ്ടുകൾ ആരംഭിക്കുന്നതിന് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് അനുമതി നൽകിയിട്ടുണ്ട്. പ്രസ്തുത സർക്കുലർ പ്രകാരം തദ്ദേശ സ്ഥാപനങ്ങൾ ഒരു സാമ്പത്തിക വർഷം വിനിയോഗിക്കാത്ത തുകകൾ സാമ്പത്തിക വർഷാവസാനം സർക്കാരിലേയ്ക്ക് തിരികെ ഒടുക്കണമെന്ന് നിർദ്ദേശിച്ചിട്ടുണ്ട്. എന്നാൽ, മേൽ നിർദ്ദേശങ്ങൾ പാലിക്കാതെ ജില്ലാ പഞ്ചായത്തിൽ നിന്നും ബ്ലോക്ക് പഞ്ചായത്തിൽ നിന്നും ലഭിച്ചതിൽ ചെലവഴിക്കാത്ത തുകകൾ ഗ്രാമപഞ്ചായത്തിന്റെ അക്കൗണ്ടിൽ സൂക്ഷിച്ചിരിക്കുകയാണ്. സംയുക്ത പ്രോജക്ടുകൾക്ക് ബ്ലോക്ക്, ജില്ലാ പഞ്ചായത്തുകളിൽ നിന്നും മുൻവർഷങ്ങളിൽ ലഭിച്ച താഴെപ്പറയുന്ന തുകകൾ 2021-22 വർഷത്തിൽ ചെലവഴിക്കുകയോ തിരികെ ഒടുക്കുകയോ ചെയ്തിട്ടില്ല. 2020-21 വാർഷിക ധനകാര്യപത്രിക ബി-4 ഷെഡ്യൂൾ പ്രകാരം താഴെപ്പറയുന്ന ഹെഡുകളിലുള്ള ഗ്രാന്റുകൾ/ഫണ്ടുകൾ എന്നിവ 2021-22 വർഷത്തിലും ചെലവഴിക്കാതെ

അവശേഷിക്കുന്നു.

| ക്രമ നം. | ഹെഡ് ഓഫ് അക്കൗണ്ട് | നീക്കിയിരിപ്പ് |
|---|---|---|
| 1 | 320700204 | 1250948 |
| 2 | 320700205 | 177196 |

9. 2021-22 ലെ വാർഷിക ധനകാര്യപത്രികയിലെ ബി-4 ഷെഡ്യൂൾ പ്രകാരം താഴെപ്പറയുന്ന ഹെഡുകളിലുള്ള ഗ്രാന്റുകൾ/ഫണ്ടുകൾ ചെലവഴിക്കാതെ അവശേഷിക്കുന്നു.

| ക്രമ നം. | ഹെഡ് ഓഫ് അക്കൗണ്ട് | നീക്കിയിരിപ്പ് |
|---|---|---|
| 1 | 320100162 | 36146 |
| 2 | 320200305 | 635023 |
| 3 | 320900102* | 35001 |
| 4 | 320900101** | 8154 |

* 2020-21 ബാലൻസ് ഷീറ്റ് പ്രകാരമുള്ള ഹെഡ് കോഡ് - 320800202 ആണ്.

** 2020-21 ബാലൻസ് ഷീറ്റ് പ്രകാരമുള്ള ഹെഡ് കോഡ് - 320800299 ആണ്.

പ്രസ്തുത തുകകൾ ഏത് സാമ്പത്തിക വർഷത്തിൽ വരവ് വന്നിട്ടുള്ളതാണെന്ന വിവരവും നാളിതുവരെ വിനിയോഗിക്കാതെ തനത് ഫണ്ടിൽ നിലനിർത്തിയിരിക്കുന്നതിനുള്ള കാരണവും വ്യക്തമാക്കിയിട്ടില്ല.

മേൽ അപാകതകൾ സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണം നം. 12/13.02.23 ന് ലഭ്യമാക്കിയ മറുപടി പ്രകാരം ഗ്രാന്റ് സ്റ്റേറ്റ്മെന്റ് സംബന്ധിച്ച അപാകതകൾ IKM നെ അറിയിക്കുന്നതാണെന്ന് അറിയിച്ചിരിക്കുന്നു. കൂടാതെ ചെലവഴിക്കാതെ ശേഷിക്കുന്ന തുക കമ്മിറ്റിയുടെ ശ്രദ്ധയിൽപ്പെടുത്തി തുടർനടപടി സ്വീകരിക്കുന്നതാണെന്നും മറുപടി നൽകിയിട്ടുണ്ട്. പദ്ധതി മാർഗരേഖ പ്രകാരവും സർക്കാർ ഉത്തരവുകൾ പ്രകാരവുമുള്ള വ്യവസ്ഥകൾ കർശനമായും പാലിച്ച് പദ്ധതി തുക വിനിയോഗിക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

## 1-4 പദ്ധതി അവലോകനം

എ) പ്രോജക്ട് നിർവ്വഹണം

2021-22 വർഷം വിവിധ നിർവ്വഹണ ഉദ്യോഗസ്ഥരുടെ പ്രോജക്ട് നിർവ്വഹണത്തിന്റെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം. | നിർവ്വഹണ ഉദ്യോഗസ്ഥൻ | പ്രോജക്ടുകൾ | | | | അടങ്കൽ | | |
|---|---|---|---|---|---|---|---|---|
| | | അംഗീകാരം ലഭിച്ചത് | നടപ്പാക്കിയത് | നടപ്പിലാക്കാത്തത് | ശതമാനം | വകയിരുത്തൽ | ചെലവ് | ശതമാനം |
| I | കൃഷി ഓഫീസർ | 7 | 7 | 0 | 100 | 4861591 | 3781428 | 77.8 |
| Ii | വെറ്റിനറി സർജൻ | 9 | 9 | 0 | 100 | 6775000 | 2907647 | 43 |
| Iii | മെഡിക്കൽ ഓഫീസർ –PHC | 15 | 15 | 0 | 100 | 7047983 | 6553994 | 93 |
| Iv | മെഡിക്കൽ ഓഫീസർ - ഹോമിയോ | 2 | 2 | 0 | 100 | 450000 | 450000 | 100 |
| V | മെഡിക്കൽ ഓഫീസർ - ആയുർവേദം | 4 | 4 | 0 | 100 | 1800000 | 1800000 | 100 |
| Vi | വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ 1 | 15 | 13 | 2 | 86.7 | 101855371 | 37764000 | 37.1 |
| Vii | വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ 2 | 14 | 13 | 1 | 92.9 | 15594598 | 8734738 | 56 |
| Viii | ഐ.സി.ഡി.എസ്. | 11 | 10 | 1 | 90.1 | 11668800 | 8043926 | 68.9 |

| | | | | | | | | |
|---|---|---|---|---|---|---|---|---|
| | സൂപ്പർവൈസർ | | | | | | | |
| Ix | സെക്രട്ടറി | 43 | 30 | 13 | 69.8 | 30761474 | 19386379 | 63 |
| X | എച്ച്.എം. | 4 | 3 | 1 | 75 | 1956700 | 1689200 | 86.3 |
| Xi | അസിസ്റ്റന്റ് എഞ്ചിനീയർ | 83 | 50 | 33 | 60.2 | 36758536 | 17577546 | 47.8 |
| Xii | ഡയറിഫാം ഇൻസ്പെക്ടർ | 2 | 2 | 0 | 100 | 2400000 | 2271504 | 94.6 |
| Xiii | അസിസ്റ്റന്റ് സെക്രട്ടറി | 10 | 6 | 4 | 60 | 4385825 | 813567 | 18.5 |
| Xiv | സബ് ഇൻസ്പെക്ടർ ഓഫ് ഫിഷറീസ് | 2 | 2 | 0 | 100 | 630000 | 86920 | 13.8 |
| ആകെ | | 221 | 166 | 55 | 75 | 226945878 | 111860849 | 49 |

1) ആകെ വകയിരുത്തിയ ഫണ്ടിന്റെ 49 ശതമാനം മാത്രമാണ് ചെലവഴിച്ചത്.

2) എ) വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ 1 വകയിരുത്തിയ ഫണ്ടിന്റെ 37.1 ശതമാനം മാത്രമാണ് തൻവർഷം ചെലവഴിച്ചത്.

ബി) അസിസ്റ്റന്റ് എഞ്ചിനീയർ അംഗീകാരം വാങ്ങിയ 83 പ്രോജക്ടുകളിൽ 33 എണ്ണം നടപ്പാക്കിയില്ല. വകയിരുത്തിയ ഫണ്ടിന്റെ 47.8 ശതമാനം മാത്രമാണ് ചെലവഴിച്ചത്.

സി) സബ് ഇൻസ്പെക്ടർ ഓഫ് ഫിഷറീസ് അംഗീകാരം വാങ്ങിയ 2 പ്രോജക്ടുകൾ നടപ്പാക്കിയെങ്കിലും വകയിരുത്തിയ ഫണ്ടിന്റെ 13.8 ശതമാനം മാത്രമാണ് ചെലവഴിച്ചത്.

ഡി) അസിസ്റ്റന്റ് സെക്രട്ടറി വകയിരുത്തിയ ഫണ്ടിന്റെ വെറും 18.5 ശതമാനം മാത്രമാണ് തൻവർഷം ചെലവഴിച്ചത്.

ഇ) വെറ്റിനറി സർജൻ വകയിരുത്തിയ ഫണ്ടിന്റെ 43 ശതമാനം മാത്രമാണ് തൻവർഷം ചെലവഴിച്ചത്.

എഫ്) സെക്രട്ടറി അംഗീകാരം വാങ്ങിയ 43 പ്രോജക്ടുകളിൽ 13 എണ്ണം നടപ്പാക്കിയില്ല.

3) തൻ വർഷം സ്പിൽ ഓവറായി നടപ്പാക്കാൻ അംഗീകാരം വാങ്ങിയ ചുവടെ ചേർക്കുന്ന പ്രോജക്ടുകൾ നടപ്പാക്കിയില്ല.

| ക്രമ നം. | പ്രോജക്ട് നം. | പേര് | നിർവ്വഹണ ഉദ്യോഗസ്ഥൻ |
|---|---|---|---|
| 1 | S0104/22 | ലൈഫ് ഭവന പദ്ധതി (എസ് സി പി) | വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ |
| 2 | S0227/22 | ബഡ്സ് സ്കൂളിന് ഭൗതിക സാഹചര്യങ്ങൾ മെച്ചപ്പെടുത്തൽ | ഐ.സി.ഡി.എസ്. സൂപ്പർവൈസർ |
| 3 | S0124/22 | വീടുകളിൽ ഗാർഹിക കുടിവെള്ള കണക്ഷൻ | സെക്രട്ടറി |
| 4 | S0117/22 | തെരുവ് വിളക്ക് പുനരുദ്ധാരണം | സെക്രട്ടറി |
| 5 | S0125/22 | പഞ്ചായത്ത് ഓഫീസിലേയ്ക്ക് പ്രിന്റർ വാങ്ങൽ | സെക്രട്ടറി |
| 6 | S0116/22 | പട്ടികജാതി വിദ്യാർത്ഥികൾക്ക് മേശയും കസേരയും നൽകൽ | എച്ച്.എം. |
| 7 | S0171/22 | കളക്ടേഴ്സ് അറ്റ് സ്കൂൾ | അസിസ്റ്റന്റ് എഞ്ചിനീയർ |
| 8 | S0173/22 | 3 മാർക്കറ്റുകളിൽ ഉമ്പൂർമൊഴി സ്ഥാപിക്കൽ | അസിസ്റ്റന്റ് എഞ്ചിനീയർ |
| 9 | S0163/22 | പുലിവേലിക്കോണം കുളം നവീകരണം | അസിസ്റ്റന്റ് എഞ്ചിനീയർ |
| 10 | S0165/22 | പോസ്റ്റ് ഓഫീസ് കുന്നിൽവീട് സൈഡ് കോൺക്രീറ്റിംഗ് | അസിസ്റ്റന്റ് എഞ്ചിനീയർ |
| 11 | S0166/22 | ദുരന്തനിവാരണ ക്യാമ്പായി പ്രവർത്തിക്കുന്ന നാവായിക്കുളം ഗവ. എൽ.പി.എസ്സിൽ ഹാൾ നിർമ്മാണം | അസിസ്റ്റന്റ് എഞ്ചിനീയർ |
| 12 | S0144/22 | കടവൂർ ഗവ.എൽ.പി.എസിന് അടുക്കള നവീകരണം | അസിസ്റ്റന്റ് എഞ്ചിനീയർ |
| 13 | S0145/22 | കടവൂർ ഗവ.എൽ.പി.എസിന് ടോയ്ലറ്റ് നവീകരണം | അസിസ്റ്റന്റ് എഞ്ചിനീയർ |
| 14 | S0146/22 | നാവായിക്കുളം ഗ്രാമപഞ്ചായത്തിലെ 5 എൽ.പി. സ്കൂളുകളിൽ ക്ലാസ് ലൈബ്രറികൾക്ക് ഷെൽഫ് സ്ഥാപിക്കൽ | അസിസ്റ്റന്റ് എഞ്ചിനീയർ |
| 15 | S0148/22 | അംഗൻവാടി നമ്പർ-446246 എന്നിവയ്ക്ക് ചുറ്റുമതിൽ നിർമ്മാണം | അസിസ്റ്റന്റ് എഞ്ചിനീയർ |

| | | | |
|---|---|---|---|
| 16 | SO151/22 | കാഞ്ഞിരംവിള നടപ്പാലം നിർമ്മാണം | അസിസ്റ്റന്റ് എഞ്ചിനീയർ |
| 17 | SO153/22 | ആയുർവേദ ആശുപത്രി നവീകരണവും ജൈവപാർക്ക് നിർമ്മാണവും | അസിസ്റ്റന്റ് എഞ്ചിനീയർ |
| 18 | SO155/22 | കുളമട പ്ലാവിള ഇലങ്കം റോഡ് സൈഡ് വാൾ നിർമ്മാണം | അസിസ്റ്റന്റ് എഞ്ചിനീയർ |
| 19 | SO156/22 | കണ്ടൂർക്കോണം-ഏലാ വെള്ളൂർക്കോണം ഏലാ റോഡ് സൈഡ് വാൾ നിർമ്മാണം | അസിസ്റ്റന്റ് എഞ്ചിനീയർ |
| 20 | SO176/22 | ഷെരീഫ് സർ സ്മാരക ഹാൾ മെയിന്റനൻസ് | അസിസ്റ്റന്റ് എഞ്ചിനീയർ |
| 21 | SO229/22 | ടാറിന് അധിക വില നൽകൽ | അസിസ്റ്റന്റ് എഞ്ചിനീയർ |
| 22 | SO178/22 | എസ് സി വിദ്യാർത്ഥികൾക്ക് ലാപ്ടോപ് വാങ്ങി നൽകൽ | അസിസ്റ്റന്റ് സെക്രട്ടറി |

മേൽ അപാകതകൾ സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണം നം. 26/13.02.23 ന് ലഭ്യമാക്കിയ മറുപടി പ്രകാരം മേൽ പട്ടികയിലെ പല പ്രോജക്ടുകളും ഉപേക്ഷിച്ചവയാണെന്നും മറ്റുള്ളവ അടുത്ത സാമ്പത്തിക വർഷം പൂർത്തീകരിച്ചിട്ടുണ്ടെന്നും അറിയിച്ചിരിക്കുന്നു. അടിസ്ഥാന സൗകര്യ വികസനവും പുരോഗതിയും ലക്ഷ്യമിട്ട് സർക്കാർ നൽകുന്ന വിവിധോദ്ദേശ്യങ്ങൾക്കുള്ള പദ്ധതി വിഹിതം പൂർണമായും ഫലപ്രദമായും ചെലവഴിക്കുന്നതിന് കൃത്യമായ നടപടികൾ സ്വീകരിക്കുന്നതിൽ ഉദ്യോഗസ്ഥരും ഭരണ സമിതിയും പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്.

ബി) പദ്ധതി ആസൂത്രണം

1. ആസൂത്രണ സമിതി

സ.ഉ(കൈ) നം. 11/2018/ത.സ്വ.ഭ.വ തീയതി 29.1.018 ഖണ്ഡിക 3.1.1(ബി)പ്രകാരം പദ്ധതി ആസൂത്രണത്തിനും പദ്ധതിയുടെ ഗുണമേന്മ മെച്ചപ്പെടുത്തുന്നതിനും അനുയോജ്യമായ പഠനങ്ങൾ നടത്തി ഭരണ സമിതിയ്ക്ക് റിപ്പോർട്ട് നൽകുക തുടങ്ങിയ നിരവധി ചുമതലകൾ ആസൂത്രണ സമിതി നിർവ്വഹിക്കേണ്ടതായിട്ടുണ്ട്. എന്നാൽ 2021-22 വർഷത്തെ പദ്ധതി രൂപീകരണവുമായി ബന്ധപ്പെട്ട് 04.02.21, 23.02.21 തീയതികളിൽ ആസൂത്രണ സമിതി യോഗം ചേർന്നിട്ടുണ്ടെങ്കിലും മേൽ ചുമതലകൾ നിർവ്വഹിച്ചിട്ടുള്ളതായി കാണുന്നില്ല. കൂടാതെ 04.02.21 ൽ കൂടിയ യോഗത്തിന്റെ മിനിട്സ് ക്ലോസ് ചെയ്ത് സാക്ഷ്യപ്പെടുത്തൽ വരുത്തിയിട്ടില്ല. 23.02.21 ൽ കൂടിയ മിനിട്സിന്റെ ഹാജർ മാത്രമാണ് രേഖപ്പെടുത്തിയിട്ടുള്ളത്. ചർച്ച ചെയ്ത വിഷയങ്ങളും കൈകൊണ്ട തീരുമാനങ്ങളും ഉൾക്കൊള്ളിച്ചിട്ടില്ല. പദ്ധതി മാർഗരേഖ [സ.ഉ.(കൈ)നമ്പർ 11/2018 തസ്വഭവ തീയതി 29.01.2018] ഖണ്ഡിക 3.11 പ്രകാരം പഞ്ചവത്സര പദ്ധതിയിൽ ആദ്യവർഷം രൂപീകരിച്ചതും നിലവിലുള്ളതുമായ ആസൂത്രണ സമിതി ആവശ്യമെങ്കിൽ പുനഃസംഘടിപ്പിക്കേണ്ടതാണെന്നുണ്ട്. അപ്രകാരം പുനഃ സംഘടിപ്പിച്ചതിന്റെ വിശദാംശം ലഭ്യമാക്കിയിട്ടില്ല.

2. വർക്കിംഗ് ഗ്രൂപ്പ്

സ.ഉ(കൈ) നം. 11/2018/ത.സ്വ.ഭ.വ തീയതി 29.1.2018 ഖണ്ഡിക 3.1.2 പ്രകാരം പൊതുജനങ്ങളിൽ നിന്നും നിർദ്ദേശങ്ങൾ സ്വീകരിച്ച് പദ്ധതി ആസൂത്രണത്തിന് ജനപങ്കാളിത്തം ഉറപ്പു വരുത്തുക, അതത് വികസനമേഖലയുമായി ബന്ധപ്പെട്ട പദ്ധതി ആസൂത്രണത്തിന് നേതൃത്വം നൽകുക തുടങ്ങി വിപുലമായ ചുമതലകളാണ് വർക്കിംഗ് ഗ്രൂപ്പുകൾക്ക് ഉള്ളത്. വർക്കിംഗ് ഗ്രൂപ്പുകളുടെ മിനിട്സ് പരിശോധിച്ചതിൽ 16.02.22, 25.02.22 തീയതികളിൽ വിവിധ വർക്കിംഗ് ഗ്രൂപ്പുകൾ യോഗം ചേർന്നിട്ടുണ്ട്. എന്നാൽ പല വർക്കിംഗ് ഗ്രൂപ്പുകളുടെ മിനിട്സും ക്ലോസ് ചെയ്ത് സാക്ഷ്യപ്പെടുത്തൽ വരുത്തിയിട്ടില്ല.

ചുവടെ പറയുന്ന വർക്കിംഗ് ഗ്രൂപ്പുകളുടെ മിനിട്സ് പരിശോധിച്ചതിൽ ഹാജർ മാത്രമാണ് രേഖപ്പെടുത്തിയിട്ടുള്ളത്. ചർച്ച ചെയ്ത വിഷയങ്ങളും കൈകൊണ്ട തീരുമാനങ്ങളും ഉൾക്കൊള്ളിച്ചിട്ടില്ല.

| ക്രമ നം. | വർക്കിംഗ് ഗ്രൂപ്പിന്റെ പേര് |
|---|---|
| 1 | പ്രകൃതി ക്ഷോഭം, ദുരന്തനിവാരണം, ജൈവവൈവിധ്യം (മിനിട്സ് ബുക്കിൽ 2 പേരാണ് ഒപ്പ് രേഖപ്പെടുത്തിയിട്ടുള്ളത്) |
| 2 | കണക്കുകൾ, രേഖകൾ ശരിയാക്കൽ (മിനിട്സ് ബുക്കിൽ ഒരാളാണ് ഒപ്പ് രേഖപ്പെടുത്തിയിട്ടുള്ളത്) |
| 3 | വിദ്യാഭ്യാസം, സംസ്കാരം, കല, കായിക വികസനം, യുവജനക്ഷേമം |

മറ്റ് വർക്കിംഗ് ഗ്രൂപ്പുകളുടെ മീറ്റിംഗിൽ പ്രോജക്ട് നിർദ്ദേശങ്ങൾ മാത്രമാണ് വർക്കിംഗ് ഗ്രൂപ്പുകൾ നൽകിയിട്ടുള്ളത്. ഖണ്ഡിക3.1.2(ബി) 6 പ്രകാരം വാർഷിക പദ്ധതി തയ്യാറാക്കുന്നതിന്റെ പ്രാരംഭ പ്രവർത്തനമായി നിലവിലുള്ള അവസ്ഥാരേഖ പരിഷ്കരിക്കുന്നതും വർക്കിംഗ് ഗ്രൂപ്പിന്റെ ചുമതലയാണ്. അപ്രകാരം ഒരു നടപടി സ്വീകരിച്ചതായി പരിശോധനയിൽ കണ്ടെത്തിയിട്ടില്ല. ഖണ്ഡിക 3.1.2.(ബി)7 പ്രകാരം ഒരു സാമ്പത്തിക വർഷം അവസാനിച്ചാൽ മുൻവാർഷിക പദ്ധതിയിൽ നടപ്പാക്കിയ പ്രോജക്ടുകളുടെ ചെലവ് കണക്കുകൾ ഫോറം 4-ൽ തയ്യാറാക്കി ഏറ്റവും ആദ്യം നടക്കുന്ന ഗ്രാമസഭായോഗത്തിൽ അവതരിപ്പിക്കേണ്ടതാണ്. അത്തരത്തിലൊരു ചുമതല വർക്കിംഗ് ഗ്രൂപ്പ്

നിർവ്വഹിച്ചതായി മിനിട്സ് പരിശോധനയിൽ കണ്ടെത്തിയിട്ടില്ല. ഖണ്ഡിക 3.1.2(ബി)12 പ്രകാരം വാർഷിക പദ്ധതി ജില്ലാ ആസൂത്രണ സമിതി അംഗീകരിച്ച ശേഷം വർക്കിംഗ് ഗ്രൂപ്പുകൾ മോണിറ്ററിംഗ് കമ്മിറ്റികളായി പ്രവർത്തിച്ച് പ്രോജക്ടുകൾ ഫലപ്രദമായി മോണിറ്റർ ചെയ്യേണ്ടതാണ്. അത്തരത്തിലൊരു നടപടിക്രമവും വർക്കിംഗ് ഗ്രൂപ്പുകൾ പാലിച്ചതായി മിനിട്സ് പരിശോധനയിൽ കണ്ടെത്തിയിട്ടില്ല.

വാർഷിക പദ്ധതി രൂപീകരണത്തിനായി നടന്ന വർക്കിംഗ് ഗ്രൂപ്പ് യോഗങ്ങളിലെ ഏതാനും നിർദ്ദേശങ്ങൾ ചുവടെ ചേർക്കുന്നു. അവ നടപ്പാക്കാൻ സ്വീകരിച്ചിട്ടുള്ള നടപടികളുടെ വിവരം ലഭ്യമാക്കിയിട്ടില്ല.

| ക്രമ നം. | വർക്കിംഗ് ഗ്രൂപ്പ് | തീയതി | നിർദ്ദേശം |
|---|---|---|---|
| I | മൃഗസംരക്ഷണവും ക്ഷീരവികസനവും | 16.02.2021 | സഞ്ചരിക്കുന്ന വെറ്ററിനറി ക്ലിനിക് തുടങ്ങുക |
| Ii | കുടിവെള്ളം, ശുചിത്വം | 16.02.2021 | വെള്ളൂർക്കോണം ഏലയിൽ പമ്പ് ഹൗസ് സ്ഥാപിക്കുക |
| Iii | വനിതാ വികസനം | 16.02.2021 | കെട്ടിടം ഇല്ലാത്ത അങ്കണവാടികൾക്ക് സ്ഥലം കണ്ടെത്തി കെട്ടിടം നിർമ്മിക്കുക<br>വനിതകൾക്ക് ഫിറ്റ്നെസ് സെന്റർ |

3. സ്റ്റാൻഡിംഗ് കമ്മിറ്റി

സ്റ്റാൻഡിംഗ് കമ്മിറ്റി മിനുട്സുകളിൽ ഘടകസ്ഥാപനങ്ങളുടെ പ്രവർത്തനം വിലയിരുത്തുന്നതുമായി ബന്ധപ്പെട്ട ചർച്ചകളോ തീരുമാനങ്ങളോ ഉൾപ്പെടുത്തിയിട്ടില്ല. പദ്ധതി നിർദ്ദേശങ്ങൾ കൃത്യമായി നല്കുന്നുണ്ടെങ്കിലും പദ്ധതി നടത്തിപ്പ്, അവലോകനങ്ങൾ ഇവ അജണ്ടകളിൽ ഉൾപ്പെടുത്തുന്നില്ല. ഘടകസ്ഥാപനങ്ങളുടെ ബജറ്റ് നിർദ്ദേശങ്ങൾ അംഗീകരിക്കുന്നതായി രേഖപ്പെടുത്തുന്നുണ്ടെങ്കിലും ഇതു സംബന്ധിച്ച ക്രോഡീകരിച്ച വിവരങ്ങൾ പോലും മിനുട്സ് ചെയ്യപ്പെടുന്നില്ല.

4. വികസന സെമിനാർ

2021-22 വർഷത്തെ പദ്ധതി രൂപീകരണവുമായി ബന്ധപ്പെട്ട് 25.02.21 ന് കൂടിയ വികസന സെമിനാറിന്റെ മിനിട്സ് പരിശോധിച്ചതിൽ വികസന സെമിനാറിൽ പങ്കെടുത്തവരുടെ അറ്റൻഡൻസ് രേഖപ്പെടുത്തിയിട്ടുള്ളതല്ലാതെ മറ്റ് തീരുമാനങ്ങളൊന്നും തന്നെ രേഖപ്പെടുത്തിയിട്ടില്ല. മിനിട്സ് ക്ലോസ് ചെയ്ത് സാക്ഷ്യപ്പെടുത്തൽ വരുത്തിയിട്ടില്ല.
മേൽ അപാകതകൾ സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണം നം. 20/14.02.23 ന് ലഭ്യമാക്കിയ മറുപടി പ്രകാരം നിലവിൽ മിനിട്സ് കൃത്യമായി രേഖപ്പെടുത്തി സൂക്ഷിക്കുന്നുണ്ടെന്നും ഭാവിയിൽ മേൽ അപാകതകൾ വരാതെ ശ്രദ്ധിക്കുന്നതാണെന്നും അറിയിച്ചിരിക്കുന്നു.

## 1-5 ക്ഷേമ പദ്ധതികൾ

ക്ഷേമ പദ്ധതികൾ

2021-'22 സാമ്പത്തിക വർഷം ഗ്രാമ പഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമപദ്ധതികളുടെ വിശദാംശം.

| ക്ഷേമ പദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തൊഴിൽ രഹിത വേതനം | 2880 | 3 |
| കർഷക തൊഴിലാളി പെൻഷൻ | 41,33,800 | 248 |
| വിധവാ പെൻഷൻ | 2,67,94,700 | 1964 |
| വാർദ്ധക്യകാല പെൻഷൻ | 5,94,61,200 | 4470 |
| വികലാംഗ പെൻഷൻ | 76,93,600 | 517 |
| വിവാഹ ധനസഹായം | 3,30,000 | 11 |
| അവിവാഹിതരായ സ്ത്രീകൾക്കുള്ള പെൻഷൻ | 2,54,000 | 230 |

## 1-5-1 പെൻഷൻ മരണശേഷവും ബാങ്ക് അക്കൗണ്ടുകളിൽ നിക്ഷേപിച്ചു

ചുവടെ വിവരിച്ചിരിക്കുന്ന വ്യക്തികൾക്ക് അവരുടെ മരണശേഷവും പെൻഷൻ, ബാങ്ക് അക്കൗണ്ടുകളിൽ നിക്ഷേപിച്ചതായി സേവന പെൻഷൻ രേഖകൾ പ്രകാരം കാണുന്നു.

| പെൻഷണറുടെ പേര് | പെൻഷൻ വിഭാഗം | മരണം നടന്ന തീയതി | അവസാനമായി വിതരണം നടത്തിയ മാസം |
|---|---|---|---|

| | | | |
|---|---|---|---|
| ആനന്ദവല്ലി, കൊല്ലം കോർപ്പറേഷൻ ആധാർ നമ്പർ 391400979629 | ഇന്ദിരാ ഗാന്ധി ദേശീയ വാർദ്ധക്യകാല പെൻഷൻ | 02.08.2021 | ഒക്ടോബർ, 2022 |
| ഐഷാബീവി, കരവാരം ഗ്രാമ പഞ്ചായത്ത് ആധാർ നമ്പർ 300557144812 | ഇന്ദിരാ ഗാന്ധി ദേശീയ വാർദ്ധക്യകാല പെൻഷൻ | 25.05.2021 | നവംബർ, 2022 |
| കുഞ്ഞൻ എസ് ആധാർ നമ്പർ 619149092909 | കർഷക തൊഴിലാളി പെൻഷൻ | 19.07.2021 | സെപ്റ്റംബർ, 2021 |

ഈ വിഷയം സംബന്ധിച്ച് നല്കിയ ഓഡിറ്റ് എൻക്വയറിക്ക് (നം. ) ലഭ്യമാക്കിയ മറുപടി പ്രകാരം ക്രമ നം 1, 2 എന്നിവയുടെ വിവരങ്ങൾ അതാത് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളെ അറിയിച്ചിട്ടുള്ളതായി പറയുന്നു. ക്രമ നം. 3 ൽ അധികമായി നൽകിയ തുക തിരികെ ഈടാക്കാനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-6 ക്യാഷ് ബാലൻസ് പരിശോധന

1994ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 14.02.2023 തീയതിയിൽ 2.45 P.m. സമയത്ത് ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിദ്ധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 22377/-രൂപയുടെ ക്യാഷ് ബാലൻസിന്റെ കൃത്യത ബോദ്ധ്യപ്പെട്ടു.

## 1-7 ആഭ്യന്തരനിയന്ത്രണം

1) ഓഫീസ് ഓർഡർ മുഖേന ജോലിവിഭജനം കൃത്യമായി നിർവ്വഹിച്ചിട്ടുണ്ട്. ഓഫീസ് പ്രവർത്തനം നിരീക്ഷിക്കുന്നതിനും മെച്ചപ്പെടുത്തുന്നതിനും കൃത്യമായ ഇടവേളകളിൽ ജീവനക്കാരുടെ യോഗം ചേരേണ്ടതുണ്ട്. എന്നാൽ, ഗ്രാമപഞ്ചായത്തിൽ ഇപ്രകാരം യോഗം ചേർന്നതായുള്ള രേഖകൾ ഇല്ല.

2) റിവ്യൂ മീറ്റിംഗുകൾ നടത്തിയിട്ടില്ല.

3) ആസ്തി രജിസ്റ്റർ കാലികമാക്കി തയ്യാറാക്കി സൂക്ഷിക്കുന്നില്ല. പുതുതായി ആർജിക്കുന്ന ആസ്തികൾ യഥാർത്ഥ മൂല്യത്തോടെയും, ചട്ടത്തിൽ നിഷ്കർഷിക്കുന്ന ഡിപ്രീസിയേഷൻ നൽകിയും ആസ്തി രജിസ്റ്റർ കാലികമാക്കി സൂക്ഷിക്കേണ്ടതാണ്.

4) വിവിധ സാമൂഹ്യ സുരക്ഷാ പെൻഷനുകൾ ഗുണഭോക്താക്കളുടെ മരണശേഷവും വിതരണം ചെയ്യുന്നതായി ശ്രദ്ധയിൽപ്പെട്ടു. പെൻഷൻ വിതരണ രജിസ്റ്ററുകളൊന്നും ആധികാരികമല്ല.

5) ഗ്രാമ പഞ്ചായത്തിൽ എഴുതി സൂക്ഷിക്കുന്ന വിവിധ രജിസ്റ്ററുകളുടെയും മിനിട്സ് ബുക്കുകളുടെയും പരിപാലനത്തിൽ കൂടുതൽ ശ്രദ്ധ പുലർത്തേണ്ടതാണ്. രജിസ്റ്ററുകളൊന്നും സെക്രട്ടറി സാക്ഷ്യപ്പെടുത്തുന്നില്ല.

6) പഞ്ചായത്തിൽ വാങ്ങുന്ന വിവിധ ഉപകരണങ്ങളുടെയും മറ്റ് സാധനസാമഗ്രികളുടെയും സ്റ്റോക്ക് രജിസ്റ്റർ സ്ഥാപനത്തിൽ കൃത്യമായി സൂക്ഷിക്കുന്നില്ല.

7) വിവിധ നിർവ്വഹണോദ്യോഗസ്ഥർ നടപ്പിലാക്കിയ പദ്ധതികളുടെ മോണിറ്ററിംഗ് കുറച്ചുകൂടി മെച്ചപ്പെടുത്തുന്നതിന് വിവിധ വർക്കിംഗ് ഗ്രൂപ്പുകളും സ്റ്റാൻഡിംഗ് കമ്മിറ്റികളും ശ്രദ്ധിക്കേണ്ടതാണ്.

8) സ്പിൽ ഓവർ പദ്ധതികൾ തൻവർഷം തന്നെ പൂർത്തീകരിക്കണമെന്ന സർക്കാർ ഉത്തരവ് പ്രകാരമുള്ള നിർദ്ദേശം നിർവ്വഹണോദ്യോഗസ്ഥർ പാലിക്കുന്നില്ല.

9) പ്രൊക്വയർമെന്റ് കമ്മിറ്റി സർക്കാർ ഉത്തരവിലെ നിർദ്ദേശ പ്രകാരം പ്രവർത്തിക്കുന്നില്ല.

10) എല്ലാ നിർവ്വഹണോദ്യോഗസ്ഥരും TR7A ക്യാഷ് ബുക്ക് എഴുതി സൂക്ഷിക്കേണ്ടതാണ്.

11) ട്രേഡേഴ്സ് ലിസ്റ്റിൽ ഉൾപ്പെട്ടിട്ടുള്ള സ്ഥാപനങ്ങളിൽ പലതും ഡി & ഒ ലൈസൻസ് പുതുക്കാതെ പ്രവർത്തിച്ചിട്ടുള്ളതായി കാണുന്നു. പഞ്ചായത്ത് പരിധിയിൽ അനധികൃതമായി സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നുണ്ടോയെന്ന് ഉറപ്പു വരുത്തേണ്ടതാണ്.

12) ഗ്രാമ പഞ്ചായത്തിന് വരവിനത്തിൽ ലഭിക്കേണ്ട തുകകൾ കൃത്യമായി പിരിച്ചെടുത്ത് തനത് വരുമാനം വർദ്ധിപ്പിക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

13) ബജറ്റ്, വാർഷിക ധനകാര്യ പത്രിക എന്നിവ കുറ്റമറ്റതാക്കി തയ്യാറാക്കി സമർപ്പിക്കുന്നതിന് കൂടുതൽ ശ്രദ്ധ ആവശ്യമാണ്.

ഗ്രാമ പഞ്ചായത്തിന്റെ ആഭ്യന്തര നിയന്ത്രണ സംവിധാനങ്ങൾ കൂടുതൽ മെച്ചപ്പെടുത്തുന്നതിനാവശ്യമായ നടപടികൾ

സ്വീകരിക്കേണ്ടതാണ്.

## 1-8 തൊഴിലുറപ്പ് പദ്ധതി, 2021-' 22

തൊഴിലുറപ്പ് പദ്ധതി, 2021-'22

| ഇനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| ഭരണചെലവുകൾ | 29,181 | 9,27,671 | 9,56,852 | 7,13,774 | 2,43,078 |
| ഗുണഭോക്താക്കൾക്ക് നേരിട്ട് നൽകുന്നത് | 0 | 6,71,54,133 | 6,71,54,133 | 6,71,54,133 | 0 |

* EFMS സ്റ്റേറ്റ്മെന്റ്, ക്യാഷ്ബുക്ക് പ്രകാരമുള്ള വിവരങ്ങളാണ് ഉൾപ്പെടുത്തിയത്. തുകകൾ വാർഷിക ധനകാര്യ പത്രികയുമായി പൊരുത്തപ്പെടുന്നില്ല.

## 1-9 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | ലഭ്യമല്ല | -- | -- |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 13.07.2017 മുതൽ 22.07.2017 വരെ | 2013-14 മുതൽ 2016-17 വരെ | 23.08.2017 |

## 1-10 വസ്തുനികുതി - അപാകതങ്ങൾ

1) അറുപത് ചതുരശ്ര മീറ്റർ വരെ വിസ്തീർണ്ണമുള്ള കെട്ടിടങ്ങളുടെ നികുതി ഒഴിവാക്കിയതിൽ അപാകത

അറുപത് ചതുരശ്ര മീറ്റർ വരെ വിസ്തീർണ്ണമുള്ള കെട്ടിടങ്ങളുടെ നികുതി ഒഴിവാക്കിയതിൽ അപാകതയുള്ളതായി കാണുന്നു. ജി.ഒ.(എം.എസ്.)358/15/തസ്വഭവ, തീ.16.12.2015 ഉത്തരവ് പ്രകാരം സമർപ്പിക്കേണ്ട സത്യവാങ്മൂലം സമർപ്പിച്ചിട്ടില്ല എന്ന് സഞ്ചയ സോഫ്റ്റ്വെയറിൽ രേഖപ്പെടുത്തിയിട്ടുള്ള കെട്ടിടങ്ങൾക്ക് നികുതി ഇളവ് നൽകിയിട്ടുണ്ട്. ഗ്രാമപഞ്ചായത്തിലെ വിവിധ വാർഡുകളിൽ ഇത്തരത്തിൽ രേഖപ്പെടുത്തിയ കെട്ടിടങ്ങൾ ചുവടെ ചേർക്കുന്നു.

| Ward No. | Door No. | Sub No. | Owner Name |
|---|---|---|---|
| 4 | 113 | A | Arathy |
| 4 | 470 | B | M. Ibrahimkunju |
| 4 | 559 | A | Lalitha |
| 7 | 110 | A | Rasiya Beevi |
| 8 | 113 | A | APPU/ANITHA |
| 9 | 85 | B | Sathamma |
| 9 | 556 | A | Rafeela Beevi |
| 10 | 244 | A | Naseema Beevi, Jasmine, Jinsa |
| 10 | 422 | A | Vimala |
| 15 | 217 | A | Vijukumar |
| 15 | 270 | A | Manoj B |
| 16 | 64 | | SANTHA |
| 17 | 130 | | K Babu |
| 17 | 194 | A | Lekshmi |
| 18 | 147 | A | Sudha |
| 18 | 325 | A | Sunil.P |
| 19 | 608 | A | Santhakumary |
| 19 | 642 | | Kamalamma |
| 20 | 129 | A | Uma.L Shabu. A |
| 21 | 190 | B | Babu Saraswathy |
| 21 | 410 | B | Radha Bhai |
| 22 | 171 | B | Ratheesh |

| | | | |
|---|---|---|---|
| 22 | 449 | A | Abdul Karim |

മേൽവിഷയം സൂചിപ്പിച്ച നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പ് - 44/2023 ന് മറുപടി ലഭ്യമാക്കിയിട്ടില്ല. ഗ്രാമപഞ്ചായത്തിലെ എല്ലാ വാർഡുകളും പരിശോധിച്ച് കെട്ടിടങ്ങളുടെ നികുതി ഒഴിവാക്കിയതിലെ അപാകങ്ങൾ പരിഹരിച്ച് വിശദമായ റിപ്പോർട്ട് സഹിതം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

2) അനധികൃത കെട്ടിടങ്ങൾക്ക് നികുതി കുടിശ്ശിക നിലനിൽക്കുന്നു .

UnAuthorised കാറ്റഗറിയിൽ ഉൾപ്പെടുത്തിയിരിക്കുന്ന കെട്ടിടങ്ങൾക്ക് നികുതി കുടിശ്ശിക നിലനിൽക്കുന്നു. ചില ഉദാഹരണങ്ങൾ ചുവടെ ചേർക്കുന്നു.

| വാർഡ് നം./ കെട്ടിട നം. | ഉടമയുടെ പേര് | കുടിശ്ശിക വരുത്തിയ കാലയളവ് | കുടിശ്ശിക |
|---|---|---|---|
| 2/239C | സുഷിൻ എസ്. | 2019 (1st Half) -2022 | 7740 |
| 5/3UA | ഉഷ | 2020 (1st Half) -2022 | 597 |
| 5/665A | ജെറോൻ* | 2016 (1st Half) -2022 | 1946 |
| 5/742A | അനിൽ | 2018 (1st Half) - 2022 | 2915 |
| 14/453A | ജഗദമ്മ | 2020 (1st Half) -2022 | 927 |
| 19/267A | സത്യഭാമ* | 2016 (2nd Half) - 2022 | 5674 |
| 19/267B | സൗദാമിനി* | 2016 (2nd Half) - 2022 | 6142 |

* ഒരിക്കലും അടവാക്കിയിട്ടില്ല.

2011 ലെ കേരള പഞ്ചായത്ത് രാജ് വസ്തു നികുതി ചട്ടങ്ങളുടെ അടിസ്ഥാനത്തിൽ നിയമാനുസൃതമല്ലാതെ നിർമ്മിക്കപ്പെട്ട കെട്ടിടങ്ങളുടെ നികുതി കൃത്യമായി ഈടാക്കേണ്ടതും അനധികൃത നിർമ്മാണം സംബന്ധിച്ച് തുടർനടപടി സ്വീകരിക്കേണ്ടതുമാണ്. മേൽവിഷയം സൂചിപ്പിച്ച നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പ് - 44/2023 ന് മറുപടി ലഭ്യമാക്കിയിട്ടില്ല. വസ്തുനികുതി ഇനത്തിൽ ലഭിക്കേണ്ട നികുതി കുടിശ്ശിക പിരിച്ചെടുക്കുന്നതിന് ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയുടെ ഭാഗത്തുനിന്നും സത്വര നടപടികൾ ഉണ്ടാകേണ്ടതാണ്.

## 1-11 തൊഴിൽ നികുതി - ഓഡിറ്റ് നിർദ്ദേശങ്ങൾ പാലിക്കേണ്ടതാണ്.

1994-ലെ കേരള പഞ്ചായത്ത് രാജ് നിയമം വകുപ്പ് 204,205(എ- കെ) പ്രകാരം ഒരു പഞ്ചായത്ത് പ്രദേശത്ത് ഒരു അർദ്ധ വർഷത്തിൽ മൊത്തം അറുപത് ദിവസത്തിൽ കുറയാതെ ഇടപാട് നടത്തുന്ന കമ്പനിയും, ബിസിനസ് നടത്തുകയോ, പൊതുവോ സ്വകാര്യമോ ആയ ഉദ്യോഗം വഹിക്കുന്നതോ ആയ ഏതൊരാളുടേയും മേൽ തൊഴിൽ നികുതി ചുമത്താവുന്നതാണ്. വകുപ്പ് 205 ബി,സി, ചട്ടം-14 പ്രകാരം സെക്രട്ടറിയ്ക്ക് അത്തരക്കാരിൽ നിന്നും രേഖാമൂലം ഒരു ലിസ്റ്റ് ആവശ്യപ്പെടാവുന്നതാണ്. 205 I പ്രകാരം ഓരോ സ്ഥാപനത്തിനും പ്രത്യേക പേജുകൾ അനുവദിച്ചുകൊണ്ട് വാർഡ് തിരിച്ചുകൊണ്ടുള്ള ഒരു ഡിമാൻഡ് രജിസ്റ്റർ സൂക്ഷിക്കേണ്ടതുമാണ്. തദ്ദേശ സ്ഥാപനത്തിലെ തൊഴിൽ നികുതി രജിസ്റ്റർ പരിശോധിച്ചതിൽ ചുവടെ വിവരിക്കുന്ന തൊഴിൽ സ്ഥാപനങ്ങളിൽ നിന്നും താഴെ പറയുന്ന കാലയളവുകളിലെ തൊഴിൽ നികുതി ഈടാക്കിയിട്ടില്ലായെന്ന് കണ്ടെത്തി. വിശദവിവരം ചുവടെ ചേർക്കുന്നു.

| ക്രമ നമ്പർ | സ്ഥാപനത്തിന്റെ പേര് | അർദ്ധവർഷം |
|---|---|---|
| 1 | തിരുവിതാംകൂർ ദേവസ്വം ബോർഡ് | II |
| 2 | റഹ്മാസ് ഗ്യാസ് ഏജൻസി | I & II |

മേൽവിവരിച്ച സ്ഥാപനങ്ങളിൽ നിന്നും നികുതി ഈടാക്കാത്തതിനുള്ള വിശദീകരണം ആവശ്യപ്പെട്ട് നൽകിയ അന്വേഷണകുറിപ്പ് 15/2023 – ന് മറുപടി ലഭ്യമാക്കി. ഇതിൽ പ്രസ്തുത സ്ഥാപനങ്ങൾക്ക് തൊഴിൽ നികുതി അടക്കുന്നതിന് കത്ത് നൽകുന്നതാണെന്ന് മറുപടി ലഭ്യമാക്കിയിട്ടുണ്ട്. കേരള പഞ്ചായത്ത് രാജ് ആക്ട് സെക്ഷൻ 205 ഇ,എഫ്,എച്ച്, എന്നീ വകുപ്പുകളിൽ പ്രത്യേകം പറഞ്ഞിട്ടുള്ള പ്രകാരം വിശദാംശങ്ങൾ നൽകാനും നികുതി അടവാക്കാനും ബാധ്യസ്ഥനായ ഏതെങ്കിലും ആഫീസ് മേധാവിയോ തൊഴിലുടമയോ നിർദ്ദിഷ്ട സമയത്തിനുള്ളിൽ അങ്ങനെയുള്ള വിവരങ്ങൾ നൽകുന്നതിലോ അടയ്ക്കേണ്ടതായ നികുതി അടവാക്കുന്നതിൽ വീഴ്ചവരുത്തുകയോ ചെയ്താൽ സെക്രട്ടറിയ്ക്ക് ശിക്ഷാനടപടി സ്വീകരിക്കാവുന്നതാണ്. ആയതിനാൽ ധനകാര്യസ്റ്റാൻഡിംഗ് കമ്മിറ്റി മേൽ വിഷയത്തിൽ പ്രത്യേക ശ്രദ്ധ നൽകേണ്ടതും, തൊഴിൽ നികുതി പിരിച്ചെടുത്ത് ഓഡിറ്റിനെ അറിയിക്കേണ്ടതുമാണ്.

## 1-12 റേഷൻകടകളിൽ നിന്നും FATEAOS ലൈസൻസ്,തൊഴിൽ നികുതി എന്നിവ

ഈടാക്കിയില്ല

സിവിൾ സപ്ലൈസ് ഡയറക്ടറുടെ 22-01-2019-ലെ (സി.എസ്.)എ9-764/19 നമ്പർ ഉത്തരവ് പ്രകാരം റേഷൻ കടകളെ ലൈസൻസ് ഫീസിൽ നിന്നും, തൊഴിൽ നികുതിയിൽ നിന്നും ഒഴിവാക്കപ്പെട്ടിട്ടില്ലായെന്ന് വ്യക്തമാക്കിയിട്ടുണ്ട്. ആയതിനാൽ പഞ്ചായത്ത് പരിധിയിലെ റേഷൻ കടകളിൽ നിന്നും ലൈസൻസ് ഫീസും, തൊഴിൽ നികുതിയും ഈടാക്കേണ്ടതാണ്. തൊഴിൽ നികുതി അടവാക്കാത്ത പക്ഷം റേഷൻകടകളുടെ മേൽ അധികാരിയെന്ന നിലയിൽ താലൂക്ക് സപ്ലൈ ആഫീസർക്ക് അറിയിപ്പ് നൽകി പ്രസ്തുത നികുതി ഈടാക്കാൻ പഞ്ചായത്ത് നടപടി സ്വീകരിച്ചിട്ടുണ്ടെങ്കിൽ ആയതിന്റെ വിവരവും, പഞ്ചായത്ത് പരിധിയിൽ എത്ര റേഷൻകടകൾ പ്രവർത്തിക്കുന്നുവെന്നുള്ള വിവരവും ലഭ്യമാക്കാൻ ആവശ്യപ്പെട്ട് നൽകിയ അന്വേഷണകുറിപ്പ് 15/2023-ന് കൃത്യമായ കണക്ക് ലഭ്യമല്ല എന്നുള്ള മറുപടിയാണ് ലഭ്യമാക്കിയത്. തനത് ഫണ്ടിന്റെ വർദ്ധനവിനായി ഗ്രാമപഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന റേഷൻ കടകളിൽ നിന്നും നിയമാനുസൃത ലൈസൻസ് ഫീസും, തൊഴിൽ നികുതിയും ഈടാക്കേണ്ടതും തുടർനടപടി ഓഡിറ്റിനെ അറിയിക്കേണ്ടതുമാണ്.

## 1-13 ലൈസൻസ് രജിസ്റ്ററിലെ സ്ഥാപനങ്ങളെല്ലാം ട്രേഡേഴ്സ് ലിസ്റ്റിൽ ഉൾപ്പെടുത്തിയിട്ടില്ല.

പരിശോധനയ്ക്ക് ഹാജരാക്കിയ 2021-22 വർഷത്തെ ട്രേഡേഴ്സ് ലിസ്റ്റ് കാലികമാക്കി സൂക്ഷിച്ചിട്ടില്ല. 2021-22 വർഷം ലൈസൻസ് രജിസ്റ്ററിലെ സ്ഥാപനങ്ങളെല്ലാം ട്രേഡേഴ്സ് ലിസ്റ്റിൽ ഉൾപ്പെടുത്തിയിട്ടില്ല. ഉദാഹരണങ്ങൾ ചുവടെ ചേർക്കുന്നു:

| ക്രമ നം. | വാർഡ് നം./കെട്ടിട നം. | ഉടമയുടെ പേര് | വ്യാപാര സ്ഥാപനം |
|---|---|---|---|
| 1 | XIII/493 | അഖിൽ ശങ്കർ | യൂറോടെക് സിമന്റ് ഓഫീസ് |
| 2 | VI/645,646 | അഖിൽ ശങ്കർ | സിമന്റ് സൂക്ഷിക്കുന്നതിന് |
| 3 | XIV/363 | റിസിൽസ് ആർ. | മൊബൈൽ ആക്സസറീസ് |
| 4 | XI/215B | സജിൽ കെ. എ. | ആദം ഓയിൽ & ലൂബ്സ് |
| 5 | VII/386 | ഗിരീശൻ | ദിവ്യ സ്റ്റോർ |
| 6 | VII/266 | അനൂപ് സുദർശൻ | സ്പാർക്ക് ട്രേഡേഴ്സ് |

ട്രേഡേഴ്സ് ലിസ്റ്റ് കാലികമാക്കി സൂക്ഷിക്കാത്തതുകൊണ്ടാണ് ഇത്തരത്തിലുള്ള അപാകത സംഭവിക്കുന്നത്. ലൈസൻസ് രജിസ്റ്ററിലെ മുഴുവൻ സ്ഥാപനങ്ങളും ട്രേഡേഴ്സ് ലിസ്റ്റിൽ ഉൾക്കൊള്ളുന്നുവെന്ന് ഉറപ്പുവരുത്തേണ്ടതാണ്.

## 1-14 ട്രേഡേഴ്സ് ലിസ്റ്റ് കാലികമാക്കേണ്ടതാണ്.

സഞ്ചയ പ്രകാരം 2201 കടമുറികൾ പഞ്ചായത്തു പരിധിയിൽ രജിസ്റ്റർ ചെയ്തിട്ടുണ്ട്. ലൈസൻസ് രജിസ്റ്ററിൽ 260 സ്ഥാപനങ്ങളാണ് ലൈസൻസ് എടുത്ത് പ്രവർത്തിക്കുന്നത്. ട്രേഡേഴ്സ് ലിസ്റ്റിൽ 400 സ്ഥാപനങ്ങൾ ഉൾപ്പെട്ടിട്ടുണ്ട്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| വാർഡ് | ട്രേഡേഴ്സ് ലിസ്റ്റിലുള്ള സ്ഥാപനങ്ങൾ | സഞ്ചയ പ്രകാരം രജിസ്റ്റർ ചെയ്ത കടമുറികൾ |
|---|---|---|
| വാർഡ് I | 24 | 142 |
| വാർഡ് II | 20 | 100 |
| വാർഡ് III | 5 | 62 |
| വാർഡ് IV | 21 | 134 |
| വാർഡ് V | 4 | 49 |
| വാർഡ് VI | 26 | 155 |
| വാർഡ് VII | 12 | 53 |
| വാർഡ് VIII | 22 | 97 |
| വാർഡ് IX | 12 | 62 |
| വാർഡ് X | 7 | 19 |
| വാർഡ് XI | 17 | 107 |
| വാർഡ് XII | 51 | 245 |
| വാർഡ് XIII | 42 | 191 |

| | | |
|---|---|---|
| വാർഡ് XIV | 49 | 278 |
| വാർഡ് XV | 13 | 35 |
| വാർഡ് XVI | 6 | 37 |
| വാർഡ് XVII | 12 | 79 |
| വാർഡ് XVIII | 8 | 32 |
| വാർഡ് XIX | 24 | 146 |
| വാർഡ് XX | 7 | 26 |
| വാർഡ് XXI | 8 | 88 |
| വാർഡ് XXII | 12 | 64 |
| ആകെ | 400 | 2201 |

പഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന മുഴുവൻ വാണിജ്യസ്ഥാപനങ്ങൾക്കും നിയമവിധേയമായ വ്യവസ്ഥകൾക്കനുസൃതമായി യഥാസമയം ലൈസൻസ് നൽകുന്നതുവഴി പരിസ്ഥിതി ആരോഗ്യ സംരക്ഷണത്തിനും പഞ്ചായത്തിന്റെ തനത് ഫണ്ടിലേയ്ക്ക് ധനം എത്താനും ആയത് പഞ്ചായത്തിന്റെ വികസനപ്രക്രിയയ്ക്ക് ആക്കം കൂട്ടുന്നതിനും സഹായമാകുന്നതാണ്. ഓരോ വർഷവും വാർഡ് തലത്തിൽ ഫീൽഡ് തല പരിശോധന നടത്തി വാർഡ് തല ട്രേഡ്സ് ലിസ്റ്റ് തയ്യാറാക്കി വാണിജ്യസ്ഥാപനങ്ങൾക്ക് ലൈസൻസ് നൽകേണ്ടതാണ്. ലൈസൻസ് ഇല്ലാതെ ഒരു സ്ഥാപനവും പഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്നില്ലായെന്ന് ഉറപ്പാക്കേണ്ടതും, അപ്രകാരം തനത് ഫണ്ടിന്റെ വരുമാന നഷ്ടത്തിന് കാരണമാകുന്നില്ലായെന്ന് ഉറപ്പു വരുത്തേണ്ടതുമാണ്. ഈ വിഷയത്തിൽ ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയുടെ ശ്രദ്ധ ക്ഷണിക്കുന്നു.

## 1-15 നിയമാനുസൃത മെഷീൻ ഫീസ് ഈടാക്കിയിട്ടില്ല

താഴെ കൊടുത്തിരിക്കുന്ന സ്ഥാപനങ്ങളിൽ നിന്നും വൈദ്യുതി കൊണ്ട് പ്രവർത്തിക്കുന്ന യന്ത്ര സാമഗ്രികൾ ഉപയോഗിക്കുന്നതിനുള്ള ഫീസ് ഈടാക്കിയിട്ടില്ല.

| വാർഡ് നം./കെട്ടിട നം./ സ്ഥാപനം | ഉടമസ്ഥൻ | യന്ത്രത്തിന്റെ കുതിരശക്തി (HP) | ചുമത്തിയ ഫീസ് | ചുമത്തേണ്ടിയിരുന്ന ഫീസ് | വ്യത്യാസം |
|---|---|---|---|---|---|
| 19/194/റൈസ് മിൽ | മധുസൂധനൻ | 10 | 100 | 200 | 100 |
| 14/8-13/ കാഷ്യൂ പ്രോസസ്സിംഗ് | കെ. സുരേഷ് ബാബു | 10 | 100 | 200 | 100 |
| 05/69A/എച്ച്.ആർ. റൈസ് മിൽ | റിയാസ് | 10 | 100 | 200 | 100 |
| 15/305/ റൈസ്, ഫ്ലവർ & ഓയിൽ മിൽ | ബിജു | 20 | 200 | 300 | 100 |
| 01/187/ജെ.പി.എം. റൈസ് മിൽ | മോഹനൻപിള്ള | 10 | 100 | 200 | 100 |
| 09/511/ഫ്ലവർ മിൽ | സാബു .എസ് | 10 | 100 | 200 | 100 |
| 16/85/രോഹിണി ഫ്ലവർ മിൽ | മണിലാൽ | 10 | 100 | 200 | 100 |

ഇത് സംബന്ധിച്ച ഓഡിറ്റ് എൻക്വയറി നം.24/2023-നുള്ള മറുപടി ലഭ്യമാക്കിയില്ല. 1996 -ലെ കേരള പഞ്ചായത്ത് രാജ് (ഫാക്ടറികൾക്കും വ്യാപാരങ്ങൾക്കും സംരംഭക പ്രവർത്തനങ്ങൾക്കും മറ്റ് സേവനങ്ങൾക്കും ലൈസൻസ് നൽകൽ) ചട്ടങ്ങൾ ചട്ടം 18, 19 പട്ടിക 3 എന്നിവ പ്രകാരം യന്ത്രത്തിന്റെ കുതിരശക്തിയ്ക്ക് അനുസരിച്ച് മെഷീൻ ഫീസ് ഈടാക്കേണ്ടതാണ്. നിയമാനുസൃതമായ മെഷീൻ ഫീസ് ഈടാക്കി അവ ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 1-16 ലൈബ്രറി പ്രവർത്തനസജ്ജമാക്കേണ്ടതാണ്.

നാവായിക്കുളം ഗ്രാമപഞ്ചായത്തിൽ 2021-22 വർഷത്തെ ഓഡിറ്റിന്റെ ഭാഗമായി ലൈബ്രറിയുമായി ബന്ധപ്പെട്ട പുസ്തകങ്ങളുടെ സ്റ്റോക്ക് രജിസ്റ്റർ, ഗ്രന്ഥശാലാ ഗ്രന്ഥ വിതരണ രജിസ്റ്റർ, അംഗത്വ രജിസ്റ്റർ, ഗ്രന്ഥശാലാ കമ്മിറ്റി രജിസ്റ്റർ എന്നിവ പരിശോധിച്ചു. ലൈബ്രറിയിൽ ആകെ 1219 പുസ്തകങ്ങളാണ് ഉള്ളത്. പുസ്തകങ്ങൾ കൂടുതലും സംഭാവനയായി കിട്ടിയതാണ്. ലൈബ്രറിയുടെ കെട്ടിടം നിലവിൽ ഐ.സി.ഡി.എസ്സിന്റെ പ്രവർത്തനങ്ങൾക്കായാണ് മാറ്റിവച്ചിട്ടുള്ളത്. നാവായിക്കുളം ഗ്രാമപഞ്ചായത്തിലെ ലൈബ്രറിയുടെ സ്ഥലപരിശോധനയിൽ കണ്ട ചിത്രങ്ങളാണ് ചുവടെ ചേർത്തിരിക്കുന്നത്. പ്രസ്തുത കെട്ടിടത്തിന്റെ ഒരു കോണിലായാണ് ലൈബ്രറി ചിത്രത്തിൽ കാണുന്നതുപോലെ

സ്ഥിതി ചെയ്യുന്നത്. പഞ്ചായത്തിന്റെ അനിവാര്യ ചുമതലകളിൽ ഉൾപ്പെട്ടിട്ടുള്ള ഗ്രന്ഥശാലയ്ക്കുവേണ്ടി പദ്ധതികളൊന്നും തന്നെ മുൻ വർഷങ്ങളിലും രൂപീകരിച്ചു കാണുന്നില്ല.



ലൈബ്രറിയുടെ പ്രവർത്തനങ്ങൾ സജീവമാക്കി കൂടുതൽ പുസ്തകങ്ങൾ വാങ്ങി സ്റ്റോക്ക് ചെയ്യുന്നതിലേക്കും പഞ്ചായത്ത് ഭരണസമിതിയുടെ ശ്രദ്ധക്ഷണിക്കുന്നു. ലൈബ്രറിയുടെ അംഗത്വ രജിസ്റ്ററിൽ കൂടുതൽ അംഗങ്ങളെ ചേർക്കുന്നതിന് വേണ്ട പദ്ധതികൾ ആസൂത്രണം ചെയ്ത് നടപ്പിലാക്കേണ്ടതാണ്, കുട്ടികളുടെയും യുവജനങ്ങളുടെയും പങ്കാളിത്തം ലൈബ്രറിയിൽ ഉറപ്പു വരുത്തേണ്ടതാണ്. നിലവിലെ പഞ്ചായത്ത് ലൈബ്രറിയുടെ ശോചനീയാവസ്ഥ പരിഹരിക്കുകയും ലൈബ്രറിയുടെ പ്രവർത്തനങ്ങൾ ക്രമേണ വിലയിരുത്തി വേണ്ട മാറ്റങ്ങൾ നിർദ്ദേശിക്കേണ്ടതുമാണ്.

## 1-17 സാക്ഷരതാ പ്രേരകിന് അനുവദിച്ച ഹോണറേറിയം തുക തിരികെ ലഭിച്ചിട്ടില്ല

സ.ഉ.(സാധാ) നം.626/2021/തസ്വഭവ, തീയതി 26.02.2021 പ്രകാരം കേരള സംസ്ഥാന സാക്ഷരതാ മിഷനിലെ സാക്ഷരതാ പ്രേരക്മാരുടെ 2020 ഡിസംബർ മുതൽ 2021 മാർച്ച് വരെയുള്ള മാസങ്ങളിലെ ഓണറേറിയം സാക്ഷരതാമിഷൻ പിന്നീട് പ്രസ്തുത തുക തദ്ദേശസ്വയം ഭരണസ്ഥാപനങ്ങൾക്ക് തിരികെ നൽകണമെന്ന വ്യവസ്ഥയോടെ തദ്ദേശസ്വയം ഭരണസ്ഥാപനങ്ങളുടെ തനത് ഫണ്ടിൽ നിന്നും നൽകുന്നതിന് അനുമതി നൽകിയിരുന്നു. 2021-22 വർഷത്തെ ബിൽ രജിസ്റ്റർ, വൗച്ചറുകൾ എന്നിവ പരിശോധിച്ചതിൽ നിന്നും വൗച്ചർ നം. 22100072/03.05.21 പ്രകാരം (ചെക്ക് നം.5670442/3.05.21) 02/21 ലെ ശമ്പളമായി 8000 രൂപയും വൗച്ചർ നം. 22100108/22.05.21 പ്രകാരം (ചെക്ക് നം.978992/22.05.21) 03/21 ലെ ശമ്പളമായി 10000 രൂപയും സാക്ഷരതാ പ്രേരകിന് നൽകിയിട്ടുള്ളതായി കാണുന്നു. എന്നാൽ ടി വർഷം പ്രസ്തുത തുക സാക്ഷരതാ മിഷനിൽ നിന്നും തിരികെ ലഭിച്ചിട്ടുള്ളതായി കാണുന്നില്ല. 2021-22 വർഷത്തെ ബി 18 ഷെഡ്യൂളിൽ ഹെഡ് നം.460100103 – Temporary Advance For Official Purposes പ്രകാരം പ്രസ്തുത തുക ക്രമീകരിക്കാതെ അവശേഷിക്കുന്നു. മേൽ അപാകത സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണം നം. 21/14.02.23 ന് മറുപടി ലഭ്യമാക്കിയിട്ടില്ല. തുക തിരികെ ലഭിക്കുന്നതിനുള്ള നടപടി സ്വീകരിക്കേണ്ടതാണ്.

## 1-18 ദുരിതാശ്വാസനിധി രൂപീകരിച്ചിട്ടില്ല

2003-ലെ കേരള പഞ്ചായത്ത് രാജ് (ദുരിതാശ്വാസ നിധി രൂപീകരണവും വിനിയോഗവും) ചട്ടങ്ങളിലെ 3-ാം ചട്ട പ്രകാരം പേമാരി, വെള്ളപ്പൊക്കം, മാറാരോഗങ്ങൾ തുടങ്ങിയവയ്ക്ക് വിധേയരാവുന്നവർക്ക് അടിയന്തര ധനസഹായം നൽകുന്നതിന് ഓരോ ഗ്രാമപഞ്ചായത്തും ഓരോ പ്രമേയം മൂലം ഗ്രാമപഞ്ചായത്ത് ഫണ്ടിൽ നിന്നും വേറിട്ട് സൂക്ഷിക്കുന്ന ഒരു ദുരിതാശ്വാസ നിധി രൂപീകരിക്കേണ്ടതാണ്. ധനശേഖരണാടിസ്ഥമുള്ള കലാ-കായിക -വിനോദ പരിപാടികൾ സംഘടിപ്പിച്ചും വ്യക്തികൾ, സംഘടനകൾ, സ്ഥാപനങ്ങൾ എന്നിവയിൽനിന്ന് സംഭാവനകൾ സ്വീകരിച്ചും ദുരിതാശ്വാസനിധി രൂപീകരിക്കുന്നതിനാവശ്യമായ ധനം സ്വരൂപിക്കാവുന്നതാണ്. നിധിയുടെ വരവു- ചെലവുകൾ കൈകാര്യം ചെയ്യുന്നതിനായി ഒരു ദേശസാൽകൃത ബാങ്കിൽ അല്ലെങ്കിൽ സഹകരണബാങ്കിൽ സെക്രട്ടറിയുടെ പേരിൽ ഒരു ബാങ്ക് അക്കൌണ്ട് തുടങ്ങേണ്ടതും, ലഭിക്കുന്ന സംഭാവനകൾക്ക് അച്ചടിച്ച ഫാറത്തിലുള്ള രസീതുകൾ നൽകേണ്ടതുമാണ്. ഗ്രാമപഞ്ചായത്തിൽ ദുരിതാശ്വാസ നിധി രൂപീകരിച്ചിട്ടുണ്ടോയെന്ന വിവരം ലഭ്യമാക്കുന്നതിന് നൽകിയ ഓഡിറ്റ് അന്വേഷണം നം.13/13.02.23 ന് ലഭ്യമാക്കിയ മറുപടി പ്രകാരം നിലവിൽ ദുരിതാശ്വാസ നിധി രൂപീകരിച്ചിട്ടില്ലായെന്നും കമ്മിറ്റിയുടെ ശ്രദ്ധയിൽപ്പെടുത്തി തുടർനടപടി സ്വീകരിക്കുന്നതാണെന്നും അറിയിച്ചിരിക്കുന്നു. സർക്കാർ ഉത്തരവുകളിലൂടെ നിഷ്കർഷിച്ചിരിക്കുന്ന ഫണ്ടുകൾ രൂപീകരിക്കുന്നതിലും അവയുടെ വിനിയോഗത്തിലും ധനകാര്യസ്റ്റാൻഡിംഗ് കമ്മിറ്റി കൂടുതൽ ശ്രദ്ധിക്കേണ്ടതാണ്.

## 1-19 കമ്മിറ്റി രൂപീകരണം സംബന്ധിച്ച്

1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം 163-ാം വകുപ്പ് ഓരോ പഞ്ചായത്തിനും പ്രസ്തുത വകുപ്പിൽ വ്യക്തമാക്കിയ പ്രകാരം പ്രവർത്തന കമ്മിറ്റികൾ രൂപീകരിക്കുന്നതിനായി അധികാരം നൽകിയിട്ടുണ്ട്. പ്രസ്തുത നിയമത്തിലെ 164-ാംവകുപ്പ് അനുസരിച്ച് ഓരോ പഞ്ചായത്തിനും സ്റ്റാന്റിംഗ് കമ്മിറ്റിയേയോ പ്രവർത്തന കമ്മിറ്റികളേയോ ഏതെങ്കിലും പണിയോ പദ്ധതിയേയോ പ്രോജക്ടോ പ്ലാനോ നടപ്പാക്കുന്നതിൽ സഹായിക്കുന്നതിലേക്കായി പഞ്ചായത്തിലെ അംഗങ്ങളും പൊതുജനക്ഷേമത്തിൽ താൽപര്യമുള്ളവരും പഞ്ചായത്ത് നാമനിർദ്ദേശം ചെയ്യുന്നവരുമായ മറ്റാളുകളുമടങ്ങിയ സബ്കമ്മിറ്റികൾ രൂപീകരിക്കുന്നതിനായി അധികാരം നൽകിയിട്ടുണ്ട്. ഇതിനു പുറമെ ഇതേ നിയമത്തിലെ 165-ാം വകുപ്പ് മറ്റ് തദ്ദേശ സ്വയംഭരണസ്ഥാപനങ്ങളുമായി ചേർന്ന് ജോയിന്റ് കമ്മിറ്റികൾ രൂപീകരിക്കുന്നതിനും അധികാരം നൽകുന്നുണ്ട്. പഞ്ചായത്തിൽ ഇപ്രകാരം പ്രവർത്തന കമ്മിറ്റികളോ, സബ്കമ്മിറ്റികളോ, ജോയിന്റ് കമ്മിറ്റികളോ രൂപീകരിച്ചിട്ടുണ്ടെങ്കിൽ അത് സംബന്ധിച്ച വിവരം അറിയിക്കുന്നതിന് നൽകിയ ഓഡിറ്റ് അന്വേഷണം നം.14/13.02.23 ന് മറുപടി ലഭ്യമാക്കിയിട്ടില്ല. 1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം 4(1) ാം വകുപ്പ് പ്രകാരം സൃഷ്ടിക്കപ്പെട്ട ഗ്രാമ പഞ്ചായത്തുകൾക്ക് പഞ്ചായത്ത് രാജ് നിയമത്തിലെ മൂന്നാം പട്ടികപ്രകാരം അതിന്റെ ചുമതലകൾ യഥാവിധി നിർവ്വഹിക്കുന്നതിന് മേൽപ്പറഞ്ഞ കമ്മിറ്റികൾ സഹായകരമാകുമെന്നതിനാൽ നിയമപ്രകാരം ആയത് രൂപീകരിക്കുന്നതിന് വേണ്ട നടപടികൾ ഗ്രാമ പഞ്ചായത്ത് സ്വീകരിക്കേണ്ടതാണ്.

## 1-20 ന്യൂലൈഫ് ഭവന പദ്ധതി - സർക്കാർ നിർദ്ദേശങ്ങൾ പാലിച്ച് പദ്ധതി നടപ്പാക്കേണ്ടതാണ്

| | |
|---|---|
| പ്രോജക്ട് നം. | 100/22 |
| പ്രോജക്ടിന്റെ പേര് | ന്യൂലൈഫ് പദ്ധതി (ജനറൽ) |
| നിർവഹണം | വി.ഇ.ഒ സർക്കിൾ 2 |
| അടങ്കൽ | 1508378/- (308378/- ബ്ലോ.പ, 1200000/- ജി.പ) |
| ചെലവ് | 1100000/- (100000 ബ്ലോ.പ + 1000000 ജി.പ) |

തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ സഹായത്തോടെ ജില്ലാ പഞ്ചായത്ത് ആവിഷ്കരിച്ച് നടപ്പാക്കുന്ന പദ്ധതിയാണ് ന്യൂ ലൈഫ്- സമഗ്രകോളനി നവീകരണം. 2021-22 വർഷം ഭവന പുനരുദ്ധാരണത്തിനായി വിവിധ ഗുണഭോക്താക്കൾക്ക് പദ്ധതി ആനുകൂല്യം അനുവദിച്ചിട്ടുണ്ട്. പ്രോജക്ടുമായി ബന്ധപ്പെട്ട അപാകങ്ങൾ ചുവടെ ചേർക്കുന്നു.

1) പ്രോജക്ട് മാർഗരേഖ പ്രകാരം വീട് മെയിന്റനൻസിനുള്ള തുകയായ 2 ലക്ഷം രൂപ 4 ഗഡുക്കളായി നൽകേണ്ടതും ഗുണഭോക്താവ് ഗ്രാമപഞ്ചായത്തുമായി കരാർ ചമയ്ക്കുമ്പോൾ ആദ്യ ഗഡു തുകയായ 40,000/- രൂപ അനുവദിക്കേണ്ടതുമാണ്. എന്നാൽ മേൽ പദ്ധതിയിൽ ഗുണഭോക്താക്കൾക്ക് രണ്ട് ഗഡുക്കളായി 1,00,000/- രൂപ വീതമാണ് ആനുകൂലയം അനുവദിച്ച നൽകിയിട്ടുള്ളത്.

2) പ്രോജക്ട് മാർഗ്ഗരേഖ പ്രകാരം ഗുണഭോക്താക്കൾക്ക് അവസാന ഗഡു നൽകിയ ശേഷം മെയിന്റനൻസ് പൂർത്തീകരിച്ച വീടുകളുടെ ഫോട്ടോ തയ്യാറാക്കി ഫയലിൽ സൂക്ഷിക്കണമെന്ന് വ്യക്തമാക്കിയിട്ടുണ്ട്. എന്നാൽ ഫയലിൽ വീടുകളുടെ ഫോട്ടോ സൂക്ഷിച്ചിട്ടില്ല.

3) സ്റ്റേജ്/വാല്യൂവേഷൻ സർട്ടിഫിക്കറ്റുകളുടെ അടിസ്ഥാനത്തിലാണ് ഓരോ ഗഡുവും അനുവദിക്കേണ്ടത്. എന്നാൽ ഫയലുകളിൽ സ്റ്റേജ് സർട്ടിഫിക്കറ്റ് നൽകിയതായി രേഖയില്ല. വാല്യൂവേഷൻ സർട്ടിഫിക്കറ്റും ഇല്ലാതെയാണ് ചില അപേക്ഷകളിൽ തുക നൽകിയിരിക്കുന്നത്.

മേൽ വിഷയം സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് (നം. 36) മറുപടി ലഭ്യമാക്കിയിട്ടില്ല. മുൻവർഷത്തെ റിപ്പോർട്ടിലും പ്രസ്തുത അപാകത ചൂണ്ടിക്കാണിച്ചിരുന്നുവെങ്കിലും ആയത് പരിഹരിക്കാൻ യാതൊരു നടപടിയും സ്വീകരിച്ചിട്ടില്ല. സർക്കാർ ഉത്തരവ് പ്രകാരമുള്ള മാനദണ്ഡങ്ങൾ കൃത്യമായും പാലിച്ച് പദ്ധതി നടപ്പാക്കേണ്ടതാണ്.

## 1-21 ഭവനപുനരുദ്ധാരണത്തിനായുള്ള പദ്ധതികൾ - വ്യക്തമായ രേഖകളില്ലാത്തതിനാൽ 5575000/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു

നിർവ്വഹണോദ്യോഗസ്ഥൻ : വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ II

| | | |
|---|---|---|
| പദ്ധതി | SO 99/22 | 39/22 |
| അടങ്കൽ | 1900000/- രൂപ (SCP) | 4950000/-രൂപ (SCP) |
| ചെലവ് | 1600000/- രൂപ | 3975000/- രൂപ |

| | | |
|---|---|---|
| ബിൽ നം. | 112/16.8.21 – 150000/-<br>201/30.10.21 – 350000/-<br>237/27.11.21 – 150000/-<br>269/14.12.21 – 100000/-<br>293/22.12.21 – 100000/-<br>307/29.12.21 – 100000/-<br>349/25.01.22 – 200000/-<br>368/29.01.22 – 100000/-<br>409/14.02.22 – 150000/-<br>443/26.02.22 – 100000/-<br>487/11.03.22 - 100000/- | 240/29.11.21 – 1750000/-<br>270/14.12.21 – 500000/-<br>292/22.12.21 – 115000/-<br>303/27.12.21 – 215000/-<br>338/17.01.22 – 500000/-<br>350/25.01.22 – 140000/-<br>410/14.02.22 – 185000/-<br>441/25.02.22 – 140000/-<br>442/26.02.22 – 105000/-<br>486/11.03.22 – 145000/-<br>509/18.03.22 – 105000/-<br>576/26.03.22 - 75000/- |

2021-22 സാമ്പത്തികവർഷത്തിൽ നടപ്പിലാക്കിയ ഭവനപുനരുദ്ധാരണത്തിനായുള്ള പദ്ധതികളുടെ ഫയൽ പരിശോധിച്ചതിൽ കണ്ട അപാകതകൾ ചുവടെ ചേർക്കുന്നു.

1) വിവിധ ബില്ലുകൾ മുഖേന പിൻവലിച്ച തുകകളുടെ വിതരണവിവരം രജിസ്റ്ററിൽ എഴുതി സൂക്ഷിച്ചിട്ടില്ല. ഓരോ ഗുണഭോക്താവിനും എത്ര വീതമാണ് തുക നൽകിയതെന്നോ അവരിൽ എത്ര പേർ പണി പൂർത്തീകരിച്ചെന്നോ രേഖയില്ല.

2) സ്പിൽ ഓവർ പദ്ധതി മുഖേന പിൻവലിച്ച തുകകളുടെ ബിൽ പകർപ്പുകളും ലഭ്യമാക്കിയിട്ടില്ല.

3) സ.ഉ.(കൈ) നം.22/2018/തസ്വഭവ തീ 14.02.2018 പ്രകാരം വീട് മെയിന്റനൻസ് പദ്ധതിയുടെ എസ്റ്റിമേറ്റ് കെട്ടിട ഉടമ തയ്യാറാക്കി സമർപ്പിക്കേണ്ടതാണ്. എന്നാൽ അപേക്ഷകളോടൊപ്പം എസ്റ്റിമേറ്റ് ലഭ്യമല്ല. എന്തൊക്കെ പ്രവൃത്തികളാണ് ചെയ്യുന്നതെന്നോ അനുവദനീയമായ ഇനങ്ങൾക്കാണോ ആനുകൂല്യം അനുവദിച്ചിട്ടുള്ളതെന്നും പരിശോധിക്കാൻ സാധിച്ചിട്ടില്ല.

കൃത്യമായ ചെലവുരേഖകൾ ലഭ്യമല്ലാത്തതിനാൽ പ്രസ്തുത ചെലവ് ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു. സർക്കാർ ഉത്തരവുകൾ കർശനമായി പാലിച്ച് പദ്ധതി നിർവ്വഹണം നടത്താനും രേഖകൾ കൃത്യമായി സൂക്ഷിക്കുവാനും ശ്രദ്ധിക്കേണ്ടതാണ്.

## 1-22 വയബിലിറ്റി ഗ്യാപ് ഫണ്ട് - രേഖകൾ ലഭ്യമല്ലാത്തതിനാൽ 92460/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു

| | |
|---|---|
| പ്രോജക്ട് നം | 56 |
| പ്രോജക്ടിന്റെ പേര് | വയബിലിറ്റി ഗ്യാപ് ഫണ്ട് |
| നിർവഹണം | വി.ഇ.ഒ (സർക്കിൾ 2) |
| അടങ്കൽ | 2,55,200/- (വി.ഫ ) |
| ചെലവ് | 92460/- |
| ബിൽ നം | 85/27.07.21 – 13410/-<br>111/16.08.21 – 28000/-<br>203/30.10.21 – 16250/-<br>266/13.12.21 - 34800/- |

ഹരിത കർമ്മസേനയുടെ പ്രവർത്തനവുമായി ബന്ധപ്പെട്ട് സ.ഉ.(സാധാ) നം.1496/2020/തസ്വഭവ തീയതി. 12.08.2020 പ്രകാരമുള്ള രേഖകളായ അറ്റൻഡൻസ് രജിസ്റ്റർ, മിനിറ്റ്സ് ബുക്ക്, കാഷ് ബുക്ക്, വർക്കിംഗ് അറേഞ്ച്മെന്റ് രജിസ്റ്റർ, സ്റ്റോക്ക് രജിസ്റ്റർ, വാഹന മാനേജ്മെന്റ് എന്നിവ ഹാജരാക്കിയിട്ടില്ല. മേൽ പദ്ധതി പ്രകാരം പിൻവലിച്ച ബില്ലുകളുടെ പകർപ്പുകൾ മാത്രമാണ് പരിശോധനയ്ക്ക് ലഭ്യമാക്കിയത്. മേൽ വിഷയം സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പ് നം.46ന് മറുപടി ലഭ്യമാക്കിയില്ല. ചെലവ് രേഖകളുടെ അഭാവത്തിൽ 92460/- രൂപ തടസപ്പെടുത്തുന്നു. രേഖകൾ പരിശോധയ്ക്ക് ലഭ്യമാക്കേണ്ടതാണ്.

## 1-23 പൊതുടാപ്പുകളുടെ കൃത്യമായ കണക്ക് ലഭ്യമല്ല – തനതു ഫണ്ടിന് നഷ്ടം സംഭവിക്കുന്നു

സെക്രട്ടറി നിർവ്വഹണോദ്യോഗസ്ഥനായ കുടിവെള്ളക്കരം ഒടുക്കൽ എന്ന 31 -ാം നമ്പർ പദ്ധതി മുഖേന 1035980/- രൂപ 2021-22 വർഷത്തെ വെള്ളക്കരം ഇനത്തിൽ വാട്ടർ അതോറിറ്റിക്ക് ഒടുക്കിയിട്ടുണ്ട്. ഫയൽ പരിശോധിച്ചതിൽ മുൻവർഷത്തെ ബിൽ തുകയിൽ നിന്നും 5% വർദ്ധന വരുത്തിയാണ് തൻവർഷത്തെ പ്രതിമാസത്തുക നിശ്ചയിച്ചിട്ടുള്ളത്. ജൽജീവൻ മിഷൻ മുഖേനയുള്ള കുടിവെള്ള കണക്ഷനുകൾ പഞ്ചായത്തിൽ പുരോഗമിച്ച് വരുന്ന സാഹചര്യത്തിൽ ഇപ്രകാരം വർദ്ധന വരുത്തിയത് എന്തടിസ്ഥാനത്തിലെന്ന് വ്യക്തമല്ല. വാട്ടർ അതോറിറ്റി അധികൃതരുമായി കുടിവെള്ളടാപ്പുകൾ സംബന്ധിച്ച സംയുക്തപരിശോധന നടത്തിയിട്ടില്ല എന്നാണ് ഓഡിറ്റ് എൻക്വയറിക്ക് (നം. 3) ലഭ്യമാക്കിയ മറുപടി. വാട്ടർ അതോറിറ്റിയുമായി കത്തിടപാട് നടത്തിയിട്ടുണ്ടെന്നും ജൽജീവൻ മിഷൻ 2024 ഓടെ പൂർത്തിയാകുമെന്നും അറിയിച്ചിട്ടുണ്ട്. പ്രസ്തുത പരിശോധന അടിയന്തിരമായി പൂർത്തിയാക്കി ഉപയോഗയോഗ്യമായ പൈപ്പുകളുടെ എണ്ണം നിശ്ചയിച്ച് അതിനനുസൃതമായി മാത്രം വെള്ളക്കരം ഒടുക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

## 1-24 പരിസ്ഥിതി സംരക്ഷണത്തിന് നടപടികൾ സ്വീകരിക്കണം

സബ്സിഡി മാർഗരേഖ [സ.ഉ.(കൈ) നമ്പർ 22/2018/തസ്വഭവ തീയതി 14.02.2018] ഖണ്ഡിക 7.7.3 പ്രകാരം കാവുകളുടെയും കണ്ടൽ കാടുകളുടെയും സംരക്ഷണത്തിന് നിർദ്ദേശങ്ങൾ നൽകിയിട്ടുണ്ട്.

1) ഓരോ തദ്ദേശസ്ഥാപന പ്രദേശത്തും സംരക്ഷിക്കപ്പെടേണ്ട എല്ലാ കാവുകളുടെയും കണ്ടൽ കാടുകളുടെയും പട്ടിക തദ്ദേശഭരണ സ്ഥാപനതല ഹരിതകേരള മിഷൻ ടീം തയ്യാറാക്കണം.

2) ഓരോ കാവിലെയും, സംരക്ഷിക്കപ്പെടേണ്ട മരങ്ങളുടെയും സസ്യങ്ങളുടെയും ഏകദേശ കണക്കും സംരക്ഷിക്കേണ്ട സ്ഥലവും വിസ്തൃതിയും കണക്കാക്കാൻ ചുമതല നിശ്ചയിക്കണം.

3) ചെലവ് കുറഞ്ഞ രീതിയിൽ മുള്ള് വേലി കെട്ടി സംരക്ഷിക്കുന്നതിനും അഭിവൃദ്ധിപ്പെടുത്തുന്നതിനും ചെയ്യേണ്ട പ്രവൃത്തികളും ഏകദേശ എസ്റ്റിമേറ്റും പ്രാദേശികമായി തയ്യാറാക്കണം.

4) LSGD എഞ്ചിനീയറുടെ സഹായത്തോടെ എസ്റ്റിമേറ്റുകൾ പരിശോധിച്ച് ചെയ്യേണ്ട പ്രവൃത്തികൾ നിശ്ചയിച്ച് അടങ്കൽ തുക നിശ്ചയിക്കണം. നിർവ്വഹണം സ്വാകാര്യ കാവുകളുടെ കാര്യത്തിൽ ഉടമസ്ഥരെയും ബന്ധപ്പെട്ട സ്ഥാപനങ്ങളെയും പൊതുകാവുകളുടെ കാര്യത്തിൽ പ്രാദേശിക കൂട്ടായ്മകളെയും ഏല്പിച്ച് നടപ്പാക്കണം.

മേൽ നിർദ്ദേശങ്ങൾ പാലിക്കുന്നതിന് സ്വീകരിച്ച നടപടികളുടെ വിശദാംശം ലഭ്യമാക്കുന്നതിന് ആവശ്യപ്പെട്ടുകൊണ്ട് നൽകിയ ഓഡിറ്റ് അന്വേഷണം നം.19/10.11.22 ന് മറുപടി ലഭ്യമാക്കിയില്ല. പഞ്ചായത്ത് പരിസ്ഥിതി സംരക്ഷണത്തിനായി ഉചിതമായ നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-25 നിക്ഷേപ പ്രവൃത്തികൾ - വിനിയോഗസാക്ഷ്യപത്രം ലഭ്യമല്ല – 5804377/- രൂപ ചെലവ് തടസ്സപ്പെടുത്തുന്നു

സെക്രട്ടറി നിർവ്വഹണോദ്യോഗസ്ഥനായ കുഴൽക്കിണർ നിർമ്മാണം, പൈപ്പ് ലൈൻ നീട്ടൽ, സ്ട്രീറ്റ് ലൈൻ എക്സ്റ്റൻഷൻ മുതലായ പദ്ധതികൾ പ്രകാരം നിക്ഷേപ പ്രവൃത്തികൾക്കായി ആകെ 5804377/- രൂപ ബന്ധപ്പെട്ട ഏജൻസികളിൽ ഒടുക്കിയിട്ടുണ്ട്. വിശദവിവരം ചുവടെ ചേർക്കുന്നു.

| ക്രമ നം. | പദ്ധതി നം. | ബിൽനം./ തീയതി | തുക | ഏജൻസി |
|---|---|---|---|---|
| 1 | 126 | 267/14.12.21 | 3745000/-<br>(U/c കിട്ടാത്തത് – 1133399/- രൂപ) | വാട്ടർ അതോറിറ്റി |
| 2 | 217 | 506/17.3.22 | 2139000/- | വാട്ടർ അതോറിറ്റി |
| 3 | 121 | 274/16.12.21<br>275/16.12.21 | 100000/-<br>74000/- | ഭൂജല വകുപ്പ് |
| 4 | 123 | 276/16.12.21<br>277/16.12.21 | 200000/-<br>37000/- | ഭൂജല വകുപ്പ് |
| 5 | 47 | 132/10.9.21 | 400000/- | ജില്ല പ്ലാനിംഗ് ബോർഡ് |
| 6 | 216 | 448/26.2.22<br>608/30.3.22 | 1935/-<br>89024/- | ഭൂജല വകുപ്പ് |
| 7 | 195 | 447/26.2.22 | 486183/- | ഭൂജല വകുപ്പ് |
| 8 | 190 | 449/26.2.22 | 99946/- | വൈദ്യുതി ബോർഡ് |
| 9 | 213 | 505/17.3.22 | 1392754/-<br>(U/c കിട്ടാത്തത് -906830/- രൂപ) | വൈദ്യുതി ബോർഡ് |
| 10 | 1 | 21/27.5.21 | 137060/- | IKM |

തുക ഒടുക്കിയതൊഴിച്ചാൽ മറ്റു പ്രവർത്തികൾ എന്തെങ്കിലും നടന്നിട്ടുണ്ടോ എന്നത് സംബന്ധിച്ച് വിവരങ്ങൾ ലഭ്യമാക്കിയിട്ടില്ല. നിർവ്വഹണ ഏജൻസിയുമായി ഇതു സംബന്ധിച്ച് കത്തിടപാടുകളും നടത്തിക്കാണുന്നില്ല. വിനിയോഗസാക്ഷ്യപത്രം ലഭ്യമായിട്ടില്ലാത്ത സാഹചര്യത്തിൽ പ്രസ്തുത ചെലവ് തടസ്സപ്പെടുത്തുന്നു.

## 1-26 തെരുവുവിളക്ക് പുനരുദ്ധാരണം - പദ്ധതി നിർവ്വഹണത്തിലെ അപാകതകൾ

| | |
|---|---|
| പ്രോജക്റ്റ് നം. | 380 |
| അടങ്കൽ | 4,50,000/- രൂപ |
| ചെലവ് | 2,69,892/- രൂപ |
| നിർവഹണ ഉദ്യോഗസ്ഥൻ | സെക്രട്ടറി |

ഗ്രാമപഞ്ചായത്തിലെ വിവിധ വാർഡുകളിലെ തെരുവുവിളക്കുകൾ അറ്റകുറ്റപണി ചെയ്യുന്ന പ്രവൃത്തി തൻവർഷം ശ്രീ രാജീവ് എന്ന വ്യക്തിയെയാണ് ഏൽപ്പിച്ചത്. പദ്ധതി നിർവ്വഹണത്തിലെ അപാകതകൾ ചുവടെ ചേർക്കുന്നു.

1) പോളൊന്നിന് 68/- രൂപ നിരക്കിലാണ് ശ്രീ രാജീവിന് കൂലി നൽകിയിട്ടുള്ളത്. എന്നാൽ ടിയാൾ സെക്രട്ടറിയുമായി കരാറിലേർപ്പെട്ടിട്ടുള്ളതായി ഫയലിൽ രേഖയില്ല. കരാർ വെച്ചിട്ടുള്ളതായി എൻക്വയറിക്ക് (നം. 4) മറുപടി ലഭ്യമാക്കിയെങ്കിലും ആയത് പരിശോധനക്ക് ഹാജരാക്കിയിട്ടില്ല.

2) ഇളക്കി മാറ്റുന്ന തെരുവുവിളക്കുകൾ (വാറണ്ടി കാലാവധിയുള്ളവ ഉൾപ്പടെ) കരാറുകാരൻ പഞ്ചായത്തിൽ തിരിച്ചേൽപ്പിച്ചതിനോ അവ സ്റ്റോക്കിലെടുത്തതിനോ രേഖയില്ല.

3) സർക്കുലർ നം 18/19/ധനം തീയതി: 01.03.19 പ്രകാരം ജി.എസ്.ടി രജിസ്ട്രേഷൻ ഉള്ളവർക്ക് മാത്രമേ ടെണ്ടറിൽ പങ്കെടുക്കാനാവൂ. ജി.എസ്.ടി നിയമം 2017 വകുപ്പ് 31 പ്രകാരം ജി എസ് ടി രജിസ്ട്രേഷൻ ഉള്ളവർ അവർ ലഭ്യമാക്കുന്ന സാധനങ്ങൾക്കും സേവനങ്ങൾക്കും ജി.എസ്.ടി ഇൻവോയ്സ് നൽകേണ്ടതുണ്ട്. എന്നാൽ ജി.എസ്.ടി ഇൻവോയ്സ് ഇല്ലാതെയാണ് കരാറുകാരന് പഞ്ചായത്ത് തുക നൽകിയിട്ടുള്ളത്.

4) കെ.എസ്.ഇ.ബിക്ക് സൂപ്പർവിഷൻ ചാർജ്ജ് നൽകിയതായോ അധികൃതർ മേൽനോട്ടം വഹിച്ചതായോ ഫയലിൽ രേഖയില്ല.

5) തെരുവുവിളക്കുകളുടെ സ്റ്റോക്ക് രജിസ്റ്റർ മുൻവർഷത്തേതല്ല തൻവർഷം ഉപയോഗിച്ചിട്ടുള്ളത്. മുൻവർഷത്തെ രജിസ്റ്ററിൽ നീക്കിയിരിപ്പുണ്ടായിരുന്ന ഉപകരണങ്ങൾ പുതിയ രജിസ്റ്ററിൽ ചേർത്തിട്ടില്ല. തൻവർഷം വാങ്ങിയ പുതിയവയുടെ വിവരങ്ങൾ മാത്രമാണ് ചേർത്തിട്ടുള്ളത് (ഉദാ - Pendant Holder പഴയ രജിസ്റ്റർ പ്രകാരം 360 എണ്ണം ഉപയോഗിക്കാതെ ശേഷിക്കുന്നു. പുതിയ രജിസ്റ്റർ പ്രകാരം മുന്നിരിപ്പ് ഇല്ല).

തെരുവുവിളക്കുകളുടെ പരിപാലനത്തിൽ തദ്ദേശസ്വയംഭരണ വകുപ്പിന്റെ 29.05.2018ലെ 269/ഡിഎ3/2018/തസ്വഭവ സർക്കുലറിലെ നിർദ്ദേശങ്ങൾ കൃത്യമായും പാലിക്കേണ്ടതാണ്. പ്രസ്തുത വിഷയത്തിൽ ഭരണസമിതിയുടെ സത്വരശ്രദ്ധ ക്ഷണിക്കുന്നു.

## 1-27 ബഡ്സ് സ്കൂൾ ഭൗതിക സാഹചര്യം മെച്ചപ്പെടുത്തേണ്ടതാണ്

മാനസിക വെല്ലുവിളി നേരിടുന്ന കുട്ടികളെ ആശ്രിതത്വത്തിൽ നിന്ന് സ്വയം ആശ്രിതത്വത്തിലേക്കോ സ്വാതന്ത്ര്യത്തിലേക്കോ മാറാൻ സഹായിക്കുക എന്ന ഉദ്യമത്തോടുകൂടി തുറന്ന സ്പെഷ്യൽ സ്കൂളുകളാണ് ബഡ്സ് സ്കൂളുകൾ. പ്രത്യേക ആവശ്യങ്ങളുള്ള കുട്ടികളുടെ വൈകാരികവും സാമ്പത്തികവുമായ ബുദ്ധിമുട്ടുകൾ പരിഹരിക്കുന്നതിന് ബഡ്സ് സ്കൂൾ പദ്ധതി വിഭാവനം ചെയ്യുന്നു. നാവായിക്കുളം ഗ്രാമപഞ്ചായത്തിൽ 05.08.2017 മുതൽ ബഡ്സ് സ്കൂൾ പ്രവർത്തിച്ചു വരുന്നു. സ്വന്തം കെട്ടിടത്തിലാണ് സ്കൂൾ പ്രവർത്തിക്കുന്നത്.

സർക്കാർ ഉത്തരവ് 144/2013 തസ്വഭവ, തിയ്യതി. 6-4-2013 ഖണ്ഡിക 14 പ്രകാരം ദേശീയ വികലാംഗ നിയമമനുസരിച്ചുള്ള അംഗീകാരം സ്ഥാപനം ആരംഭിച്ച് ആറുമാസത്തിനകം നിശ്ചിത ഫോറത്തിൽ അപേക്ഷ സമർപ്പിച്ച് സാമൂഹ്യക്ഷേമ ഡയറക്ടറിൽ നിന്നും വാങ്ങേണ്ടതാണെന്ന് നിഷ്കർഷിയ്ക്കുന്നുണ്ട്. 10.08.22ന് പ്രവർത്തനമാരംഭിച്ച സ്ഥാപനത്തിന് ഇതുവരെ അംഗീകാരം ലഭിച്ചിട്ടില്ല. (എൻക്വയറി നം - 8നുള്ള മറുപടി). രജിസ്ട്രേഷൻ നടപടികൾ ആരംഭിച്ചിട്ടില്ല എന്നും അറിയിച്ചിട്ടുണ്ട്. 13.02.2023ന് ഓഡിറ്റ് ടീം ബഡ്സ് സ്കൂൾ സന്ദർശിക്കുകയുണ്ടായി. 37 കുട്ടികളുടെ അഡ്മിഷൻ ഉള്ള സ്കൂളിൽ 26 കുട്ടികൾ സ്ഥിരമായി ഹാജരുണ്ട്. എന്നാൽ 26 കുട്ടികൾക്കാവശ്യമായ അടിസ്ഥാന സൗകര്യങ്ങൾ സ്കൂളിൽ ഒരുക്കിയിട്ടില്ല. ഫിസിയോതെറാപ്പി മുറി ഉണ്ടെങ്കിലും ആവശ്യമായ ഉപകരണങ്ങളോ സൗകര്യങ്ങളോ ഒരുക്കിയിട്ടില്ല. സ്പീച്ച് തെറാപ്പിയ്ക്കും വിനോദത്തിനും ആവശ്യമായ മുറികൾ കെട്ടിടത്തിന്റെ ഒന്നാം നിലയിൽ ഉണ്ടെങ്കിലും റാമ്പ്, റയിൽ സൗകര്യങ്ങൾ ഇല്ലാത്തതിനാൽ അവ ഉപയോഗശൂന്യമാണ്. സ്പീച്ച് തെറാപ്പിസ്റ്റിന്റെ സേവനവും ലഭ്യമല്ല. സ്കൂളിന്റെ സ്ഥലപരിമിതി, കുട്ടികളുടെ ബുദ്ധിവികാസത്തിന് ആവശ്യമായ ഉപകരണങ്ങളുടെ കുറവ് എന്നിവയെല്ലാം ബഡ്സ് സ്കൂളിന്റെ സുഗമമായ

പ്രവർത്തനത്തിന് വിഘാതം സൃഷ്ടിക്കുന്നുണ്ട്.

സമൂഹത്തിന്റെ പ്രത്യേക ശ്രദ്ധയും പരിഗണനയും അർഹിക്കുന്ന ബഡ്സ് സ്കൂൾ കുട്ടികൾക്ക് മെച്ചപ്പെട്ട സൗകര്യങ്ങൾ ഒരുക്കുന്നതിന് ഭരണസമിതിയുടെ അടിയന്തിരശ്രദ്ധ ഈ വിഷയത്തിൽ ക്ഷണിക്കുന്നു.

## 1-28 വാഹനങ്ങളുടെ വിവരങ്ങൾ "VEELS"ൽ രേഖപ്പെടുത്തിയിട്ടില്ല

ധനകാര്യ വകുപ്പിന്റെ 22-10-2020-ലെ 59/2020നമ്പർ ഉത്തരവ് പ്രകാരം സംസ്ഥാനത്തെ വിവിധ സർക്കാർ വകുപ്പുകൾ, പൊതുമേഖലാ സ്ഥാപനങ്ങൾ, ഗ്രാന്റ് -ഇൻ- എയിഡ് സ്ഥാപനങ്ങൾ, തദ്ദേശ സ്ഥാപനങ്ങൾ, സർക്കാർ സ്വയംഭരണസ്ഥാപനങ്ങൾ എന്നിവിടങ്ങളിൽ ഉപയോഗിക്കുന്ന സ്വന്തമായിയുള്ളതും (വകുപ്പിന്റെ കീഴിലുള്ളവ ഉൾപ്പെടെ) അല്ലാത്തതുമായ (വാടക, കോൺട്രാക്ട് അടിസ്ഥാനത്തിൽ ഉൾപ്പെടെ) എല്ലാത്തരം വാഹനങ്ങൾ, ഡ്രൈവർമാർ എന്നിവ സംബന്ധിച്ച വിവരങ്ങൾ "VEELS" എന്ന സൈറ്റിൽ 30-11-2020 -ന് മുമ്പായി രജിസ്റ്റർ ചെയ്യേണ്ടതാണ്. പഞ്ചായത്തിന്റെയും അനുബന്ധസ്ഥാപനങ്ങളിലേയും വാഹനങ്ങളുടെയും ഡ്രൈവർമാരുടെയും രേഖകൾ പ്രസ്തുത സൈറ്റിൽ രേഖപ്പെടുത്തിയതിന്റെ വിവരങ്ങൾ ലഭ്യമാക്കുന്നതിനായി നൽകിയ ഓഡിറ്റ് അന്വേഷണകുറിപ്പ് 23 ന് മറുപടി ലഭ്യമാക്കിയിട്ടില്ല. സർക്കാർ ഉത്തരവ് പ്രകാരം ഗ്രാമപഞ്ചായത്തിന്റെയും അനുബന്ധ സ്ഥാപനങ്ങളിലേയും വാഹനങ്ങളുടെയും ഡ്രൈവർമാരുടെയും രേഖകൾ (വാടക, കോൺട്രാക്ട് അടിസ്ഥാനത്തിൽ ഉപയോഗിക്കുന്നവ ഉൾപ്പെടെ) പ്രസ്തുത സൈറ്റിൽ രേഖപ്പെടുത്തി വിവരങ്ങൾ ഓഡിറ്റിന് ലഭ്യമാക്കേണ്ടതാണ്.

## 1-29 മൃഗാശുപത്രിക്ക് കമ്പ്യൂട്ടർ, അനുബന്ധ ഉപകരണങ്ങൾ വാങ്ങൽ - സ്റ്റോക്ക് രജിസ്റ്ററിൽ വിവരങ്ങൾ രേഖപ്പെടുത്തിയിട്ടില്ല

I .

പദ്ധതി നമ്പർ : 115

പദ്ധതിയുടെ പേര് : മൃഗാശുപത്രിക്ക് കമ്പ്യൂട്ടർ അനുബന്ധ ഉപകരണങ്ങൾ വാങ്ങൽ

അടങ്കൽ തുക : 45,000/- രൂപ (മെയിന്റനൻസ് – റോഡിതരം)

ചെലവ് തുക : 39,797/- രൂപ

നിർവ്വഹണം : വെറ്ററിനറി സർജൻ

മേൽ വിവരിച്ച പദ്ധതിയുടെ ഭാഗമായി കമ്പ്യൂട്ടർ, പ്രിന്റർ എന്നീ ഉപകരണങ്ങൾ കെൽട്രോണിൽ നിന്നും വാങ്ങിയിട്ടുണ്ട്. എന്നാൽ കമ്പ്യൂട്ടർ അനുബന്ധ ഉപകരണങ്ങൾ സ്റ്റോക്കിലെടുത്തതിന്റെ വിവരങ്ങൾ ലഭ്യമല്ല. ഉപകരണങ്ങൾ വാങ്ങിയ സ്ഥാപനത്തിന്റെ പേര്, ഇൻവോയ്സ് നമ്പർ, തീയതി, വില, വാങ്ങിയ എണ്ണം, മോഡൽ നമ്പർ, സീരിയൽ നമ്പർ എന്നിവ സഹിതം വാങ്ങുന്ന സാധനങ്ങളുടെ വിശദവിവരങ്ങൾ സ്റ്റോക്ക് രജിസ്റ്ററിൽ രേഖപ്പെടുത്തി സാക്ഷ്യപ്പെടുത്തി ഹാജരാക്കേണ്ടതാണ്.

I I .

പദ്ധതി നമ്പർ : 245

പദ്ധതിയുടെ പേര് : മൃഗാശുപത്രിയിലേക്ക് ഫ്രിഡ്ജ് വാങ്ങൽ

അടങ്കൽ തുക : 30,000/- രൂപ

ചെലവ് തുക : 24,850/- രൂപ

നിർവ്വഹണം : വെറ്ററിനറി സർജൻ

ചാനൽ വ്യൂ ഹോം അപ്ലയൻസസ് ആന്റ് ഇലക്ട്രോണിക്സ് എന്ന സ്ഥാപനത്തിൽ നിന്നും ഇൻവോയ്സ് നമ്പർ 1398, തീയതി 24.03.2022 പ്രകാരം 24,850/- രൂപയ്ക്ക് ഗോദ്റെജ് കമ്പനിയുടെ റെഫ്രിജിറേറ്റർ ഇയോൺ 255 ബി 25 എച്ച് ഐ എന്ന മോഡൽ വാങ്ങിയത് സ്റ്റോക്ക് രജിസ്റ്ററിൽ ചേർത്ത് വിവരങ്ങൾ രേഖപ്പെടുത്തിയിട്ടില്ല.

സ്ഥാപനത്തിൽ വാങ്ങുന്ന എല്ലാ ഉപകരണങ്ങളുടെയും മറ്റു സാധനങ്ങളുടെയും വിവരം എല്ലാ വിശദാംശങ്ങളും സഹിതം അതാത് സ്റ്റോക്ക് രജിസ്റ്ററുകളിൽ രേഖപ്പെടുത്തി സാക്ഷ്യപ്പെടുത്തി ഹാജരാക്കേണ്ടതാണ്.

## 1-30 ഓഡിറ്റ് റിപ്പോർട്ട് രജിസ്റ്റർ പൂർണമല്ല

പഞ്ചായത്തിന്റെ 2020-21 വർഷം വരെയുള്ള ഓഡിറ്റ് പൂർത്തിയാക്കി കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഓഡിറ്റ് റിപ്പോർട്ട് പുറപ്പെടുവിച്ചിട്ടുണ്ട് (2020-21 വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് നം.കെ.എസ്.എ.റ്റി.വി.എം/ജി.പി.9/1018/22, തീയതി 29.06.22). എന്നാൽ ലഭ്യമാക്കിയ ഓഡിറ്റ് റിപ്പോർട്ട് രജിസ്റ്ററിൽ 2018-19 വർഷത്തെ ഓഡിറ്റ് റിപ്പോർട്ടിന്റെ വിവരങ്ങൾ വരെ മാത്രമാണ് ഉൾപ്പെടുത്തിയിട്ടുള്ളത്. മേൽ അപാകത സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണം നം. 38/16.02.23 ന് മറുപടി ലഭ്യമാക്കിയിട്ടില്ല. 2020-21 വരെയുള്ള വർഷങ്ങളിലെ ഓഡിറ്റ് റിപ്പോർട്ടിന്റെ വിവരങ്ങളും അവയുടെ തുടർനടപടി വിവരങ്ങളും ഉൾപ്പെടുത്തി രജിസ്റ്റർ കാലികമാക്കുന്നതിനുള്ള നടപടി സ്വീകരിക്കേണ്ടതാണ്.

## 1-31 ജനകീയ ഹോട്ടൽ - വാടക കരാറിൽ 'വാടക' രേഖപ്പെടുത്തിയിട്ടില്ല

പദ്ധതി നമ്പർ : 50
പദ്ധതിയുടെ പേര് : വിശപ്പ് രഹിത കേരളം (ജനകീയ ഹോട്ടൽ)
അടങ്കൽ തുക : 1,00,000/- രൂപ (വി.ഫ)
ചെലവ് തുക : 74,426/- രൂപ
നിർവ്വഹണം – അസിസ്റ്റന്റ് സെക്രട്ടറി

പഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന ജനകീയ ഹോട്ടലിന്റെ കെട്ടിടവാടക, വെള്ളം/ വൈദ്യുതി ചാർജ്ജുകൾ ഒടുക്കുന്നതിനു വേണ്ടിയാണ് പ്രസ്തുത പദ്ധതി രൂപീകരിച്ചിട്ടുള്ളത്. ഇതിൻ പ്രകാരം ശ്രീ ജോസ് പ്രകാശ്, തൊടിയിൽ പുത്തൻ വീട് എന്നയാളുടെ കടമ്പാട്ടുകോണത്തുള്ള കെട്ടിടം വാടകയ്ക്ക് എടുത്തിട്ടുണ്ട്. ടി കെട്ടിടത്തിന്റെ വാടക PWD അംഗീകരിച്ച പ്രകാരം നിശ്ചയിച്ചിട്ടുണ്ട്. എന്നാൽ ഇതിനായി കെട്ടിട ഉടമ സെക്രട്ടറിയുമായി വെച്ച കരാറിൽ പ്രതിമാസവാടക, കെട്ടിട നമ്പർ എന്നീ വിവരങ്ങൾ രേഖപ്പെടുത്തിയിട്ടില്ല. കൂടാതെ, പ്രസ്തുത കരാർ 01.05.20 മുതൽ 6 മാസക്കാലയളവിലേക്കാണ് ചമച്ചിട്ടുള്ളത്. 2021 ആഗസ്റ്റ് മാസം വരെയുള്ള വാടക 4378/- രൂപ നിരക്കിൽ നൽകിയിട്ടുണ്ട്. എന്നാൽ ടി കരാർ പുതുക്കിയതായോ വാടക നിശ്ചയിച്ചതായോ രേഖയില്ല. വിവിധ ആവശ്യങ്ങൾക്ക് കരാർ രേഖകൾ ചമയ്ക്കുമ്പോൾ വ്യക്തമായ വ്യവസ്ഥകൾ ഉൾപ്പെടുത്തുവാനും കാലാകാലങ്ങളിൽ കരാർ പുതുക്കുവാനും അധികാരികൾ ശ്രദ്ധിക്കേണ്ടതാണ്.

## 1-32 മുന്നൊരുക്കമില്ലാത്ത പദ്ധതി രൂപീകരണം - പദ്ധതി ഉപേക്ഷിച്ചു

പദ്ധതി നമ്പർ : 177
പദ്ധതിയുടെ പേര് : പട്ടികജാതി കോളനികളിൽ കുടിവെള്ള പദ്ധതി
അടങ്കൽ തുക : 1,56,945/-
ചെലവ് തുക : 1,935/-
ഫണ്ടിനം : എസ്.സി.പി.
നിർവ്വഹണം – അസിസ്റ്റന്റ് സെക്രട്ടറി

മേൽ വിവരിച്ച പദ്ധതിയിൽ പദ്ധതി തുകയുടെ ഒരു ശതമാനം മാത്രമാണ് ചെലവഴിച്ചത്. പട്ടികജാതി കോളനികളിൽ കുടിവെള്ള പദ്ധതി നടത്തിപ്പിനായി 1,56,945/- രൂപ അനുവദിച്ചിരുന്നു. വാർഡ് 17 ലെ കാവനാട്ടുകോണം കോളനി, 22-ാം വാർഡിലെ കുന്നുവിള കോളനി എന്നീ സ്ഥലങ്ങളിലെ നാട്ടുകാരുടെ പ്രതിഷേധം കാരണം കുഴൽ കിണർ നിർമ്മാണം നടത്താൻ പറ്റിയില്ലെന്നാണ് 29.02.2020 ന് നടന്ന സാധാരണ മീറ്റിംഗിലെ 2 (8) നമ്പർ തീരുമാനത്തിൽ രേഖപ്പെടുത്തിയിട്ടുള്ളത്.
നാട്ടുകാർ കുഴൽ കിണർ വേണമെന്ന് ആവശ്യപ്പെട്ടുവെന്നും, എന്നാൽ, ഭൂജല വകുപ്പ് തുറസ്സായ കിണർ നിർമ്മാണത്തിന് സ്ഥലം കണ്ടെത്താൻ നിർദ്ദേശിച്ചുമെന്നാണ് ഓഡിറ്റ് അന്വേഷണത്തിന് (ഓഡിറ്റ് അന്വേഷണം -01/ 2023, 08.02.2023) മറുപടി നൽകിയിരിക്കുന്നത്. എസ്.സി.പി. ഫണ്ട് പരമാവധി പ്രയോജന പ്രദമായി ഉപയോഗിക്കുന്നതിന് പദ്ധതി രൂപീകരണ സമയത്തുതന്നെ ആവശ്യകത, ഭൂമി ശാസ്ത്രപരമായ സാദ്ധ്യത ഇവയൊക്കെ വിലയിരുത്തി പദ്ധതി ആവിഷ്കരിച്ച് നടപ്പിലാക്കേണ്ടതും പദ്ധതിപ്പണം ലാപ്സാകാതെ വിനിയോഗിക്കേണ്ടതുമാണ്.

## 1-33 ഭവന പുനരുദ്ധാരണം - പദ്ധതി നടത്തിപ്പിലെ അപാകങ്ങൾ

| ക്രമ നം | 1 | 2 | 3 |
|---|---|---|---|
| പ്രോജക്ട് നം | SO 108/22 | SO 105/22 | SO 33/22 |
| പ്രോജക്ടിന്റെ പേര് | ഭവന പുനരുദ്ധാരണം - ജനറൽ (സ്പിൽ ഓവർ) | ഭവന പുനരുദ്ധാരണം- ജനറൽ(സ്പിൽ ഓവർ) | ഭവന പുനരുദ്ധാരണം - ജനറൽ |
| നിർവഹണം | വി.ഇ.ഒ സർക്കിൾ 1 | വി.ഇ.ഒ സർക്കിൾ 1 | വി.ഇ.ഒ സർക്കിൾ 1 |
| അടങ്കൽ | 325000(ത.ഫ) | 75000(ത.ഫ) | 2200000(വി.ഫ) |
| ചെലവ് | 225000 | 25000 | 1825000 |

വാസയോഗ്യമല്ലാത്ത ഭവനത്തിൽ താമസിക്കുന്ന ഗ്രാമപഞ്ചായത്തിലെ കുടുംബങ്ങൾക്ക് വീട് വാസയോഗ്യമാക്കുന്നതിന് ധന സഹായം നൽകുന്നതിനാണ് മേൽ പദ്ധതികൾ വിഭാവനം ചെയ്തത്. പ്രോജക്ടുമായി ബന്ധപ്പെട്ട അപാകങ്ങൾ ചുവടെ ചേർക്കുന്നു.

1) സ.ഉ.(കൈ) നം. 22/2018/തസ്വഭവ, തീ.14.02.2018 സബ്സിഡി മാർഗ്ഗരേഖ ഖ.6.7.6 പ്രകാരം വീട് മെയിന്റനൻസ് പ്രോജക്ടിന്റെ എസ്റ്റിമേറ്റ് കെട്ടിട ഉടമ തയ്യാറാക്കി സമർപ്പിക്കേണ്ടതാണ്. കൂടാതെ അറുപത് ചതുരശ്രമീറ്ററിൽ കൂടുതൽ വിസ്തീർണമുള്ള കെട്ടിടങ്ങൾക്ക് അധിക മുറി നിർമ്മാണം അനുവദനീയമല്ല. എന്നാൽ പദ്ധതിയുടെ വിവിധ ഗുണഭോക്താക്കൾ എസ്റ്റിമേറ്റ് സമർപ്പിച്ചിട്ടില്ല (ഇന വിവരങ്ങൾ മാത്രം ഹാജരാക്കി). കൂടാതെ ഗ്രാമപഞ്ചായത്തിൽ നിന്നും ലഭ്യമാക്കിയ കെട്ടിട ഉടമസ്ഥ സാക്ഷ്യപത്രത്തിൽ, കെട്ടിടത്തിന്റെ വിസ്തീർണം രേഖപ്പെടുത്തിയിട്ടില്ല. രേഖകൾ

ലഭ്യമല്ലാത്തതിനാൽ സബ്സിഡി മാർരേഖ പ്രകാരമുള്ള നിബന്ധനകൾ പാലിച്ചിട്ടുണ്ടോയെന്ന് പരിശോധിക്കാൻ സാധിച്ചിട്ടില്ല.

2) വീട് മെയിന്റനൻസിനായി അപേക്ഷ സമർപ്പിച്ചിട്ടുള്ളതും ആനുകൂല്യം കൈപ്പറ്റിയിട്ടുള്ളതും റസിഡൻഷ്യൽ സർട്ടിഫിക്കറ്റ് പ്രകാരമുള്ള കെട്ടിടത്തിന്റെ ഉടമസ്ഥർ അല്ല. വിവിധ അപേക്ഷകളിൽ ഗുണഭോക്താക്കൾ അംഗമായ റേഷൻ കാർഡിൽ ഉൾപ്പെടാത്ത വ്യക്തികളുടെ പേരിലുള്ള കെട്ടിടത്തിന്റെ മെയിന്റനൻസിനും തുക കൈപ്പറ്റിയിട്ടുണ്ട്. ഉദാഹരണങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം | അപേക്ഷകന്റെ പേര് | കെട്ടിട ഉടമ | കെട്ടിട നമ്പർ |
|---|---|---|---|
| 1 | റംലാബീവി, ചിറയിൽ കൊച്ച്കോണത്ത് വീട് | ഷാഹുൽ ഹമീദ് | 4/60 |
| 2 | ശ്യാമള, കൊല്ലം വിളാകത്ത് വീട് | ലക്ഷ്മി | 22/151 |
| 3 | ചിഞ്ചു, കൃഷ്ണ ഭവൻ | കൃഷ്ണക്കുറുപ്പ് | 22/425 |

3) ശ്രീമതി ജീന ജി, ജി.ജി ഹൗസ് എന്ന വ്യക്തി സമർപ്പിച്ച റസിഡൻഷ്യൽ സർട്ടിഫിക്കറ്റ് പ്രകാരം ശ്രീ ഗോപാലകൃഷ്ണൻ, ഇടമൺ നില എന്ന വ്യക്തിയുടെ ഉടമസ്ഥതയിലുള്ള 3/413 നമ്പർ കെട്ടിടത്തിനാണ് വീട് മെയിന്റനൻസിന് ആനുകൂല്യം നൽകിയിട്ടുള്ളത്. സഞ്ചയ സോഫ്റ്റ് വെയർ പരിശോധിച്ചതിൽ പ്രസ്തുത കെട്ടിടത്തിന് 80 ച.മീറ്റർ വിസ്തീർണമുണ്ട്. എന്നാൽ കെട്ടിടത്തിന്റെ നികുതി നാളിതുവരെ ഡിമാന്റ് ചെയ്യാതെ വസ്തു നികുതി പിരിച്ചെടുത്തതിനാൽ അഡ്വാൻസ് ഇനത്തിൽ തുക നീക്കിയിരിപ്പ് ഉണ്ട്.

മേൽ വിഷയങ്ങൾ സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് (33/16.02.2023) ലഭ്യമായ മറുപടിയിൽ കെട്ടിടത്തിന്റെ വിസ്തീർണം പരിശോധിച്ച ശേഷമാണ് തുക അനുവദിച്ചതെന്നും അധിക മുറി നിർമ്മാണം നടത്തിയിട്ടില്ല എന്നുമാണ് അറിയിച്ചിട്ടുള്ളത്. കെട്ടിടത്തിന്റെ ഉടമസ്ഥാവകാശം അനന്തരാവകാശികൾക്ക് രേഖാമൂലം കൈമാറുന്നതിന് കാലതാമസം നേരിടുന്നതിനാണ് ലഭ്യമായ രേഖകൾ പ്രകാരം തുക അനുവദിച്ചത് എന്നാണ് അറിയിച്ചിട്ടുള്ളത്. ക്രമ നമ്പർ 3 പ്രകാരമുള്ള അപാകത്തിന് മറുപടി ഗ്രാമപഞ്ചായത്ത് സെക്രട്ടറി ലഭ്യമാക്കിയിട്ടില്ല. ക്രമ നമ്പർ.3 പ്രകാരമുള്ള കെട്ടിടത്തിന്റെ നികുതി നാളിതുവരെ ഡിമാന്റ് ചെയ്യാത്തതിന് വിശദീകരണം ലഭ്യമാക്കേണ്ടതും സർക്കാർ ഉത്തരവ് പ്രകാരമുള്ള മാനദണ്ഡങ്ങൾ കൃത്യമായും പാലിച്ച് പദ്ധതി നടപ്പാക്കാൻ ശ്രദ്ധിക്കേണ്ടതുമാണ്.

## 1-34 ലൈഫ് ഭവന പദ്ധതി - വിവിധ അപാകങ്ങൾ

| പ്രോജക്ട് നം | S0036/22 | S0034/22 | S0112/22 |
|---|---|---|---|
| പ്രോജക്ടിന്റെ പേര് | ലൈഫ് ഭവന പദ്ധതി എസ്.സി.പി | ലൈഫ് ഭവന പദ്ധതി ജനറൽ | ലൈഫ് ഭവന പദ്ധതി എസ്.സി.പി |
| നിർവഹണം | വി.ഇ.ഒ സർക്കിൾ 1 | വി.ഇ.ഒ സർക്കിൾ 1 | വി.ഇ.ഒ സർക്കിൾ 1 |
| അടങ്കൽ | 40000000 | 6000000 | 40200000 |
| ചെലവ് | 12750000 | 1360000 | 12700000 |

ലൈഫ് ഭവനപദ്ധതിയുമായി ബന്ധപ്പെട്ട അപാകങ്ങൾ ചുവടെ ചേർക്കുന്നു.

1) സ.ഉ(കൈ)നം.34/2018/തസ്വഭവ തീ.16.03.2018 ലെ ഉത്തരവ് പ്രകാരമുള്ള മാർഗരേഖ അനുബന്ധം 3 പ്രകാരമുള്ള വ്യവസ്ഥകൾ പ്രകാരമാണ് ഗുണഭോക്താവ് ഗ്രാമപഞ്ചാത്തുമായി കരാർ ചമയ്ക്കേണ്ടത്. എന്നാൽ ലൈഫ് ഭവന പദ്ധതിയുമായി ബന്ധപ്പെട്ട പ്രസ്തുത വ്യവസ്ഥകൾ മുദ്രപ്പത്രത്തിൽ രേഖപ്പെടുത്താതെയാണ് ഗുണഭോക്താക്കൾ കരാർ ചമച്ചിട്ടുള്ളത്. കൂടാതെ കരാറിൽ നിർവഹണ ഉദ്യോഗസ്ഥൻ സാക്ഷ്യപ്പെടുത്തിയിട്ടില്ല.

2) സ.ഉ(കൈ)നം.34/2018/തസ്വഭവ തീ.16.03.2018 പ്രകാരമുള്ള മാർഗരേഖ പ്രകാരം ഭവന നിർമ്മാണത്തിന്റെ ഓരോ ഘട്ടവും പൂർത്തീകരിക്കുന്ന മുറയ്ക്ക് ഗുണഭോക്താവ് സ്റ്റേജ് റിപ്പോർട്ട് (അനുബന്ധം 4) നിർവഹണ ഉദ്യോഗസ്ഥന് സമർപ്പിക്കേണ്ടതും നിർവഹണ ഉദ്യോഗസ്ഥൻ ഭവന നിർമ്മാണം പരിശോധിച്ച് സാക്ഷ്യപ്പെടുത്തിയ ശേഷം തുക അനുവദിക്കേണ്ടതുമാണ്. മേൽ പ്രോജക്ടിൽ ഗുണഭോക്താക്കൾ സമർപ്പിച്ച സ്റ്റേജ് സർട്ടിഫിക്കറ്റ് നിർവഹണ ഉദ്യോഗസ്ഥൻ പരിശോധിച്ച് സാക്ഷ്യപ്പെടുത്തിയിട്ടില്ല. ഉദാഹരണമായി പ്രോജക്ട് നമ്പർ S0036/22 ക്രമ നമ്പർ 2 മുതൽ 6 വരെയുള്ള അപേക്ഷകളിലെയും ക്രമ നമ്പർ 9, 11 മുതൽ 18 വരെയുള്ള അപേക്ഷകളിലെയും സ്റ്റേജ് സർട്ടിഫിക്കറ്റ് നിർവഹണ ഉദ്യോഗസ്ഥൻ പരിശോധിച്ച് സാക്ഷ്യപ്പെടുത്താതെ തുക അനുവദിച്ചു നൽകി.

3) സ.ഉ(കൈ)നം.34/2018/തസ്വഭവ തീ.16.03.2018 ലെ ഉത്തരവ് പ്രകാരം ആദ്യഗഡു കൈപ്പറ്റി ആറ് മാസത്തിനകം ഭവന നിർമ്മാണം പൂർത്തീകരിക്കണം. എന്നാൽതാഴെപ്പറയുന്ന ഗുണഭോക്താവ് ഭവന പദ്ധതിയുടെ ആദ്യ ഗഡു തുക കൈപ്പറ്റി ആറ് മാസം പൂർത്തീകരിച്ചെങ്കിലും നാളിതുവരെ തുടർ നടപടികൾ സ്വീകരിച്ചിട്ടില്ല.

| ക്രമ നം | പ്രോജക്ട് നം | പേര് | വിലാസം | ആദ്യ ഗഡു കൈപ്പറ്റിയ തീയതി | തുക |
|---|---|---|---|---|---|
| 1 | S0036/22 | കൊച്ച് പെണ്ണ് | ചരുവിള പുത്തൻവീട് | 27.07.2021 | 40000 |
| 2 | | സരസ്വതി | ചരുവിള പുത്തൻവീട് | 27.07.2021 | 40000 |

| | | | | | |
|---|---|---|---|---|---|
| 3 | | സിന്ധു | റോഡുവിള പുത്തൻവീട് | 27.07.2021 | 40000 |
| 4 | | സരസ്വതി | ചരുവിള പുത്തൻവീട് | 20.09.2021 | 40000 |
| 5 | SO0112/22 | അംബുജാക്ഷി | എസ്.എസ് ഭവൻ | 08.03.2021 (2020-21 വർഷം) | 40000 |

4) ലൈഫ് പദ്ധതി പ്രകാരം വിനിയോഗിക്കേണ്ട ഫണ്ടിനങ്ങൾക്ക് ആനുപാതികമായിട്ടല്ല ഗുണഭോക്താക്കൾക്ക് തുക നൽകിയിട്ടുള്ളത്. കൂടാതെ ഗുണഭോക്താക്കൾക്ക് നൽകുന്ന ഫണ്ടിനം, ബന്ധപ്പെട്ട ലൈഫ് പ്രോജക്റ്റുകളുടെ രജിസ്റ്ററിൽ രേഖപ്പെടുത്തുന്നില്ല.

മേൽ വിഷയം സംബന്ധിച്ച് നൽകിയ 42/16.02.2023, 47/17.02.2023 എന്നിവയ്ക്ക് ലഭിച്ച മറുപടിയിൽ ഫയൽ പരിപാലനത്തിലെ അപാകങ്ങൾ ആവർത്തിക്കാതിരിക്കാൻ ശ്രമിക്കുമെന്ന് അറിയിച്ചിട്ടുണ്ട്. കൂടാതെ ഭവന നിർമ്മാണം ആരംഭിക്കാത്ത ഗുണഭോക്താക്കൾക്ക് രേഖാമൂലം അറിയിപ്പ് നൽകിയെങ്കിലും ഭവന നിർമ്മാണം ആരംഭിച്ചിട്ടില്ല എന്നും മറുപടിയിൽ അറിയിച്ചിട്ടുണ്ട്. സർക്കാർ ഉത്തരവുകൾ പ്രകാരമുള്ള വ്യവസ്ഥകൾ പാലിച്ച് ലൈഫ് ഭവന പദ്ധതി നടപ്പാക്കേണ്ടതും, ആദ്യ ഗഡു തുക കൈപ്പറ്റിയ ഗുണഭോക്താക്കൾ ഭവന നിർമ്മാണം ആരംഭിക്കുന്നതിന് നടപടികൾ സ്വീകരിക്കാത്ത പക്ഷം കരാർ വ്യവസ്ഥ പ്രകാരമുള്ള തുടർനടപടികൾ സ്വീകരിച്ച് വിവരം ഓഡിറ്റിന് ലഭ്യമാക്കേണ്ടതാണ്.

## 1-35 ലൈഫ് ഭവന പദ്ധതി- ഭൂമി വാങ്ങി നൽകിയ ശേഷം ഭവന നിർമ്മാണം ആരംഭിച്ചിട്ടില്ല

ഗ്രാമപഞ്ചായത്തിൽ നിന്നും ലൈഫ് ഭവന പദ്ധതിക്കായി 2021-22 വർഷത്തിൽ ഭൂമി വാങ്ങി നൽകിയ താഴെപ്പറയുന്ന ഗുണഭോക്താക്കൾ നാളിതുവരെ ഗ്രാമ പഞ്ചായത്തുമായി കരാർ ചമച്ച് ഭവന നിർമ്മാണം ആരംഭിച്ചിട്ടില്ല.

| | |
|---|---|
| പ്രോജക്റ്റ് നം. | 182 |
| പേര് | ലൈഫ് ഭൂരഹിതർക്ക് ഭൂമി വാങ്ങി നൽകൽ |
| നിർവഹണം | വി.ഇ.ഒ. സർക്കിൾ -1 |
| അടങ്കൽ | 31,50,000/- രൂപ [2972725 (വി.ഫ.) + 177275 (ത.ഫ.)] |
| ചെലവ് | 24,75,000/- രൂപ (വി.ഫ.) |

| ക്രമ നം | പേര് | വിലാസം | വിഭാഗം |
|---|---|---|---|
| 1 | പ്രദീപ് | ചരുവിള വീട്, ഇടമൺ നില | പട്ടിക ജാതി |
| 2 | കവിത | തെങ്ങുവിള വീട്, വെട്ടിയറ | പട്ടിക ജാതി |
| 3 | സൈരന്ധ്രി | മഠത്തിൽ കിഴക്കതിൽ, ചാവർകോട് | പട്ടിക ജാതി |
| 4 | ഉഷാര | ചരുവിള വീട്, കുടവൂർക്കോണം | പട്ടിക ജാതി |

മേൽ വിഷയം സംബന്ധിച്ച് നൽകിയ 40/16.02.2023 ന് ലഭിച്ച മറുപടിയിൽ എഗ്രിമെന്റ് നടപടികൾ പുരോഗമിക്കുന്നതായി അറിയിച്ചിട്ടുണ്ട്. ഭവന നിർമ്മാണം സമയബന്ധിതമായി ആരംഭിച്ച് വിവരം ഓഡിറ്റിന് ലഭ്യമാക്കേണ്ടതാണ്.

## 1-36 കൃഷി ഓഫീസിലേക്ക് കമ്പ്യൂട്ടറും പ്രിന്ററും വാങ്ങൽ

പദ്ധതി നമ്പർ : 180
പദ്ധതിയുടെ പേര് : കൃഷി ഓഫീസിലേക്ക് കമ്പ്യൂട്ടറും പ്രിന്ററും വാങ്ങൽ
അടങ്കൽ തുക : 20,018/- രൂപ
ചെലവ് തുക : 20,018/- രൂപ
ഫണ്ടിനം : മെയിന്റനൻസ് ഫണ്ട് (റോഡിതരം)
നിർവ്വഹണം - കൃഷി ഓഫീസർ

മേൽ പദ്ധതിയിൽ കെൽട്രോണിൽ നിന്നും ഇൻവോയ്സ് നമ്പർ TVM/ITBG/PI/RC/30673/20-21, തീയതി 08.10.2021 പ്രകാരം 20,018/- രൂപയ്ക്ക് പ്രിന്റർ വാങ്ങിയത് സ്റ്റോക്കിലെടുത്തതിന്റെ വിവരങ്ങൾ ലഭ്യമല്ല. ആയവ സ്റ്റോക്ക് രജിസ്റ്ററിൽ നം 86/2010/ധന തീയതി 24.09.2010 പ്രകാരമുള്ള നിശ്ചിത മാതൃകയിൽ രേഖപ്പെടുത്തി സാക്ഷ്യപ്പെടുത്തി ഹാജരാക്കേണ്ടതാണ്.

## 1-37 ചട്ടപ്രകാരമുള്ള രജിസ്റ്റർ/രേഖകൾ യഥാവിധി പരിപാലിക്കുന്നില്ല

1. 1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം 272 എ (1) വകുപ്പ് പ്രകാരം ഓരോ പഞ്ചായത്തും പൗരൻമാർക്ക് ലഭ്യമാക്കുന്ന വിവിധ ഇനം സേവനങ്ങളേയും അവയുടെ വ്യവസ്ഥകളേയും അവ ലഭ്യമാക്കുന്ന സമയപരിധിയേയും സംബന്ധിച്ച് പൗരാവകാശരേഖ പ്രസിദ്ധപ്പെടുത്തേണ്ടതാണ്. പ്രസ്തുത നിയമത്തിലെ 272 എ (2) വകുപ്പ് പ്രകാരം

പൗരാവകാശരേഖ വർഷത്തിൽ ഒരിക്കൽ പുതുക്കുകയും കാലാനുസൃതമാക്കുകയും ചെയ്യേണ്ടതാണ്. 2004 ലെ കേരള പഞ്ചായത്ത് രാജ് (പൗരാവകാശരേഖ തയ്യാറാക്കൽ) ചട്ടങ്ങളിലെ ചട്ടം 9 പ്രകാരം, പഞ്ചായത്ത് ചർച്ച ചെയ്ത് വേണം പൗരാവകാശരേഖ വാർഷികമായി പുതുക്കി കാലാനുസൃതമാക്കാൻ. എന്നാൽ 2021-22 സാമ്പത്തികവർഷം പുതുക്കിയ പൗരാവകാശരേഖ പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല.

2. ലഭ്യമാക്കിയ വിവരാവകാശ രജിസ്റ്റർ പരിശോധിച്ചതിൽ അപേക്ഷ ലഭിച്ച തീയതി രജിസ്റ്ററിൽ പലപ്പോഴും കൃത്യമായി രേഖപ്പെടുത്തിയിട്ടില്ല എന്ന് കാണുന്നു. കൂടാതെ അപേക്ഷകളുടെ തീർപ്പ് സംബന്ധിച്ച് പൂർണ്ണമായ വിവരങ്ങൾ ചേർക്കുന്നില്ല. വിവരാവകാശ രജിസ്റ്ററിൽ സെക്രട്ടറി കൃത്യമായ ഇടവേളകളിൽ മേൽ പരിശോധന നടത്തുന്നില്ല.

3. 2021-22 വർഷത്തെ സ്റ്റാറ്റസ് റിപ്പോർട്ട് പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല.

മേൽ അപാകതകൾ സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണം നം.38/16.02.23 ന് മറുപടി ലഭ്യമാക്കിയിട്ടില്ല. ചട്ട പ്രകാരമുള്ള രജിസ്റ്ററുകൾ/രേഖകൾ എന്നിവ പരിപാലിക്കേണ്ടതും അവ കാലികമാക്കേണ്ടതും അനിവാര്യമാണ്.

## 1-38 നോൺ അവയബിലിറ്റി സർട്ടിഫിക്കറ്റ് ലഭ്യമാക്കിയിട്ടില്ല

1.

| | |
|---|---|
| പദ്ധതിയുടെ പേര് | പി.എച്ച്.സി. ലാബ് ടെക്നീഷ്യൻ വേതനം നൽകൽ |
| സ്പിൽ ഓവർ പദ്ധതി നമ്പർ | 95/22 |
| പദ്ധതി അടങ്കൽ | 29625/- (തനത് ഫണ്ട്) |
| പദ്ധതി ചെലവ് | 28355/- (തനത് ഫണ്ട്) |
| നിർവഹണ ഉദ്യോഗസ്ഥൻ | മെഡിക്കൽ ഓഫീസർ, പി.എച്ച്.സി |

2.

| | |
|---|---|
| പദ്ധതിയുടെ പേര് | പി.എച്ച്.സി. ലാബ് ടെക്നീഷ്യൻ വേതനം നൽകൽ |
| പദ്ധതി നമ്പർ | 75/22 |
| പദ്ധതി അടങ്കൽ | 450000/- (തനത് ഫണ്ട്) |
| പദ്ധതി ചെലവ് | 279626/- (തനത് ഫണ്ട്) |
| നിർവഹണ ഉദ്യോഗസ്ഥൻ | മെഡിക്കൽ ഓഫീസർ, പി.എച്ച്.സി |

മേൽ പ്രോജക്ടുകളുടെ ഭാഗമായി പിഎച്ച്സിയിലേയ്ക്ക് ലാബ് റീഏജന്റ്സ് പർച്ചേസ് ചെയ്തിട്ടുണ്ട്. 2021-22 വർഷത്തേയ്ക്ക് ആവശ്യമായ 32 ഇനം ലാബ് റീഏജന്റ്സ് വാങ്ങുന്നതിനായി 12.03.21 ലെ നം.136/21 പ്രകാരം ക്വട്ടേഷൻ ക്ഷണിക്കുകയും കുറഞ്ഞ വില ക്വാട്ട് ചെയ്ത MEDICARE DISTRIBUTORS എന്ന സ്ഥാപനത്തിന്റെ ക്വട്ടേഷൻ 19.03.21 ലെ നം. 136/21 ഉത്തരവ് പ്രകാരം അംഗീകരിക്കുകയും ചെയ്തിരുന്നു. എന്നാൽ 2021-22 വർഷത്തെ ലാബ് റീഏജന്റ്സിന്റെ വാങ്ങലുകൾക്ക് ജില്ലാ മെഡിക്കൽ ഓഫീസറുടെ നോൺ അവയബിലിറ്റി സർട്ടിഫിക്കറ്റ് വാങ്ങിയിട്ടില്ല. പർച്ചേസ് സംബന്ധിച്ച വിശദവിവരം ചുവടെ ചേർക്കുന്നു.

| ക്രമ നം. | ടാക്സ് ഇൻവോയിസ് നം./ തീയതി | പർച്ചേസ് ചെയ്ത മരുന്നുകളുടെ വില |
|---|---|---|
| 1 | EC/2112/18.02.20 | 7345 |
| 2 | GMD/20-20/1290/03.02.21 | 6175 |
| 3 | GMD/21-22/274/17.07.21 | 10165 |
| 4 | GMD/21-22/273/17.07.21 | 16090 |
| 5 | GMD/21-22/520/06.11.21 | 14829 |
| 6 | GMD/21-22/521/06.11.21 | 14738 |
| 7 | GMD/21-22/522/06.11.21 | 750 |
| 8 | GMD/21-22/755/18.01.22 | 11666 |
| 9 | GMD/21-22/764/20.01.22 | 14085 |
| 10 | GMD/21-22/765/20.01.22 | 14997 |
| | ആകെ | 110840 |

ആകെയുള്ള 110840/- രൂപയുടെ പർച്ചേസുകൾക്ക് നോൺ അവയബിലിറ്റി സർട്ടിഫിക്കറ്റ് ലഭ്യമാക്കാത്തത്

സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണം നം. 34/16.02.23 ന് ലഭ്യമാക്കിയ മറുപടി പ്രകാരം മരുന്നുകളും അനുബന്ധ ഉപകരണങ്ങളും മാത്രമാണ് കേരള മെഡിക്കൽ സർവ്വീസ് കോർപ്പറേഷനിൽ നിന്നും വിതരണം ചെയ്യാറുള്ളതെന്നും അതിനാലാണ് നോൺ അവയബിലിറ്റി സർട്ടിഫിക്കറ്റ് വാങ്ങാതിരുന്നതെന്നും ഇനിമേൽ എല്ലാ പർച്ചേസുകൾക്കും നോൺ അവയബിലിറ്റി സർട്ടിഫിക്കറ്റ് വാങ്ങുന്നതാണെന്നും അറിയിച്ചിരിക്കുന്നു. ജില്ലാ മെഡിക്കൽ ഓഫീസറുടെ നോൺ അവയബിലിറ്റി സർട്ടിഫിക്കറ്റ് വാങ്ങി മാത്രം മരുന്നുകളും അനുബന്ധ ഉപകരണങ്ങളും പർച്ചേസ് ചെയ്യേണ്ടതാണ്.

## 1-39 മരുന്നിന്റെ സബ് സ്റ്റോക്ക് രജിസ്റ്ററുകൾ പരിശോധനയ്ക്ക് ലഭ്യമാക്കിയില്ല

| | |
|---|---|
| പദ്ധതിയുടെ പേര് | പാലിയേറ്റീവ് കെയർ പ്രോജക്ട് |
| പദ്ധതി നമ്പർ | 82/22 |
| പദ്ധതി അടങ്കൽ | 1800000 (വികസന ഫണ്ട് പൊതുവിഭാഗം) |
| പദ്ധതി ചെലവ് | 1716506 (വികസന ഫണ്ട് പൊതുവിഭാഗം) |
| നിർവഹണ ഉദ്യോഗസ്ഥൻ | മെഡിക്കൽ ഓഫീസർ, പി.എച്ച്.സി |

മേൽ പ്രോജക്ടിന്റെ ഭാഗമായി ആകെ 417160 രൂപയുടെ മരുന്നുകളാണ് പർച്ചേസ് ചെയ്തത്. ആയതിന്റെ വരവ് സ്റ്റോക്കിലെടുത്തിട്ടുണ്ട്. എന്നാൽ മരുന്നുകളുടെ ഇഷ്യൂ, കാലാവധിയ്ക്കു ശേഷം അവ ഉപയോഗിച്ചിട്ടുണ്ടോയെന്നത് സംബന്ധിച്ച് പരിശോധന നടത്തുന്നതിന് V25B1, V9B1 എന്നീ സബ് സ്റ്റോക്ക് രജിസ്റ്ററുകൾ (മെയിൻ സ്റ്റോക്ക് രജിസ്റ്ററിൽ രേഖപ്പെടുത്തിയിട്ടുള്ള സബ് സ്റ്റോക്ക് രജിസ്റ്ററുകൾ) ലഭ്യമാക്കിയിട്ടില്ല.

സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണം നം. 34/16.02.23 ന് ലഭ്യമാക്കിയ മറുപടി പ്രകാരം സ്ഥലംമാറി പ്പോയ ഫാർമസിസ്റ്റിൽ നിന്നും ഒരാഴ്ച്ചയ്ക്കകം മറുപടി ലഭ്യമാക്കി ഓഡിറ്റിന് നൽകുന്നതാണെന്ന് അറിയിച്ചിരിക്കുന്നു. മേൽപ്പറഞ്ഞ സബ് സ്റ്റോക്ക് രജിസ്റ്ററുകൾ കൂടി പരിശോധനയ്ക്ക് ലഭ്യമാക്കേണ്ടതാണ്.

## 1-40 ലോഗ് ബുക്ക് പരിശോധന

പി.എച്ച്.സി യുടെ KL-01-CH 9904, KL-01-CJ 5334 എന്നീ നം. ആംബുലൻസുകളുടെ ലോഗ് ബുക്കുകൾ പരിശോധിച്ചതിൽ നിന്നുള്ള പൊതുവായ അപാകതകൾ ചുവടെ ചേർക്കുന്നു.

1) വാഹനത്തിന്റെ ശരാശരി മൈലേജ് കണക്കാക്കി രേഖപ്പെടുത്തിയിട്ടില്ല. പല മാസങ്ങളിലെ ലോഗ് ബുക്ക് സംക്ഷിപ്തം നിർവ്വഹണ ഉദ്യോഗസ്ഥൻ പരിശോധിച്ച് സാക്ഷ്യപ്പെടുത്തിയിട്ടില്ല.

2) സർക്കാർ മോട്ടോർ വാഹനങ്ങളുടെ ഉപയോഗത്തിനുള്ള ചട്ടങ്ങൾ, ചട്ടം-1 ഖണ്ഡിക-3 പ്രകാരം നിയന്ത്രണോദ്യോഗസ്ഥൻ സൂക്ഷിക്കേണ്ട താഴെ പറയുന്ന രേഖകൾ പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല.

- ലോഗ് ബുക്ക് എൻടികളുടെ കാർബൺ പകർപ്പുകളുടെ ഫയൽ (ഓരോ വാഹനത്തിനും ഓരോ മാസവും പ്രത്യേകം ഫയലുകൾ).
- അറ്റകുറ്റപ്പണികൾ, മാറ്റി സ്ഥാപിക്കൽ വാങ്ങിയ സ്പെയർ പാർട്സുകൾ മുതലായവയുടെ വിവരം ചെലവ്, തിയതി എന്നിവ സഹിതം രേഖപ്പെടുത്തിയ റെക്കോർഡ്. പെട്രോളിന്റെ വില മുതലായവയും ഉപയോഗവും അനാമത്ത് വരവ്-ചെലവുകളും രേഖപ്പെടുത്തിയ രജിസ്റ്റർ.
- വാഹനത്തിന്റെ പരിപാലനവുമായി ബന്ധപ്പെട്ട് വാങ്ങിയ സ്റ്റോറുകളുടെ സ്റ്റോക്ക് രജിസ്റ്റർ.

3) വാഹനത്തിൽ ഇന്ധനം നിറച്ചത് സംബന്ധിച്ച വിവരങ്ങൾ രേഖപ്പെടുത്തിയിട്ടുള്ള ഫ്യൂവൽ രജിസ്റ്റർ ലഭ്യമാക്കിയിട്ടില്ല.

മേൽ അപാകതകൾ സംബന്ധിച്ച നൽകിയ ഓഡിറ്റ് അന്വേഷണം നം. 29/15.02.23 ന് ലഭ്യമാക്കിയ മറുപടി പ്രകാരം നിലവിൽ പ്രതിമാസ അബ്സ്ട്രാക്ട് എഴുതി നിർവ്വഹണ ഉദ്യോഗസ്ഥൻ സാക്ഷ്യപ്പെടുത്തുന്നുണ്ടെന്നും ക്രമ നം. 2, 3 എന്നിവ പ്രകാരമുള്ള വിവരങ്ങൾ ലോഗ്ബുക്കിൽ രേഖപ്പെടുത്തുന്നതുക്കൊണ്ടാണ് പ്രത്യേകം രജിസ്റ്റർ സൂക്ഷിക്കാത്തതെന്നും ഇനിമേൽ എല്ലാ രജിസ്റ്ററുകളും പരിപാലിക്കുന്നതാണെന്നും അറിയിച്ചിരിക്കുന്നു. ആയതിനുള്ള നടപടി സ്വീകരിക്കേണ്ടതാണ്.

## 1-41 ആസ്തി സംരക്ഷണത്തിന് നടപടികൾ സ്വീകരിക്കേണ്ടതാണ്

1. ഗ്രാമപഞ്ചായത്തുകളുടെ ആസ്തികളുടെ കാര്യക്ഷമമായ സംരക്ഷണത്തിനും അവ സുതാര്യമായി കയ്യൊഴിക്കുന്നതിനുമുള്ള നടപടിക്രമങ്ങൾ വിവരിക്കുന്ന അസറ്റ് മാനേജ്മെന്റ് മാന്വൽ, സ.ഉ.(ആർടി) നം.166/17/തസ്വഭവ തീയതി 20.01.2017പ്രകാരം സർക്കാർ അംഗീകരിച്ചിട്ടുണ്ട്. അതിൻ പ്രകാരം ഗ്രാമ പഞ്ചായത്തിൽ അസറ്റ് മാനേജ്മെന്റ് ആന്റ് മോണിറ്ററിംഗ് കമ്മിറ്റി (AMMC) രൂപീകരിച്ച് അസറ്റ് മാനേജ്മെന്റ് പ്ലാൻ (AMP) തയ്യാറാക്കേണ്ടതാണ്. കൂടാതെ 08.11.2018 ലെ പഞ്ചായത്ത് ഡയറക്ടറുടെ സി 2- 15471/18 സർക്കുലറിലെ നിർദ്ദേശാനുസരണം എൽ.എസ്.ജി.ഡി

അസി.എഞ്ചിനീയർ കൺവീനറും, പ്രസിഡന്റ് /വികസന സ്റ്റാൻഡിംഗ് കമ്മിറ്റി അദ്ധ്യക്ഷനുമായി ഒരു ആസ്തി പരിപാലന കമ്മിറ്റി രൂപീകരിച്ച് പ്രവർത്തിക്കേണ്ടതുണ്ട്. പഞ്ചായത്തിൽ അത്തരം കമ്മിറ്റി രൂപീകരിച്ചിട്ടുണ്ടോയെന്ന വിവരം ലഭ്യമാക്കിയിട്ടില്ല.

2. ആസ്തി രജിസ്റ്റർ തയ്യാറാക്കുന്നതിനായി ഐ.കെ.എം വികസിപ്പിച്ച സചിത്ര സോഫ്റ്റ്‌വെയറിൽ വിവരങ്ങൾ അപ്ഡേറ്റ് ചെയ്യേണ്ടതാണെന്ന് സർക്കുലർ നം. തസ്വഭവ-ഐ.ബി-1/141/2017/തസ്വഭവ തിയതി 23-08-2017 പ്രകാരം തദ്ദേശ സ്ഥാപനങ്ങൾക്ക് സർക്കാർ നിർദ്ദേശം നൽകിയിരുന്നു. വിവരങ്ങൾ സചിത്ര സോഫ്റ്റ്‌വെയറിൽ അപ്ഡേറ്റ് ചെയ്തതിന്റെ രേഖകൾ ലഭ്യമാക്കിയിട്ടില്ല. കൂടാതെ ലഭ്യമാക്കിയ ആസ്തി രജിസ്റ്റർ മേൽ പ്രകാരം കാലികമാക്കിയതല്ല.

3. സ.ഉ(കൈ)നം.11/2018/തസ്വഭവ തിയതി 29-01-2018 പ്രകാരം പുറപ്പെടുവിച്ച പദ്ധതി മാർഗ്ഗരേഖയിലെ ഖ. 6.7 ൽ നിർദ്ദേശിച്ച പ്രകാരം മെയ്ന്റനൻസ് ഫണ്ടും കഴിയുന്ന തനത് ഫണ്ടും ഉപയോഗപ്പെടുത്തി റോഡ്, റോഡിതര ആസ്തികളുടെ സംരക്ഷണത്തിന് ഒരു പ്രത്യേക ആസ്തി സംരക്ഷണ പദ്ധതി തയ്യാറാക്കേണ്ടതാണ്. ഘടക സ്ഥാപന മേധാവികളുടെ യോഗത്തിൽ അംഗീകരിച്ച പ്രോജക്ടുകൾ പദ്ധതിയിൽ ഉൾപ്പെടുത്തേണ്ടതാണ്. 2021-22 വർഷം ആസ്തികൾ സംരക്ഷിക്കുന്നതിന്റെ ഭാഗമായി നടപ്പാക്കിയ പ്രോജക്ടുകളുടെ വിശദാംശവും പ്രത്യേകമായി തയ്യാറാക്കിയ ആസ്തി സംരക്ഷണ പദ്ധതിയും ലഭ്യമാക്കിയിട്ടില്ല.

4. പതിമൂന്നാം പഞ്ചവത്സര പദ്ധതി മാർഗ്ഗരേഖ ഖണ്ഡിക 7.13 പ്രകാരം ഓരോ തദ്ദേശഭരണ സ്ഥാപനവും റോഡ് കണക്ടിവിറ്റി മാപ്പും റോഡ് കണക്ടിവിറ്റി പ്ലാനും നിർബന്ധമായും തയ്യാറാക്കിയിരിക്കണം എന്ന് വ്യക്തമാക്കിയിട്ടുണ്ട്. പ്രവൃത്തികൾ നടപ്പാക്കുന്നത് കണക്ടിവിറ്റി പ്ലാനിനെ അടിസ്ഥാനമാക്കി മുൻഗണനാ ക്രമത്തിൽ ആകണമെന്ന് 4.02.2011-ലെ സ.ഉ(എം.എസ്) 31/2011/തസ്വഭവ നമ്പർ ഉത്തരവിൽ സർക്കാർ വ്യക്തമായി നിഷ്കർഷിച്ചിട്ടുണ്ട്. റോഡ് കണക്ടിവിറ്റി പ്ലാനും മാപ്പും തയ്യാറാക്കിയതിന്റെ വിശദാംശം ലഭ്യമാക്കിയിട്ടില്ല.

മേൽ അപാകതകൾ സംബന്ധിച്ച നൽകിയ ഓഡിറ്റ് അന്വേഷണം നം. 11/13.02.22 ന് ലഭ്യമാക്കിയ മറുപടി പ്രകാരം റോഡ് കണക്ടിവിറ്റി മാപ്പും റോഡ് കണക്ടിവിറ്റി പ്ലാനും തയ്യാറാക്കിയിട്ടുണ്ടെന്നും മൂന്നു ഘട്ടങ്ങളായുള്ള ആസ്തി സംരക്ഷണ പദ്ധതിയുടെ 1,2 ഘട്ടങ്ങൾ പൂർത്തീകരിച്ചതായും മൂന്നാം ഘട്ടത്തിന്റെ നടപടികൾ നടന്നു വരുന്നതായും അറിയിച്ചിരിക്കുന്നു. എന്നാൽ അവയുടെ വിശദാംശങ്ങൾ ലഭ്യമാക്കിയിട്ടില്ല. കൂടാതെ ക്രമ നം. 1,2 പ്രകാരം ആവശ്യപ്പെട്ട രേഖകളും പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല. പഞ്ചായത്തിൽ അസറ്റ് മാനേജ്മെന്റ് ആന്റ് മോണിറ്ററിംഗ് കമ്മിറ്റി (AMMC) രൂപീകരിച്ചിട്ടില്ലെങ്കിൽ ആയതിനുള്ള നടപടി സ്വീകരിക്കേണ്ടതാണ്.

## 1-42 അസിസ്റ്റന്റ് എഞ്ചിനിയർ നിർവ്വഹണം നടത്തിയ പ്രോജക്ടുകളുടെ പൊതുവായ അപാകതകൾ

2021-22 വർഷം അസിസ്റ്റന്റ് എഞ്ചിനിയർ നടപ്പാക്കിയ പ്രോജക്ടുകളുടെ പൊതുവായ അപാകതകളും പ്രസ്തുത വിഷയങ്ങൾ സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണം നം.45/17.02.2023 ന ലഭിച്ച മറുപടിയും ചുവടെ ചേർക്കുന്നു.

1. റോഡ് മെയ്ന്റനൻസ് ഫണ്ടിനത്തിൽ 11716783 രൂപ വകയിരുത്തി 27 പ്രോജക്ടുകൾ ആവിഷ്കരിച്ചിട്ടുണ്ട്. ആയതിൽ 15 പ്രോജക്ടുകൾക്കായി 6820235 രൂപ തൻവർഷം ചെലവഴിച്ചിട്ടുണ്ട്. വകയിരുത്തിയ തുകയുടെ 58% ശതമാനം മാത്രമാണ് തൻവർഷം ചെലവഴിച്ചത്. മുൻവർഷത്തെ അപേക്ഷിച്ച് ചെലവ് ശതമാനത്തിൽ പുരോഗതി ഉണ്ടായിട്ടുണ്ട്. കിട്ടിയ സമയം പരമാവധി പ്രയോജനപ്പെടുത്തി പദ്ധതികൾ നടപ്പാക്കിയതായി അറിയിച്ചിരിക്കുന്നു.

2. റോഡിതര മെയ്ന്റനൻസ് ഫണ്ടിനത്തിൽ 5448000 രൂപ വകയിരുത്തി 17 പ്രോജക്ടുകൾ ആവിഷ്കരിച്ചിട്ടുണ്ട്. ആയതിൽ 8 പ്രോജക്ടുകൾക്കായി 2331434 രൂപ തൻവർഷം ചെലവഴിച്ചിട്ടുണ്ട്. വകയിരുത്തിയ തുകയുടെ 42.8% ശതമാനം മാത്രമാണ് തൻവർഷം ചെലവഴിച്ചത്. കിട്ടിയ സമയം പരമാവധി പ്രയോജനപ്പെടുത്തി പദ്ധതികൾ നടപ്പാക്കിയതായി അറിയിച്ചിരിക്കുന്നു.

3. കൈമാറിക്കിട്ടിയ സ്ഥാപനങ്ങളുടെ അറ്റകുറ്റപ്പണികൾക്കായി വകയിരുത്തിയ തുകകൾ ചെലവഴിക്കുന്നതിൽ ലക്ഷ്യം കൈവരിച്ചിട്ടില്ല. സ്പിൽ ഓവർ പ്രോജക്ടുകൾ പോലും നടപ്പാക്കിയിട്ടില്ല.

ഉദാ. 1. 148/22- അങ്കണവാടി നമ്പർ-446246 എന്നിവയ്ക്ക് ചുറ്റുമതിൽ നിർമ്മാണം- 450000 രൂപ

2. 153/22- ആയുർവേദ ആശുപത്രി നവീകരണവും ജൈവപാർക്ക് നിർമ്മാണവും- 387000 രൂപ

മേൽ പ്രോജക്ടുകൾ ഏറ്റെടുത്ത കരാറുകാർ മരണപ്പെട്ടതിനാലാണ് പദ്ധതി നടപ്പാക്കാൻ കഴിയാതിരുന്നതെന്ന് അറിയിച്ചിരിക്കുന്നു.

4. പ്രവൃത്തികളുടെ എസ്റ്റിമേറ്റ് തയ്യാറാക്കുമ്പോൾ കൃത്യമായി സ്ഥല സന്ദർശനം നടത്തി അതിനനുസൃതമായി പ്രവൃത്തി നിർവ്വഹണം നടത്തേണ്ടതാണെന്ന് സർക്കുലർ നമ്പർ ഇ20/6699/2018/സി.ഇ/തസ്വഭവ തീയതി 21.06.2018 പ്രകാരം നിർദ്ദേശിച്ചിട്ടുണ്ട്. എസ്റ്റിമേറ്റ് തയ്യാറാക്കും മുമ്പുള്ള വിശദമായ സൈറ്റ് പരിശോധനയുടെ പ്രാധാന്യം KPWD മാന്വൽ ഖണ്ഡിക 1601.1.2 ലും പ്രതിപാദിച്ചിട്ടുണ്ട്. എന്നാൽ പ്രോജക്ട് രൂപീകരണത്തിൽ സ്ഥല പരിശോധനയുടെ അഭാവത്താൽ

2021-22 സാമ്പത്തിക വർഷം നടപ്പാക്കിയ മരാമത്ത് പ്രവൃത്തികളിൽ നിരവധി എണ്ണത്തിന്റെ എസ്റ്റിമേറ്റ് പുതുക്കിയിട്ടുണ്ട്. സൈറ്റ് പരിശോധന യഥാസമയം നടത്തിയിട്ടുണ്ടെന്നും ഭരണസമിതിയുടെ അംഗീകാരം വാങ്ങിയാണ് എസ്റ്റിമേറ്റ് റിവൈസ് ചെയ്തതെന്നും അറിയിച്ചിരിക്കുന്നു.

5. ഇഎംഡി രജിസ്റ്റർ, പെർഫോർമൻസ് ഗ്യാരന്റി രജിസ്റ്റർ എന്നിവയും പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല. രജിസ്റ്ററുകൾ ഉടൻ തന്നെ ഹാജരാക്കുന്നതാണെന്ന് അറിയിച്ചിരിക്കുന്നു.

6. ലഭ്യമാക്കിയ എഗ്രിമെന്റ് രജിസ്റ്ററിലെ രേഖപ്പെടുത്തലുകൾ പൂർണമല്ല. സെക്യൂരിറ്റി തുക, കരാർ ഒപ്പു വെച്ച തീയതി, കരാർ പ്രകാരം പ്രവൃത്തി പൂർത്തിയാക്കേണ്ടുന്ന തീയതി എന്നിവ സംബന്ധിച്ച കോളങ്ങളിൽ രേഖപ്പെടുത്തലുകൾ പൂർണമല്ല. ക്ലറിക്കൽ തസ്തിക ഇല്ലാത്തതിനാൽ സമയക്കുറവ് മൂലമാണ് അപാകത സംഭവിച്ചതെന്ന് അറിയിച്ചിരിക്കുന്നു.

7. നിർമ്മാണ പ്രവൃത്തികൾ മോണിറ്ററിംഗിനും സോഷ്യൽ ഓഡിറ്റിംഗിനും വിധേയമാക്കുന്നതിനായി പ്രസ്തുത പ്രവൃത്തികൾ സംബന്ധിച്ച വിശദവിവരങ്ങൾ രേഖപ്പെടുത്തിയ ഡിസ്പ്ലേ ബോർഡുകൾ പ്രവൃത്തി നിർവഹണ വേളയിലും നിർവഹണത്തിനു ശേഷവും പ്രവൃത്തി നടക്കുന്ന സ്ഥലത്ത് സ്ഥാപിക്കണമെന്നും ആയതിനുവേണ്ട തുക എസ്റ്റിമേറ്റിൽ ഉൾപ്പെടുത്താവുന്നതാണെന്നും വാർഷിക പദ്ധതി തയ്യാറാക്കൽ സംബന്ധമായ 29.01.18ലെ സ.ഉ.(കൈ)നം.11/18 /തസ്വഭവ മാർഗരേഖയിൽ വ്യക്തമാക്കിയിരിക്കെ പല പ്രോജക്റ്റുകളിലും അപ്രകാരമുള്ള ഡിസ്പ്ലേ ബോർഡുകൾക്കായി എസ്റ്റിമേറ്റിൽ തുക വകയിരുത്തുകയോ ബോർഡുകൾ സ്ഥാപിക്കുകയോ ചെയ്തിട്ടില്ല. തുടർന്നുള്ള വർഷങ്ങളിൽ അപാകത പരിഹരിച്ച് എസ്റ്റിമേറ്റ് തയ്യാറാക്കുന്നതാണെന്ന് അറിയിച്ചിരിക്കുന്നു.

8. സമയബന്ധിതമായി പദ്ധതികൾ നടപ്പാക്കുന്നതിനും പദ്ധതികളുടെ ഫലപ്രാപ്തി ഉറപ്പാക്കുന്നതിനും മോണിറ്ററിംഗ് സംവിധാനം കാര്യക്ഷമമല്ല. പ്രൊജക്റ്റ് നിർവ്വഹണം ആദ്യാവസാനം വരെ വിഭാവനം ചെയ്ത തരത്തിൽ തന്നെയാണ് നടക്കുന്നതെന്ന് പ്രവൃത്തിയുടെ വിവിധ ഘട്ടങ്ങളിൽ പരിശോധന നടത്തി വിലയിരുത്തുകയും പദ്ധതികളുടെ ഫലപ്രാപ്തി ഉറപ്പാക്കുകയും ചെയ്യേണ്ടത് മോണിറ്ററിംഗ് കമ്മിറ്റികളുടെ ചുമതലയാണ്. പദ്ധതി രൂപീകരണ ശേഷം വർക്കിംഗ് ഗ്രൂപ്പുകൾ മോണിറ്ററിംഗ് കമ്മിറ്റികളായാണ് പ്രവർത്തിക്കേണ്ടത്. ഓരോ വർക്കിംഗ് ഗ്രൂപ്പും ബന്ധപ്പെട്ട ഓരോ പ്രൊജക്റ്റുകളും പ്രത്യേകം മോണിറ്ററിംഗ് നടത്തി റിപ്പോർട്ട് തയ്യാറാക്കി നിർവ്വഹണോദ്യോഗസ്ഥനും ഭരണ സമിതിക്കും നൽകേണ്ടതുണ്ട്. എന്നാൽ എല്ലാ ഫയലുകളിലും പ്രസ്തുത രേഖകൾ സൂക്ഷിച്ചിട്ടില്ല. മനപൂർവ്വമല്ലാത്ത വീഴ്ചയായി പരിഗണിക്കണമെന്ന് അറിയിച്ചിരിക്കുന്നു.

9. പ്രൊജക്റ്റിന്റെ ഭൗതിക ലക്ഷ്യങ്ങളും കൈവരിച്ച നേട്ടങ്ങളും ഉൾപ്പെടുത്തി നിർവ്വഹണോദ്യോഗസ്ഥൻ പൂർത്തീകരണ പത്രം തയ്യാറാക്കണമെന്ന മാർഗ്ഗരേഖയിലെ നിർദ്ദേശം പല പ്രവർത്തികളിലും പാലിക്കപ്പെട്ടിട്ടില്ല. ലഭ്യമാക്കിയ പൂർത്തീകരണ പത്രങ്ങളിൽ പലതിലും തീയതി രേഖപ്പെടുത്തിയിട്ടില്ല. പൂർത്തീകരണ പത്രം പ്രത്യേകം സൂക്ഷിച്ചിട്ടില്ലെങ്കിലും എം ബുക്കിന്റെ അവസാനപേജിൽ സർട്ടിഫിക്കറ്റ് എഴുതി സാക്ഷ്യപ്പെടുത്തിയിട്ടുള്ളതായി അറിയിച്ചിരിക്കുന്നു.

10. കരാർ അംഗീകരിച്ചുകൊണ്ട് കരാറുകാരന് നൽകുന്ന സെലക്ഷൻ നോട്ടീസ് കരാറുകാരന് അയച്ചതിന്റെ കോപ്പി ഫയലിൽ സൂക്ഷിച്ചിട്ടുണ്ടെങ്കിലും അവയിലൊന്നും തന്നെ ആയത് കൈപ്പറ്റി കരാറുകാരൻ, ഒപ്പും തീയതിയും രേഖപ്പെടുത്തിയിട്ടില്ല. തന്മൂലം സെലക്ഷൻ നോട്ടീസ് കൈപ്പറ്റി നിശ്ചിത തീയതിക്കകം കരാറിൽ ഏർപ്പെടുന്നുണ്ടോ?, ആയതിന് വിരുദ്ധമായി പ്രവർത്തിക്കുന്ന കരാറുകാരിൽ നിന്നും നിയമാനുസൃത പിഴ ഈടാക്കുന്നുണ്ടോ? തുടങ്ങിയ വിവരങ്ങളൊന്നും തന്നെ പരിശോധിച്ചുറപ്പാക്കാൻ കഴിയുന്നില്ല. സെലക്ഷൻ നോട്ടീസ് പോസ്റ്റ് വഴിയാണ് കൂടുതൽ അയയ്ക്കുന്നതെന്നും കരാറിനു വിരുദ്ധമായി പ്രവർത്തിക്കുന്ന കരാറുകാരിൽ നിന്നും ഫൈൻ ഈടാക്കാറുണ്ടെന്നും അറിയിച്ചിരിക്കുന്നു.

11. നിർവ്വഹണ ഉദ്യോഗസ്ഥൻ കരാറുകാരനുമായി വെച്ചിട്ടുള്ള ചില കരാറിൽ ഒപ്പ് രേഖപ്പെടുത്തിയിട്ടുണ്ടെങ്കിലും ഒന്നും രേഖപ്പെടുത്താതെ ശൂന്യമായി സൂക്ഷിച്ചിരിക്കുന്നു. ക്ലറിക്കൽ തസ്തിക ഇല്ലാത്തതിനാൽ സമയക്കുറവ് മൂലമാണ് അപാകത സംഭവിച്ചതെന്ന് അറിയിച്ചിരിക്കുന്നു.

തുടർന്നുള്ള വർഷങ്ങളിൽ മേൽ അപാകതകൾ വരാതിരിക്കാനുള്ള നടപടി സ്വീകരിക്കേണ്ടതാണ്.

## 1-43 GST സെൽഫ് ഡിക്ലറേഷൻ ഫോം ഹാജരാക്കിയിട്ടില്ല

2021-22 സാമ്പത്തിക വർഷങ്ങളിൽ അസിസ്റ്റന്റ് എഞ്ചിനീയർ നിർവ്വഹണ ഉദ്യോഗസ്ഥനായി നടപ്പാക്കിയ ഭൂരിഭാഗം മരാമത്ത് പ്രവൃത്തികളിലും 12% GST പ്രവൃത്തിമൂല്യത്തിൽ നിന്നും നൽകിയിട്ടുണ്ട്. സ.ഉ(അച്ചടി) നം: 87/2017/തസ്വഭവ; 01.11.2017 ഉത്തരവു പ്രകാരം മരാമത്ത് പ്രവൃത്തികൾ ഏറ്റെടുക്കുന്ന എല്ലാ കരാറുകാരും നിർബന്ധമായും GST രജിസ്ട്രേഷൻ എടുക്കേണ്ടതും ടെണ്ടറിനൊപ്പം ഹാജരാക്കേണ്ടതുമാണ്.

സ.ഉ. (സാധാ) നം: 2532/2018/തസ്വഭവ;29.09.2018 സർക്കാർ ഉത്തരവ് പ്രകാരം GST കോമ്പൻസേഷൻ ക്ലെയിം ചെയ്യുന്നതിന് കരാറുകാർ അവരുടെ പൂർണ്ണമായ മേൽവിലാസം, GST നമ്പർ എന്നിവ ഉൾപ്പെടുത്തി ഒരു സെൽഫ് ഡിക്ലറേഷൻ നൽകണമെന്നു നിർദ്ദേശിച്ചിട്ടുണ്ട്. ഇതിനായി സമർപ്പിക്കേണ്ട മാതൃകയും സർക്കാർ ഈ ഉത്തരവിലൂടെ

നിർദ്ദേശിച്ചിട്ടുണ്ട്.

നിർവ്വഹണ ഫയലുകളിലൊന്നും തന്നെ കരാറുകാരുടെ സെൽഫ് ഡിക്ലറേഷൻ ഫോം ഹാജരാക്കിയിട്ടില്ല. 2021-22 വർഷം താഴെ പറയുന്ന കരാറുകാർ ഈ പഞ്ചായത്തിൽ വിവിധ മരാമത്ത് പ്രവൃത്തികളുടെ നിർവ്വഹണം നടത്തുകയും 12% GST കോമ്പൻസേഷൻ നേടുകയും ചെയ്തിട്ടുണ്ട്.

| ക്രമ നം. | കരാറുകാരന്റെ പേര്, വിലാസം |
|---|---|
| 1 | നാദർഷാൻ, പൂവത്തൂർ പുതുവൽവിള പുത്തൻവീട്, പള്ളിക്കൽ |
| 2 | ഇൻസാർ, ഇൻസാർ മൻസിൽ, ഏലിക്കുന്നാംമുകൾ |
| 3 | അനൂപ്, ചരുവിള പുത്തൻവീട്, നാവായിക്കുളം |
| 4 | സുമിൻ.എം.എസ്, എം.എസ് ഭവൻ, കരവാരം |
| 5 | രവീന്ദ്രക്കുറുപ്പ്.ആർ, മുക്കുട്ടിൽ വീട്, കൊല്ലയിൽ |
| 6 | ദിലീപ്, പടിഞ്ഞാറ്റതിൽ ഹൗസ്, അയന്തി |
| 7 | രാമദാസ്, വിളയിൽ വീട്, വെള്ളല്ലൂർ |
| 8 | നാസറുദ്ദീൻ |
| 9 | ഉദയകുമാർ |
| 10 | ഗുരുദാസ്, പ്ലാവിള വീട്, വഞ്ചിയൂർ |
| 11 | നജ്മുംഖാൻ.എ, വടക്കേ ബംഗ്ലാവ്, മണനാക്ക് |
| 12 | രാജ്കുമാർ, കെ.ബി.സദനം, മടവൂർ |

മേൽ കരാറുകാരുടെ GST സെൽഫ് ഡിക്ലറേഷൻ ഫോം ഹാജരാക്കണമെന്നാവശ്യപ്പെട്ടുകൊണ്ട് നൽകിയ ഓഡിറ്റ് അന്വേഷണം നം. 37/16.02.23 ന് ലഭ്യമാക്കിയ മറുപടി പ്രകാരം ആയത് സംബന്ധിച്ച് അറിവില്ലായിരുന്നുവെന്നും അടുത്ത സാമ്പത്തിക വർഷം മുതൽ GST സെൽഫ് ഡിക്ലറേഷൻ ഫോം ഹാജരാക്കുന്നതാണെന്നും അറിയിച്ചിരിക്കുന്നു.

## 1-44 ഇ-ടെണ്ടർ-ടെണ്ടർഫോറം വില പഞ്ചായത്തിൽ ഒടുക്കിയിട്ടില്ല

28.09.13 ലെ ജി.ഒ(എം.എസ്) നം.318/2013/തസ്വഭവ പ്രകാരം ഇ-ടെണ്ടർ മുഖേന നടപ്പിലാക്കുന്ന പ്രവൃത്തികളുടെ ഇ.എം.ഡി, ടെണ്ടർ ഫീസ് എന്നിവ ഓൺലൈൻ ആയി ഒടുക്കുന്നതിന് എൽ.എസ്.ജി.ഡി ജില്ലാ എക്സിക്യൂട്ടീവ് എഞ്ചിനിയറുടെ പേരിൽ സീറോ ബാലൻസ് അക്കൗണ്ട് ആരംഭിക്കുന്നതിനും പഞ്ചായത്തിൽ നടപ്പിലാക്കുന്ന മരാമത്ത് പ്രവൃത്തികളുടെ ടെണ്ടർ ഫീസ് ഈ അക്കൗണ്ടിൽ ഒടുക്കാനും നിർദ്ദേശിച്ചിരുന്നു. ഇപ്രകാരം ടെണ്ടർ ഫീസിനത്തിൽ 2021-22 വർഷം പഞ്ചായത്തിന് ലഭിക്കാനുള്ള തുക, തുക ലഭിച്ചിട്ടുണ്ടെങ്കിൽ ആയതിന്റെ വിശദാംശം എന്നിവ ലഭ്യമാക്കുന്നതിന് ആവശ്യപ്പെട്ടുക്കൊണ്ട് നൽകിയ ഓഡിറ്റ് അന്വേഷണം നം. 35/16.02.23 ന് ലഭ്യമാക്കിയ മറുപടി പ്രകാരം 2021-22 വർഷത്തെ ഇ-ടെണ്ടർ ഫീസിനത്തിൽ 168922 രൂപ ലഭ്യമായിട്ടുണ്ടെന്നും ടി തുക പഞ്ചായത്ത് സെക്രട്ടറിയ്ക്ക് കൈമാറുന്നതിനുള്ള നടപടി സ്വീകരിച്ചു വരുന്നതായും അറിയിച്ചിരിക്കുന്നു. 2022 ഡിസംബർ മാസത്തിൽ ലഭിച്ച തുക നാളിതുവരെ പഞ്ചായത്ത് ഫണ്ടിൽ അടവാക്കാത്തതിനുള്ള കാരണം വ്യക്തമാക്കേണ്ടതും വരവുവെച്ച രേഖകൾ സഹിതം മറുപടി ഓഡിറ്റിന് ലഭ്യമാക്കേണ്ടതുമാണ്.

## 1-45 28-ാംമൈൽ മാർക്കറ്റിൽ നിർമ്മിച്ച ഓട, മലിനജല സംസ്കരണ യൂണിറ്റ് എന്നിവ മണ്ണ് മൂടിയ നിലയിൽ- പദ്ധതിപ്പണം പാഴാകുന്നു

| | |
|---|---|
| പദ്ധതിയുടെ പേര് | 28-ാംമൈൽ മാർക്കറ്റിൽ ഓടനിർമ്മാണവും മലിനജല സംസ്കരണവും |
| സ്പിൽ ഓവർ പദ്ധതി നമ്പർ | 141/22 |
| പദ്ധതി അടങ്കൽ | 573485 (വികസന ഫണ്ട് ധനകാര്യ കമ്മീഷൻ അവാർഡ്) |
| പദ്ധതി ചെലവ് | 449290 (വികസന ഫണ്ട് ധനകാര്യ കമ്മീഷൻ അവാർഡ്) |
| നിർവഹണ ഉദ്യോഗസ്ഥൻ | അസിസ്റ്റന്റ് എഞ്ചിനീയർ (തസ്വഭവ) |

28-ാം മൈൽ മാർക്കറ്റിൽ സ്ലാബോടുകൂടിയ ഓടയും മലിനജല സംസ്കരണത്തിനുള്ള യൂണിറ്റും നിർമ്മിക്കുന്നതിനായി 2020-21 ൽ രൂപീകരിച്ച 573485/- രൂപ അടങ്കലുള്ള പ്രവൃത്തി സ്പിൽ ഓവറായി 2021-22 വർഷം 449290/- രൂപ ചെലവഴിച്ച് 10.03.22ന് പൂർത്തീകരിച്ചിട്ടുണ്ട്. എന്നാൽ 17.02.23 ന നടത്തിയ സ്ഥല പരിശോധനയിൽ സ്ലാബോടുകൂടിയ ഓടയുടെ മുകൾവശം ചപ്പുചവറുകൾ മൂടി കിടക്കുന്ന നിലയിലും മലിനജലം ശേഖരിക്കുന്നതിനായി നിർമ്മിച്ച ടാങ്ക്

സ്ഥിതി ചെയ്യുന്ന സ്ഥലം മണ്ണിട്ടു മൂടി സ്ഥാനം തിരിച്ചറിയാൻ കഴിയാത്ത നിലയിലുമാണ് കണ്ടത്. പണി പൂർത്തീകരിച്ച് ഒരു വർഷം പോലും തികയാത്ത പ്രവൃത്തിയുടെ സൈറ്റിലുള്ള മലിനജല സംസ്കരണ യൂണിറ്റ് യാതൊരു സംരക്ഷണവും ഇല്ലാതെ നിലനിർത്തിയിരിക്കുന്നതിന് വിശദീകരണം ലഭ്യമാക്കേണ്ടതാണ്. വൻതുകകൾ ചെലവഴിച്ച് പദ്ധതി ആവിഷ്കരിച്ച് നടപ്പാക്കുമ്പോൾ തുടർപരിപാലനവും മോണിറ്ററിംഗും കൃത്യമായി നടത്തിയില്ലെങ്കിൽ പദ്ധതിപ്പണം പാഴാവും എന്ന വസ്തുത ശ്രദ്ധിക്കേണ്ടതുണ്ട്. മേൽ നിർമ്മിതി അറ്റകുറ്റപ്പണി നടത്തി പ്രവർത്തനക്ഷമമാക്കി വിവരം റിപ്പോർട്ട് ചെയ്യുന്നതിലേക്ക് ഭരണ സമിതിയുടെ ശ്രദ്ധക്ഷണിക്കുന്നു.



## 1-46 എല്ലാ വാർഡുകളിലും മിനി എംസിഎഫ് സ്ഥാപിക്കേണ്ടതാണ്.

| | |
|---|---|
| പദ്ധതിയുടെ പേര് | മിനി എം.സി.എഫ് സ്ഥാപിക്കൽ |
| സ്പിൽ ഓവർ പദ്ധതി നമ്പർ | 174/22 |
| പദ്ധതി അടങ്കൽ | 455400 (വികസന ഫണ്ട് ധനകാര്യ കമ്മീഷൻ അവാർഡ്)<br>1062600 (കേന്ദ്രാവിഷ്കൃത ഫണ്ട്) |
| പദ്ധതി ചെലവ് | 455400 (വികസന ഫണ്ട് ധനകാര്യ കമ്മീഷൻ അവാർഡ്) |
| നിർവഹണ ഉദ്യോഗസ്ഥൻ | അസിസ്റ്റന്റ് എഞ്ചിനീയർ (തസ്വഭവ) |

പഞ്ചായത്തിലെ 22 വാർഡുകളിലും മിനി എംസിഎഫ് സ്ഥാപിക്കുന്നതിനായാണ് 1518000/- രൂപ വകയിരുത്തി 2020-21 ൽ പ്രോജക്ട് രൂപീകരിച്ചത്. 11.11.21 ലെ പഞ്ചായത്ത് കമ്മിറ്റിയുടെ സാധാരണ യോഗത്തിലെ 16(2) തീരുമാനം പ്രകാരം, NREGS പദ്ധതിയിൽ ഉൾപ്പെടുത്തി എല്ലാ വാർഡുകളിലും മിനി എംസിഎഫ് നിർമ്മാണം നടന്നു വരുന്നതിനാൽ 28-ാംമൈൽ മാർക്കറ്റിൽ മാത്രമായി മിനി എംസിഎഫ് നിർമ്മിക്കുന്നതിനായി പ്രസ്തുത പ്രോജക്ട് റിവൈസ് ചെയ്യുന്നതിനായി തീരുമാനിച്ചിരുന്നു. പ്രോജക്ട് റിവൈസ് ചെയ്യുന്നതിനായി തീരുമാനിച്ചു. ആയതിന്റെ അടിസ്ഥാനത്തിൽ സ്പിൽ ഓവറായി 2021-22 വർഷം 455400/- രൂപ ചെലവഴിച്ച് പദ്ധതി പൂർത്തീകരിച്ചിട്ടുണ്ട്. എന്നാൽ നാളിതുവരെ മറ്റു വാർഡുകളിൽ ഒന്നും തന്നെ മിനി എംസിഎഫ് സ്ഥാപിച്ചിട്ടില്ല. സ്ഥലപരിശോധന

നടത്തിയതിൽ എല്ലാ വാർഡുകളിലെയും അസംസ്കൃത വസ്തുക്കൾ ശേഖരിച്ച് 28-ാംമൈൽ മാർക്കറ്റിൽ മാത്രമായി നിർമ്മിച്ചിട്ടുള്ള മിനി എംസിഎഫിലും സ്ഥലപരിമിതി മൂലം മാർക്കറ്റിനുള്ളിൽ തന്നെ പല സ്ഥലങ്ങളിലും ചാക്കുകെട്ടുകളിൽ കൂട്ടിയിരിക്കുന്നതായി കണ്ടു. കൂടാതെ മുകളിലത്തെ നിലയിൽ എംസിഎഫ് നിർമ്മിച്ചിട്ടുള്ളതിനാൽ ചാക്കുകെട്ടുകൾ മുകളിൽ എത്തിക്കുന്നതിന് പ്രായോഗിക ബുദ്ധിമുട്ടുള്ളതായും കാണുന്നു. പ്രസ്തുത സാഹചര്യത്തിൽ എല്ലാ വാർഡുകളിലും മിനി എംസിഎഫ് സ്ഥാപിക്കുന്നതിനുള്ള നടപടി സ്വീകരിക്കേണ്ടതാണ്.





1-47 എസ്എൻവിഎൽപിഎസ് ഇടമൺനിലയിൽ നിർമ്മിച്ച ടോയ്ലറ്റ് ബ്ലോക്ക് - ഉപയോഗിക്കാതെ പൂട്ടിയിട്ടിരിക്കുന്നു

| | |
|---|---|
| പദ്ധതിയുടെ പേര് | എസ്എൻവിഎൽപിഎസ് ഇടമൺനിലയിൽ ടോയ്ലറ്റ് ബ്ലോക്ക് നിർമ്മാണം |
| സ്പിൽ ഓവർ പദ്ധതി നമ്പർ | 168/22 |
| പദ്ധതി അടങ്കൽ | 273621 (വികസന ഫണ്ട് ധനകാര്യ കമ്മീഷൻ അവാർഡ്) |
| പദ്ധതി ചെലവ് | 229527 (വികസന ഫണ്ട് ധനകാര്യ കമ്മീഷൻ അവാർഡ്) |
| നിർവഹണ ഉദ്യോഗസ്ഥൻ | അസിസ്റ്റന്റ് എഞ്ചിനീയർ (തസ്വഭവ) |

എസ്എൻവിഎൽപിഎസ് ഇടമൺനിലയിൽ 3 ടോയ്ലറ്റ് റൂമുകൾ, വരാന്ത, ഒരു യൂറിനൽ എന്നിവ ഉൾപ്പെട്ട ടോയ്ലറ്റ് ബ്ലോക്ക് നിർമ്മിക്കുന്നതിനായാണ് 500000/- രൂപ വകയിരുത്തി 2020-21 ൽ പ്രോജക്ട് രൂപീകരിച്ചത്. 2020-21 ൽ ആരംഭിച്ച പ്രവൃത്തി സ്പിൽ ഓവറായി 2021-22 വർഷം 229527 രൂപ കൂടി ചെലവഴിച്ച് പൂർത്തീകരിച്ചിട്ടുണ്ട്. റിവൈസ്ഡ് എസ്റ്റിമേറ്റ് റിപ്പോർട്ട് പ്രകാരം 3 ടോയ്ലറ്റ് റൂമുകൾ, വരാന്ത, ഒരു യൂറിനൽ എന്നിവയ്ക്ക് പകരം പ്ലാനിൽ 5 ടോയ്ലറ്റ് റൂമുകൾ, വരാന്ത, ഒരു യൂറിനൽ എന്നിവ ഉൾപ്പെടുത്തിയിട്ടുണ്ട്. അതിന്റെ അടിസ്ഥാനത്തിൽ 25.01.22 ലെ പഞ്ചായത്ത് കമ്മിറ്റിയുടെ സാധാരണ യോഗത്തിലെ 1(4) തീരുമാനം പ്രകാരം, സ്കൂൾ പിടിഎയുടെയും സ്റ്റാഫിന്റെയും ജനപ്രതിനിധികളുടെയും അഭിപ്രായപ്രകാരം 6 ടോയ്ലറ്റുകളും ഒരു വരാന്തയും നിർമ്മിക്കുന്നതിനായി പ്രോജക്ട് റിവൈസ് ചെയ്യുന്നതിനായി തീരുമാനിച്ചിരുന്നു. എന്നാൽ സ്ഥലപരിശോധനയിൽ പെൺകുട്ടികൾക്കായി നിർമ്മിച്ചിട്ടുള്ള 5 ടോയ്ലറ്റ് റൂമുകളിൽ 3 എണ്ണം ഉപയോഗിക്കാതെ പൂട്ടിയിട്ടിരിക്കുന്നതായി കണ്ടു. കൂടാതെ ആൺകുട്ടികളുടെയും പെൺകുട്ടികളും ടോയ്ലറ്റ് ഒരു കെട്ടിടത്തിൽ തന്നെയാണ് നിർമ്മിച്ചിട്ടുള്ളതെങ്കിലും ആൺകുട്ടികളുടെ യൂറിനലിന് ഡോർ സ്ഥാപിച്ചിട്ടില്ല എന്നു കണ്ടു. ഇപ്രകാരം പ്രോജക്ട് റിവൈസ് ചെയ്ത് അധികമായി നിർമ്മിച്ച ടോയ്ലറ്റുകൾ ഉപയോഗിക്കാതെ പൂട്ടിയിട്ടിരിക്കുന്നതിനുള്ള കാരണം വ്യക്തമാക്കേണ്ടതും അവ കുട്ടികൾക്ക് തുറന്നു കൊടുക്കുന്നതിനുള്ള നടപടി സ്വീകരിക്കേണ്ടതുമാണ്. പദ്ധതിപ്പണം ഉപയോഗിച്ച് നിർമ്മിതികൾ നടത്തി തുടർ പരിപാലനം നടത്താതിരിക്കുന്നത് പണം പാഴാക്കുന്നതിന് തുല്യമായി വിലയിരുത്തുന്നു.

ഭാഗം -2

## വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -3

## ചെലവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

### 4-1 സംയുക്തപ്രോജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | വർഷം | മുന്നിരിപ്പ് | തൻ വർഷം ലഭിച്ച തുക | പ്രോജക്ടിന്റെ പേര് | ചെലവഴിച്ച തുക | നീക്കിയിരിപ്പ് |
|---|---|---|---|---|---|---|
| ബ്ലോക്ക് പഞ്ചായത്ത് | 2021-22 | 0 | 680000 | കേദാരം സമഗ്ര നെൽകൃഷി | 680000 | 0 |
| | | 0 | 2050000 | ലൈഫ് ഭവനപദ്ധതി (എസ് സി പി) | 2050000 | 0 |
| | | 0 | 100000 | ന്യൂ ലൈഫ് ഭവനപദ്ധതി (ജനറൽ) | 100000 | 0 |
| | | 0 | 498750 | സ്നേഹസ്പർശം - ഭിന്നശേഷി കുട്ടികൾക്ക് സ്കോളർഷിപ്പ് | 498750 | 0 |
| | | 0 | 299281 | ക്ഷീര സമൃദ്ധി - ക്ഷീകർഷകർക്ക് പാലിന് സബ്സിഡി (ജനറൽ) | 299281 | 0 |
| | | 0 | 500000 | ക്ഷീര സമൃദ്ധി - ക്ഷീകർഷകർക്ക് പാലിന് സബ്സിഡി (വനിത) | 500000 | 0 |
| | | 1250948 | 0 | മുൻ വർഷത്തെ മറ്റ് പ്രോജക്ടുകൾ | 0 | 1250948 |
| ആകെ | | 1250948 | 4128031 | | 4128013 | 1250948 |
| ജില്ലാ പഞ്ചായത്ത് | 2020-21 | 0 | 1360000 | കേദാരം സമഗ്ര നെൽകൃഷി | 1360000 | 0 |
| | | 0 | 100000 | ലൈഫ് ഭവനപദ്ധതി (എസ് സി പി) | 100000 | 0 |
| | | 0 | 1875800 | ലൈഫ് ഭവനപദ്ധതി (എസ് സി പി) | 1875800 | 0 |
| | | 0 | 1000000 | ന്യൂ ലൈഫ് ഭവനപദ്ധതി (ജനറൽ) | 1000000 | 0 |
| | | 0 | 397875 | സ്നേഹസ്പർശം - ഭിന്നശേഷി കുട്ടികൾക്ക് സ്കോളർഷിപ്പ് | 397875 | 0 |
| | | 0 | 172223 | ക്ഷീര സമൃദ്ധി - ക്ഷീകർഷകർക്ക് പാലിന് സബ്സിഡി (ജനറൽ) | 172223 | 0 |
| | | 0 | 500000 | ക്ഷീര സമൃദ്ധി - ക്ഷീകർഷകർക്ക് പാലിന് സബ്സിഡി (വനിത) | 500000 | 0 |
| | | 177196 | 0 | മുൻ വർഷത്തെ മറ്റ് പ്രോജക്ടുകൾ | 0 | 1120240 |

| | | | | | | |
|---|---|---|---|---|---|---|
| ആകെ | | 177196 | 5405898 | | 5405898 | 177196 |

| | 2020-21 B-4 ഷെഡ്യൂൾ പ്രകാരം മുന്നിരിപ്പ് | 2021-22 RP-7 പ്രകാരം വരവ് | ആകെ | സുലേഖ പത്രിക പ്രകാരം ചെലവ് | നീക്കിയിരിപ്പ് | തിരിച്ചടവ് | 2021-22 B-4 ഷെഡ്യൂൾ പ്രകാരം നീക്കിയിരിപ്പ് |
|---|---|---|---|---|---|---|---|
| ബ്ലോക്ക് പഞ്ചായത്ത് വിഹിതം | 1250948 | 4136752 | 5387700 | 4128031 | 1259669 | 0 | 1250948 * |
| ജില്ലാ പഞ്ചായത്ത് വിഹിതം | 177196 | 5405898 | 5583094 | 5405898 | 177196 | 0 | 177196 |

* നീക്കിയിരിപ്പ് തുകയിൽ 8721/- രൂപയുടെ വ്യത്യാസം കാണുന്നു. പ്രസ്തുത പൊരുത്തക്കേട് പരിഹരിക്കേണ്ടതാണ്.

## 4-2 നിക്ഷേപ പ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ

| നിർവഹണ ഏജൻസി | മുൻ ബാക്കി | പ്രവൃത്തിയുടെ പേര് | മുൻകൂർ നൽകിയ തുക | ചെലവഴിച്ച തുക | ബാക്കി തുക | വിനിയോഗ സാക്ഷ്യപത്രം ലഭിച്ചത് | നീക്കിയിരിപ്പ് തുക |
|---|---|---|---|---|---|---|---|
| | | 2021-22 | | | | | |
| കേരള വാട്ടർ അതോറിറ്റി | 2394278 | 126/22-വിവിധ വാർഡുകളിൽ കുടിവെള്ള പൈപ്പ് ലൈൻ എക്സ്റ്റൻഷൻ | 3745000 | - | 3745000 | - | 8278278 |
| | | 217/22-പൈപ്പ് ലൈൻ ദീർഘിപ്പിക്കൽ | 2139000 | - | 2139000 | - | |
| | | ആകെ | * 5884000 | | 5884000 | | |
| കെ.എസ്.ഇ.ബി | 1661023 | 190/22-മേനാപ്പാറ വാർഡിൽ സ്ട്രീറ്റ് ലൈൻ എക്സ്റ്റൻഷൻ | 99946 | - | 99946 | - | 3153723 |
| | | 213/22-സ്ട്രീറ്റ് ലൈൻ എക്സ്റ്റൻഷൻ | 1392754 | - | 1392754 | - | |
| | | ആകെ | ** 1492700 | | 1492700 | | |
| ഭൂജല വകുപ്പ് | 7917967 | 121/22-78-ാം നമ്പർ അങ്കണവാടിയിൽ കുടിവെള്ള സൗകര്യം | 174000 | - | 174000 | - | 8906109 |
| | | 123/22-28-ാം മൈൽ പൊതുടോയ്‌ലറ്റിൽ കുഴൽക്കിണർ കുഴിച്ച് മോട്ടോറും ടാങ്കും സ്ഥാപിക്കൽ | 237000 | - | 237000 | - | |
| | | 216/22-22-ാം വാർഡിൽ കുഴൽക്കിണർ നിർമ്മാണം | 90959 | - | 90959 | - | |
| | | 195/22-കുഴൽക്കിണർ മെയിന്റനൻസ് | 486183 | - | 486183 | - | |
| | | ആകെ | *** 988142 | | 988142 | | |

* സുലേഖ സ്റ്റേറ്റ്മെന്റ് പ്രകാരം 2021-22 ൽ സെക്രട്ടറി നിർവ്വഹണം നടത്തിയ പ്രോജക്ട് നം. 126/22-വിവിധ

വാർഡുകളിൽ കുടിവെള്ള പൈപ്പ് ലൈൻ എക്സ്റ്റെൻഷൻ പദ്ധതിയുടെ ഭാഗമായി 3745000 രൂപ, പ്രോജക്റ്റ് നം. 217/22-പൈപ്പ് ലൈൻ ദീർഘിപ്പിക്കൽ പദ്ധതിയുടെ ഭാഗമായി 2139000 രൂപ എന്നിങ്ങനെ ആകെ 5884000/- രൂപ കേരള വാട്ടർ അതോറിറ്റിയ്ക്ക് അനുവദിച്ചിട്ടുള്ളതിന്റെ ചെലവ് വാർഷിക കണക്കിൽ RP-49 ഡെപ്പോസിറ്റ് ഹെഡ്ഡിൽ വന്നിട്ടില്ല. RP-40 ഹെഡ്ഡിലാണ് 2139000/- രൂപയുടെ ചെലവ് ഉൾപ്പെടുത്തിയിട്ടുള്ളത്. കൂടാതെ 2021-22 വർഷം വിനിയോഗ സാക്ഷ്യപത്രം ലഭിച്ചിട്ടില്ലാത്ത 2139000/- രൂപയെ ബാലൻസ് ഷീറ്റിൽ ഉൾപ്പെടുത്തിയിട്ടുമില്ല.

** സുലേഖ സ്റ്റേറ്റ്മെന്റ് പ്രകാരം 2021-22 ൽ സെക്രട്ടറി നിർവ്വഹണം നടത്തിയ പ്രോജക്റ്റ് നം. 190/22-മേനാപ്പാറ വാർഡിൽ സ്ട്രീറ്റ് ലൈൻ എക്സ്റ്റെൻഷൻ പദ്ധതിയുടെ ഭാഗമായി 99946 രൂപ, 213/22-സ്ട്രീറ്റ് ലൈൻ എക്സ്റ്റെൻഷൻ പദ്ധതിയുടെ ഭാഗമായി 1392754/- രൂപ എന്നിങ്ങനെ ആകെ 1492700/- രൂപ കെ.എസ്.ഇ.ബിയ്ക്ക് അനുവദിച്ചിട്ടുള്ളതിന്റെ ചെലവ് വാർഷിക കണക്കിൽ RP-49 ഡെപ്പോസിറ്റ് ഹെഡ്ഡിൽ ഉൾപ്പെടുത്തിയിട്ടില്ല. കൂടാതെ 2021-22 വർഷം വിനിയോഗ സാക്ഷ്യപത്രം ലഭിച്ചിട്ടില്ലാത്ത 99946 രൂപയെ ബാലൻസ് ഷീറ്റിൽ ഉൾപ്പെടുത്തിയിട്ടുമില്ല.

*** സുലേഖ സ്റ്റേറ്റ്മെന്റ് പ്രകാരം 2021-22 ൽ സെക്രട്ടറി നിർവ്വഹണം നടത്തിയ പ്രോജക്റ്റ് നം. 121/22-78-ാം നമ്പർ അങ്കണവാടിയിൽ കുടിവെള്ള സൗകര്യം പദ്ധതിയുടെ ഭാഗമായി 174000/- രൂപ, 123/22-28-ാം മൈൽ പൊതുടോയ്‌ലറ്റിൽ കുഴൽക്കിണർ കുഴിച്ച് മോട്ടോറും ടാങ്കും സ്ഥാപിക്കൽ പദ്ധതിയുടെ ഭാഗമായി 237000/- രൂപ, 216/22-22-ാം വാർഡിൽ കുഴൽക്കിണർ നിർമ്മാണം പദ്ധതിയുടെ ഭാഗമായി 90959/- രൂപ, 195/22-കുഴൽക്കിണർ മെയിന്റനൻസ് പദ്ധതിയുടെ ഭാഗമായി 486183 രൂപ എന്നിങ്ങനെ ആകെ 8906109 രൂപ ഭൂജല വകുപ്പിന് അനുവദിച്ചിട്ടുള്ളതിന്റെ ചെലവ് വാർഷിക കണക്കിൽ RP-49 ഡെപ്പോസിറ്റ് ഹെഡ്ഡിൽ ഉൾപ്പെടുത്തിയിട്ടില്ല. കൂടാതെ 2021-22 വർഷം വിനിയോഗ സാക്ഷ്യപത്രം ലഭിച്ചിട്ടില്ലാത്ത പ്രസ്തുത തുകകളെ ബാലൻസ് ഷീറ്റിൽ ഉൾപ്പെടുത്തിയിട്ടുമില്ല. ബാലൻസ് ഷീറ്റ് പ്രകാരമുള്ള നീക്കിയിരിപ്പ് 2020-21 ബാലൻസ് ഷീറ്റ് പ്രകാരമുള്ള തുകയായ 7917967 തന്നെയാണ്.

| | 2020-21 B-18 ഷെഡ്യൂൾ പ്രകാരം മുന്നിരിപ്പ് | 2021-22 വർഷത്തെ നിക്ഷേപം RP-49 | ആകെ | വിനിയോഗ സാക്ഷ്യപത്രം ലഭിച്ചത് | നീക്കിയിരിപ്പ് | 2021-22 B-18 ഷെഡ്യൂൾ പ്രകാരം നീക്കിയിരിപ്പ് |
|---|---|---|---|---|---|---|
| കേരള വാട്ടർ അതോറിറ്റി | 2394278 | - | 2394278 | - | 2394278 | 6139278 * |
| കെ.എസ്.ഇ.ബി | 1631023 | - | 1631023 | - | 1631023 | 3023777 ** |
| ഭൂജല വകുപ്പ് | 7917967 | - | 7917967 | - | 7917967 | 7917967 |

* 126/22-വിവിധ വാർഡുകളിൽ കുടിവെള്ള പൈപ്പ് ലൈൻ എക്സ്റ്റെൻഷൻ പദ്ധതിയുടെ ഭാഗമായി നിക്ഷേപിച്ച 3745000/- രൂപ കൂടി ഉൾപ്പെട്ടത്.

** 213/22-സ്ട്രീറ്റ് ലൈൻ എക്സ്റ്റെൻഷൻ പദ്ധതിയുടെ ഭാഗമായി നിക്ഷേപിച്ച 1392754/- രൂപ കൂടി ഉൾപ്പെട്ടത്.

## 4-3 മൊബിലൈസേഷൻ അഡ്വാൻസ്

ഇല്ല

## 4-4 വായ്പ/വായ്പാ തിരിച്ചടവ്

| വായ്പ വിവരം | ഉത്തരവ്/ നമ്പർ/ തീയതി | വർഷാരംഭത്തിൽ തിരിച്ചടയ്ക്കുവാൻ ബാക്കിയുണ്ടായിരുന്ന തുക | തൻവർഷം ലഭിച്ച തുക | തൻവർഷം തിരിച്ചടച്ച തുക | തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|
| HUDCO | സ.ഉ.(കൈ)68/2018/ തസ്വഭവ, തീ.18.05.2018 | 38403871 | 2220000 | 4752001 | 35871870 |

## 4-5 സ്ഥിരനിക്ഷേപങ്ങൾ

| എഫ്. ഡി നം. | ബാങ്ക് | തുക |
|---|---|---|
| 37193 | തിരുവനന്തപുരം ജില്ലാ കോ- ഓപ്പറേറ്റീവ് ബാങ്ക്, കല്ലമ്പലം ശാഖ | 345022 |

## 4-6 ഓഡിറ്റ് റിക്കവറി

ഇല്ല

## 4-7 സമാഹൃത ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളുടെ വിവരം

ഇല്ല

4-8 ചാർജ്ജ് സർചാർജ്ജ് നടപടികളുടെ വിവരം

ഇല്ല

4-9 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | |
|---|---|
| മുന്നിരിപ്പ് | 1,11,24,207 |
| ഓഡിറ്റ് വർഷത്തെ വരവ് | 18,17,44,054 |
| ആകെ | 19,28,68,261 |
| ഓഡിറ്റ് വർഷത്തെ ചെലവ് | 17,32,65,720 |
| നീക്കിയിരിപ്പ് | 1,96,02,541 |
| വരവിനങ്ങളിലുള്ള നഷ്ടം | - |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | - |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 1,14,71,837 |

(ബി) പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

ഇല്ല.

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 1-21 | 55,75,000 | ശ്രീ ഷിബു.എ, വി ഇ ഒ II |
| 1-22 | 92,460 | ശ്രീ ഷിബു.എ, വി ഇ ഒ II |
| 1-25 | 20,81,459<br>37,22,918 | ശ്രീ.ബെൽജിത്ത് ജീവൻ, സെക്രട്ടറി,<br>ശ്രീ.സുധീരൻ.എം.എസ്, സെക്രട്ടറി |
| ആകെ | 1,14,71,837 | |

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| ഇല്ല. | | |

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല.

(ഇ)റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിന് / തടസ്സത്തിന് ഉത്തരവാദികളായവരുടെ പേരും സ്ഥിരം മേൽവിലാസവും

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) | സ്ഥിരം മേൽവിലാസം |
|---|---|---|

| | | |
|---|---|---|
| | ഔദ്യോഗിക മേൽവിലാസം | |
| ശ്രീ.ഷിബു.എ | വി.ഇ.ഒ, മലപ്പുറം ജില്ല, തിരൂർ ബ്ലോക്ക് | കോണത്ത് വീട്, നടയറ, വർക്കല.പി.ഒ |
| ശ്രീ.ബെൽജിത്ത് ജീവൻ | സെക്രട്ടറി | ദേവി പ്രസാദം, കൊട്ടുവഴന്നൂർ പി.ഒ |
| ശ്രീ.സുധീരൻ.എം.എസ് | സെക്രട്ടറി | ശ്രീദളം, ചിറ്റാറ്റിൻകര, വട്ടിയൂർക്കാവ് പി.ഒ |

## 4-10 തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം |
|---|---|---|
| 2000-01 | കെ.എസ്.എ.റ്റി.വി.എം/ജി.പി.12/1942/2022 തീയതി. 14.10.2022 | 1 |
| 2003-04 | കെ.എസ്.എ.റ്റി.വി.എം/ജി.പി.12/1942/2022 തീയതി. 14.10.2022 | 1 |
| 2004-05 | കെ.എസ്.എ.റ്റി.വി.എം/ജി.പി.12/1942/2022 തീയതി. 14.10.2022 | 4 |
| 2005-06 | കെ.എസ്.എ.റ്റി.വി.എം/ജി.പി.12/1942/2022 തീയതി. 14.10.2022 | 6 |
| 2006-07 | കെ.എസ്.എ.റ്റി.വി.എം/ജി.പി.12/1942/2022 തീയതി. 14.10.2022 | 3 |
| 2007-08 | കെ.എസ്.എ.റ്റി.വി.എം/ജി.പി.12/1942/2022 തീയതി. 14.10.2022 | 4 |
| 2008-09 | കെ.എസ്.എ.റ്റി.വി.എം/ജി.പി.12/1942/2022 തീയതി. 14.10.2022 | 2 |
| 2009-10 | കെ.എസ്.എ.റ്റി.വി.എം/ജി.പി.12/1942/2022 തീയതി. 14.10.2022 | 4 |
| 2010-11 | കെ.എസ്.എ.റ്റി.വി.എം/ജി.പി.12/1942/2022 തീയതി. 14.10.2022 | 3 |
| 2011-12 | കെ.എസ്.എ.റ്റി.വി.എം/ജി.പി.12/1942/2022 തീയതി. 14.10.2022 | 16 |
| 2012-13 | കെ.എസ്.എ.റ്റി.വി.എം/ജി.പി.12/1942/2022 തീയതി. 14.10.2022 | 8 |
| 2013-14 | കെ.എസ്.എ.റ്റി.വി.എം/ജി.പി.12/1942/2022 തീയതി. 14.10.2022 | 12 |
| 2014-15 | കെ.എസ്.എ.റ്റി.വി.എം/ജി.പി.12/1942/2022 തീയതി. 14.10.2022 | 4 |
| 2015-16 | കെ.എസ്.എ.റ്റി.വി.എം/ജി.പി.12/1942/2022 തീയതി. 14.10.2022 | 10 |
| 2016-17 | കെ.എസ്.എ.റ്റി.വി.എം/ജി.പി.12/1942/2022 തീയതി. 14.10.2022 | 8 |
| 2017-18 | കെ.എസ്.എ.റ്റി.വി.എം/ജി.പി.9/498/2019 തീയതി. 01.10.2019 | 19 |
| 2018-19 | കെ.എസ്.എ.റ്റി.വി.എം/ജി.പി.9/403/2020 തീയതി. 03.06.2020 | 40 |
| 2019-20 | കെ.എസ്.എ.റ്റി.വി.എം/ജി.പി.9/1739/2021 | 67 |
| 2020-21 | കെ.എസ്.എ.റ്റി.വി.എം/ജി.പി.9/1018/2022 | 41 |

ഡെപ്യൂട്ടി ഡയറക്ടർ (ഹ.ഗ്രേ)
ജില്ലാ ഓഡിറ്റ് കാര്യാലയം, തിരുവനന്തപുരം
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

## അനുബന്ധം-1

## ഓഡിറ്റ് സാക്ഷ്യപത്രം

1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ 4-ാം വകുപ്പും 1994-ലെ കേരള പഞ്ചായത്ത്‌രാജ് നിയമത്തിന്റെ 215-ാം വകുപ്പും അനുസരിച്ചും പഞ്ചായത്ത്‌രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ് ട്രോളർ & ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾക്ക് വിധേയമായി വകുപ്പിന് ബാധകമായ ഓഡിറ്റ് നിലവാരങ്ങളും നിയമങ്ങളും ചട്ടങ്ങളും അനുസരിച്ച് വാർഷിക ധനകാര്യ പത്രികകളുടെ ഓഡിറ്റ് ക്രമപ്പെടുത്തുന്നതിന് നിയോഗിക്കപ്പെട്ട പ്രത്യേക സമിതി തയ്യാറാക്കി 12.02.2021-ലെ യോഗത്തിൽ വകുപ്പ് അംഗീകരിച്ച ഓഡിറ്റ് രീതികളും സോഫ്റ്റ്‌വെയർ ക്രമീകരണങ്ങളും പ്രകാരം 2021-2022 വർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു. എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ തിരുവനന്തപുരം ജില്ലയിലെ നാവായിക്കുളം ഗ്രാമപഞ്ചായത്തിന്റെ 2021-2022-ലെ വാർഷിക ധനകാര്യ പത്രിക വരവു ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ(ഹ.ഗ്രേ)
ജില്ലാ ഓഡിറ്റ് കാര്യാലയം, തിരുവനന്തപുരം
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

## അനുബന്ധം-2

## ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം

തിരുവനന്തപുരം ജില്ലയിലെ നാവായിക്കുളം ഗ്രാമപഞ്ചായത്തിന്റെ 2021-2022 വർഷത്തെ വിവിധ ഗ്രാന്റുകളുടെ വിനിയോഗം, 23.01.2021-ലെ സ.ഉ(കൈ) 16/2021/തസ്വഭവ പ്രകാരം സ്ഥാപനം സാക്ഷ്യപ്പെടുത്തി നൽകിയിട്ടുള്ള ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ അനുബന്ധം-1ൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരം പരിശോധിച്ച് ഗ്രാന്റുകളുടെ വിനിയോഗത്തെ കുറിച്ചുള്ള നിരീക്ഷണങ്ങൾ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതിന് വിധേയമായി സ്ഥാപനത്തിന്റെ ഗ്രാന്റുകളുടെ വിനിയോഗം സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ(ഹ.ഗ്രേ)
ജില്ലാ ഓഡിറ്റ് കാര്യാലയം, തിരുവനന്തപുരം
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്